## അനുബന്ധം ഒന്ന്

# അഭിമുഖത്തിൽ പങ്കെടുത്ത മുടിയേറ്റ്കലാകാരന്മാർ

**ശ്രീദുർഗ്ഗ കലാലയം മുടിയേറ്റുസംഘം, കുന്നയ്ക്കാൽ**

1. നാരായണക്കുറുപ്പ് (55) കാവുംപുറത്ത് വീട്, കുന്നയ്ക്കാൽ പി.ഒ., മൂവാറ്റുപുഴ.

2. ശശീന്ദ്രക്കുറുപ്പ് (51) കാവുംപുറത്ത് വീട്, കുന്നയ്ക്കാൽ പി.ഒ., മൂവാറ്റുപുഴ.

3. ബാലകൃഷ്ണക്കുറുപ്പ് (45) കാവുംപുറത്ത് വീട്, കുന്നയ്ക്കാൽ പി.ഒ., മൂവാറ്റുപുഴ.

**ശ്രീഭദ്ര മുടിയേറ്റുസംഘം, കോഴിപ്പിള്ളി**

1. മോഹനൻ (55) പാലപ്പിള്ളിൽ കോഴിപ്പിള്ളി പി.ഒ. കോതമംഗലം

2. നാരായണൻ (60) കാവുംപുറത്ത് ഇരിങ്ങോൾ പി.ഒ. പെരുമ്പാവൂർ

**പാഴൂർ ദാമോദരമാരാർ സ്മാരക മുടിയേറ്റുസംഘം**

| | | | |
|---|---|---|---|
| 1. | പാഴൂർ നാരായണമാരാർ | (42) | കണ്ണാട്ട് വീട്,<br>പാഴൂർ പി.ഒ.,<br>പിറവം. |
| 2. | തിരുമറയൂർ മുരളീധരമാരാർ | (60) | കുഴിക്കണ്ടത്തിൽ വീട്,<br>തിരുമറയൂർ പി.ഒ.,<br>ആരക്കുന്നം. |
| 3. | തിരുമറയൂർ ഗിരിജൻമാരാർ | (46) | പുന്നയ്ക്കൽ വീട്,<br>കൈപ്പട്ടൂർ പി.ഒ.,<br>ആരക്കുന്നം. |

**ശങ്കരൻകുട്ടിമാരാർ മുടിയേറ്റുസംഘം, കീഴില്ലം**

| | | | |
|---|---|---|---|
| 1. | കീഴില്ലം ഉണ്ണിക്കൃഷ്ണൻമാരാർ | (42) | കൂത്തുവാതുക്കൽ,<br>കീഴില്ലം പി.ഒ.,<br>പെരുമ്പാവൂർ. |
| 2. | കീഴില്ലം ഗോപാലകൃഷ്ണൻമാരാർ | (55) | കൂത്തുവാതുക്കൽ,<br>കീഴില്ലം പി.ഒ,.<br>പെരുമ്പാവൂർ. |

**ശ്രീഭദ്ര മുടിയേറ്റുസംഘം, കുറ്റുമാനൂർ, പുത്തൻകുരിശ്**

| | | | |
|---|---|---|---|
| 1. | അപ്പുക്കുട്ടമാരാർ | (65) | മാരാത്ത്,<br>കുറ്റുമാനൂർ,<br>പുത്തൻകുരിശ്. |
| 2. | സുനിൽകുമാർ | (34) | മാരാത്ത്,<br>കുറ്റുമാനൂർ,<br>പുത്തൻകുരിശ്. |

**ശ്രീഭദ്ര മുടിയേറ്റുസംഘം, തിരുമറയൂർ**

| | | | |
|---|---|---|---|
| 1. | തിരുമറയൂർ വിജയൻമാരാർ | (50) | നമ്പൂതുരുത്തേൽ,<br>തിരുമറയൂർ പി.ഒ.,<br>ആരക്കുന്നം. |
| 2. | ഗോപാലകൃഷ്ണൻ | (55) | താഴ്ത്തേകോവാട്ട്,<br>വീട്ടൂർ, നെല്ലാട് പി.ഒ.,<br>മൂവാറ്റുപുഴ. |

**ശ്രീഭദ്രാ മുടിയേറ്റുസംഘം, കൊരട്ടി**

| | | |
|---|---|---|
| 1. | വാരണാട്ട് ശങ്കരനാരായണക്കുറുപ്പ് (68) | വാരണാട്ട് വീട്,<br>കൊരട്ടി സൗത്ത്,<br>തൃശൂർ. |

2. വാരണാട്ട് ഗോപാലക്കുറുപ്പ് (60) വാരണാട്ട് വീട്,
കൊരട്ടി സൗത്ത്,
തൃശൂർ.

**കിഴക്കെവാരണാട്ട് മുടിയേറ്റുകലാസംഘം, കൊരട്ടി**

1. വാരണാട്ട് നാരായണക്കുറുപ്പ് (63) കിഴക്കെവാരണാട്ട്,
കൊരട്ടി സൗത്ത്,
തൃശൂർ.

2. രമേശ് കുറുപ്പ് (77) കിഴക്കെവാരണാട്ട്,
കൊരട്ടി സൗത്ത്,
തൃശൂർ.

**വാരണാട്ട് മുടിയേറ്റുസംഘം**

1. മന്മഥക്കുറുപ്പ് (55) വാരണാട്ട്,
കൊരട്ടി,
തൃശൂർ.

2. രാജുകുറുപ്പ് (58) വാരണാട്ട്,
കൊരട്ടി,
തൃശൂർ.

## അനുബന്ധം രണ്ട്

# മുടിയേറ്റ്കലാകാരന്മാരുമായുള്ള അഭിമുഖം

കേരളത്തിലെ ഒമ്പത് മുടിയേറ്റ്സംഘങ്ങളിൽപ്പെട്ട കലാകാരന്മാരുമായിഅഭിമുഖസംഭാഷണംനടത്തി.അഭിമുഖത്തിൽ പങ്കെടുത്ത കലാകാരന്മാരെക്കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്. പലകലാകാരന്മാരുടെയും അഭിപ്രായങ്ങൾക്ക് സമാനസ്വഭാവമുള്ളതിനാൽ അവ പ്രത്യേകം പ്രത്യേകം ചേർക്കുന്നില്ല. പലപ്പോഴായി നടത്തിയ സംഭാഷണങ്ങളിൽനിന്നും ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളുടെ ക്രോഡീകരണമാണ് ചുവടെ ചേർത്തിരിക്കുന്നത്.

1. കലാകാരന്മാർ എന്ന നിലയിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെ?

മുടിയേറ്റ് കലാകാരൻ എന്ന നിലയിൽ അറിയപ്പെടുന്നതിൽ അഭിമാനിക്കുന്നു. ഒരു കലാകാരൻ എന്നനിലയിൽ ബുദ്ധിമുട്ടൊന്നും ഇല്ല എന്നുമാത്രമല്ല ഇത് സ്നേഹത്തേക്കാളുപരി ബഹുമാനവും അംഗീകാരവും നൽകുന്നു എന്ന് ഗിരിജനെപ്പോലുള്ളവർ പറയുമ്പോൾതന്നെ നാടകം, ഗാനമേള പോലുള്ള കലാപരിപാടികളിൽ കലാകാരന്മാർക്ക് ലഭിയ്ക്കുന്നത്ര അംഗീകാരം അനുഷ്ഠാനകലകൾ അവതരിപ്പിക്കുന്നവർക്ക് ലഭിയ്ക്കുന്നില്ല എന്ന പരാതിയും ഉണ്ട്.

2. മുടിയേറ്റിന്റെ അവതരണത്തിന് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനോട് യോജിക്കുന്നുണ്ടോ ?

ഈ ചോദ്യത്തിന് സമ്മിശ്രപ്രതികരണമാണുണ്ടായത്. യാഥാസ്ഥിതികരായ കലാകാരന്മാർ ഇതിന്റെ പഴമയ്ക്കും പ്രൗഢിയ്ക്കും കോട്ടംതട്ടാതെ ഇതേനിലയിൽത്തന്നെ നിലനിർത്തണമെന്നും ഇതിന്

ആസ്വാദകർ ഒരു പ്രശ്നമല്ലെന്നും ക്ഷേത്രത്തിലെ അനുഷ്ഠാനചടങ്ങാണ് മുടിയേറ്റെന്നും ഇതിനെ ഒരു കലാരൂപമായിട്ടല്ല കാണേണ്ടതെന്നും പറയുമ്പോൾ, മറ്റുകലകളെപ്പോലെതന്നെ ഇതിന്റെ നിലനിൽപ്പിനും സമൂഹം ആവശ്യമാണെന്നും അതുകൊണ്ട് സമൂഹത്തിന്റെ അഭിരുചിക്കനുസരിച്ച് കാലാനുസൃതമായ മാറ്റംവരുത്തണമെന്നും മറ്റുചിലർ അഭിപ്രായപ്പെട്ട തോടൊപ്പം ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങളാണ് വരുത്താൻകഴിയുക എന്നും നിർദേശിച്ചു. അവ :

1. ആഹാര്യം (വേഷം) കാലത്തിനനുസരിച്ച് ആകർഷകമാക്കാവുന്നതാണ്.
2. മുടിയുടെ അമിതമായ ഭാരംകുറച്ച് പുന:ക്രമീകരിക്കണമെന്ന് ഒരുവിഭാഗവും എന്നാൽ ദേവിയുടെ മുടിയ്ക്ക് എത്ര ഭാരമുണ്ടെങ്കിലും കാളിവേഷം കെട്ടിക്കഴിഞ്ഞാൽ മുടിയുടെ ഭാരം അറിയാറെയില്ലെന്ന് മറുവിഭാഗവും പറയുന്നു.
3. അഭിനയം കുറേക്കൂടി നിഷ്കർഷയോടുകൂടി ചിട്ടപ്പെടുത്തുകയും രംഗപ്രവേശത്തിനും നിഷ്ക്രമനത്തിനും കൃത്യത ഉറപ്പു വരുത്തുകയും വേണം.
4. തോറ്റത്തിന്റെ സാഹിത്യത്തിലെ വാചികഭാഗങ്ങൾചേർത്ത് സംഗീതാത്മകമാക്കുക. തോറ്റം, അവതാരകൻ ദേവിയോട് പറയുന്നതാകയാൽ ഇതിന് മാറ്റമൊന്നും വരുത്തരുതെന്ന് പറയുന്നവരുമുണ്ട്.

3. മുടിയേറ്റിന്റെ ഭാവി എന്താണ് ?

ദേവീസാന്നിധ്യവും ശക്തിയുമുള്ള അർച്ചനയാണ് ‘മുടിയേറ്റ്’ പോലുള്ള അനുഷ്ഠാനകലകൾ. അതുകൊണ്ട് ഇതൊരിക്കലും നശിക്കില്ലെന്നും എന്നെന്നും നിലനിൽക്കുമെന്നും മാത്രമല്ല ഇതിന്റെ ഭാവി

ശ്രേയസ്കരമാണെന്നും ഇവർ വിശ്വസിക്കുന്നു. ഇതിനെ ജനങ്ങളോട് കൂടുതൽ അടുപ്പിക്കുന്നതിനായി ഇതിനോട് താൽപര്യമുള്ള ഹിന്ദു സമുദായത്തിൽപ്പെട്ട എല്ലാവിദ്യാർഥികളെയും അഭ്യസിപ്പിക്കുകയാണെങ്കിൽ ഈ രംഗത്ത് കൂടുതൽ കഴിവും ഭാവിയുമുള്ള കലാകാരന്മാരെ കൊണ്ടുവരുവാൻ കഴിയുമെന്നും ഇവരിൽ ചിലർ അഭിപ്രായപ്പെട്ടു. ഇത്തരം അനുഷ്ഠാനകലകളുടെ ചിട്ടയോടുകൂടിയുള്ള അഭ്യസനം ചിട്ടയോടുകൂടിയ ജീവിതത്തിനും സഹായിക്കും. അതുകൊണ്ട് ക്ഷേത്രാചാരം അനുഷ്ഠിക്കുന്നവരും ഭക്തിയും വിശ്വാസവും താൽപര്യവുമുള്ള ആർക്കും ഇത് അഭ്യസിക്കാം.

4. കാവുകളിൽഅവതരിപ്പിക്കുന്ന അനുഷ്ഠാനകലയായ മുടിയേറ്റ് പൊതുവേദികളിൽ അവതരിപ്പിക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം ?

കാവും കാവിന്റെ പരിസരവുംവിട്ട് മുടിയേറ്റ് അവതരിപ്പിക്കുന്നതിനോട് ഒട്ടും യോജിപ്പില്ലെന്ന് യാഥാസ്ഥിതികർ പറഞ്ഞപ്പോൾ ഇതേ ചോദ്യത്തിനുതന്നെ, സാമ്പത്തികമാണ് എല്ലാത്തിനും അടിസ്ഥാനമെന്നും, ഈ കലകൊണ്ട് ജീവിക്കുന്നവരാണ് തങ്ങളെന്നും ഒരുത്സവകാലം കഴിഞ്ഞാൽ അടുത്ത ഉത്സവകാലംവരെ ജീവിക്കണമെങ്കിൽ പാരമ്പര്യത്തിൽനിന്നും അൽപം മാറിചിന്തിച്ചാൽ മാത്രമേ നടക്കൂ എന്നും ചിലർ അഭിപ്രായപ്പെട്ടു. ഏത് പൊതുവേദിയിൽ അവതരിപ്പിച്ചാലും കളമെഴുത്തിനുശേഷം മുടിയേറ്റ് അവതരിപ്പിച്ചാൽ തെറ്റില്ലെന്നും ഇതിനുള്ള സാഹചര്യമില്ലെങ്കിൽക്കൂടി അവതരിപ്പിക്കപ്പെടുന്ന വേദിയിലും കലാകാരന്റെ മനസ്സിലും കാവിന്റെയും ദേവിയുടെയും സാന്നിധ്യം ഉണ്ടാകുമെന്നും വേദിയിൽ വെയ്ക്കുന്ന വിളക്കിനുമുൻപിലാണ് തങ്ങൾ ഇതവതരിപ്പിക്കുന്നതെന്നും അതിനാൽ അതത്ര വലിയ പ്രശ്നമല്ലെന്നും

അഭിപ്രായപ്പെട്ടു. ഇങ്ങനെയൊക്കെയാണെങ്കിലും കൂടുതൽ സംതൃപ്തി കാവിൽ അവതരിപ്പിക്കുന്നതിനാണെന്നും അവർ അഭിപ്രായപ്പെട്ടു.

# അനുബന്ധം മൂന്ന്

# കലാപണ്ഡിതന്മാരുമായുള്ള അഭിമുഖം

ഡോ. കെ.ജി.പൗലോസ്,

മനുസ്മൃതി,

തൃപ്പൂണിത്തുറ.

1. അനുഷ്ഠാനവും കലയും തമ്മിലുള്ള വ്യത്യാസം എന്ത് ?

ആദിമമനുഷ്യനെ പ്രപഞ്ചമെന്ന അത്ഭുതം അന്ധാളിപ്പിച്ചിരുന്നു. ഇത് അവൻ പ്രകടിപ്പിച്ചത് ആരാധനയിലൂടെയും ആഹ്ലാദത്തിലൂടെയുമായിരുന്നു. ആരാധനയിലൂടെയുള്ള ആത്മാർപണങ്ങളിൽനിന്നാണ് അനുഷ്ഠാനങ്ങൾ രൂപപ്പെട്ടത്. ഓരോ സമൂഹത്തിലും അതാതിന്റെ സവിശേഷത അനുസരിച്ച് അവന്റെ സ്വഭാവത്തിന് മാറ്റങ്ങളുണ്ടായിരുന്നു. എങ്കിലും അവന്റെ പ്രധാന സ്വഭാവം അതിന്റെ അർപണശീലമായിരുന്നു. ദേവിയും ഭക്തനും തമ്മിൽ നേരിട്ടുള്ള ബന്ധമായിരുന്നു അത്. നല്ല വിളവ് ലഭിയ്ക്കുമ്പോഴും വരൾച്ചയകറ്റുന്ന മഴവരുമ്പോഴും ഇഷ്ടപ്പെട്ട മൃഗങ്ങളെ വേട്ടയാടി കിട്ടിയപ്പോഴുമൊക്കെ തുള്ളിച്ചാടിയും ഒച്ചവെച്ചും ആദിമമനുഷ്യൻ ആഹ്ലാദം അറിയിച്ചിരുന്നു. പ്രകടനമായിരുന്നു ഇതിന്റെ മുഖ്യലക്ഷ്യം. തനിക്ക് ലഭിച്ച നേട്ടം മറ്റുള്ളവരുമായി പങ്കിടുക എന്ന കൂട്ടായ്മയുടെ ആദിമരൂപമായിരുന്നു ഈ പ്രകടനങ്ങൾ. അതുകൊണ്ട് ഇവ ലക്ഷ്യമാക്കിയത് പ്രേക്ഷകരെയാണ്. അനുഷ്ഠാനത്തിന് പ്രേക്ഷകനില്ല. എന്നാൽ പ്രേക്ഷകനുവേണ്ടിയുള്ള പ്രകടനമാണ് കല. ഇതാണ് അനുഷ്ഠാനവും കലയും തമ്മിലുള്ള വ്യത്യാസം - അനുഷ്ഠാനം അർപണമാണ്, അത്

തനിക്കുവേണ്ടിത്തന്നെയുള്ളതാണ്; കല പ്രകടനമാണ് അത് മറ്റുള്ളവർക്കു വേണ്ടിയുള്ളതാണ്.

ഈ രണ്ട് ധർമങ്ങളും ചിലപ്പോൾ പരസ്പരം ഇടകലർന്നതായി കാണാം. അനുഷ്ഠാനത്തിൽ ചിലപ്പോഴൊക്കെ പ്രകടനാംശം വന്നുചേരാം. അതുപോലെതന്നെ കലയിൽ ആരാധനാംശവും. ഇത്തരത്തിൽ അനുഷ്ഠാനം, കലകൾ എന്നിങ്ങനെ ശുദ്ധരൂപത്തിലും അനുഷ്ഠാനകലകൾ, കലാനുഷ്ഠാനം എന്നിങ്ങനെ കലചേർന്ന രൂപത്തിലും ഇവയെ കാണാം.

അമ്മക്കാവുകളിലെ മുടിയേറ്റ് അനുഷ്ഠാനമാണ്. എന്നാൽ വെള്ളരിനാടകങ്ങൾ കലാപ്രകടനങ്ങൾ മാത്രമാണ്. സോപാനത്തിലെ കൊട്ടിപ്പാടൽ അനുഷ്ഠാനമാണെങ്കിലും അതിലെ സംഗീതാംശം സഹൃദയർ ആസ്വദിക്കുമ്പോൾ അത് അനുഷ്ഠാനകലയാകുന്നു. നാടകങ്ങൾ പൊതുവെ കലാപ്രകടനങ്ങളാണ്. എന്നാൽ അവയിലെ പൂർവരംഗങ്ങളും രംഗപൂജ യുമെല്ലാം അതിന് അനുഷ്ഠാനത്തിന്റെ കലർപ്പുനൽകുന്നു. ശുദ്ധമായ അനുഷ്ഠാനകലകൾ പലതും ആധുനികകാലത്ത് പ്രകടനകലകളായും അവതരിപ്പിക്കപ്പെടുന്നുണ്ട്.

2. കുലധർമം എന്ന സങ്കൽപം കലകളുടെ/ അനുഷ്ഠാനങ്ങളുടെ വളർച്ചയെ ബാധിച്ചിട്ടുണ്ടോ ?

പ്രാചീനകാലത്ത് ഗുരുനാഥന്മാർ ശിഷ്യരെ ഗുരുകുലസമ്പ്രദായ ത്തിലാണ് അഭ്യസിപ്പിച്ചിരുന്നത് ഈ ഗുരുശിഷ്യപരമ്പര കാലക്രമേണ ഗോത്രങ്ങളും കുലങ്ങളുമായി പരിണമിച്ചു. വർണവ്യവസ്ഥ ദൃഢമായതോടെ ഈ കുലങ്ങളിൽനിന്നാണ് പിൽക്കാലത്ത്, ജാതികളും ഉപജാതികളും ഉരുത്തിരിഞ്ഞത്. ഓരോ ജാതിയും തങ്ങളുടെ വിശുദ്ധിയെ കലർപ്പില്ലാതെ സംരക്ഷിക്കാൻ ശ്രമിച്ചു. അതോടൊപ്പംതന്നെ സമൂഹത്തിൽ തങ്ങൾ

നിർവഹിക്കേണ്ട പ്രവൃത്തി കുലധർമമായി സ്വീകരിച്ചു. പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ സമൂഹം പലതട്ടുകളായി വിഭജിക്കപ്പെടുന്നത് ഈ കാലഘട്ടത്തിലാണ്. കലകൾ, ഇക്കാലങ്ങളിൽ ജാതിധർമങ്ങളായിരുന്നു. ഓരോ ജാതിക്കുമുണ്ടായിരുന്നു അവരവരുടേതായ കലകൾ. ആ കലകളെ അനുഷ്ഠാനരൂപത്തിൽ കൊണ്ടുനടക്കുകയും മക്കളിലൂടെയും ശിഷ്യന്മാരി ലൂടെയും സംരക്ഷിക്കുകയും ചെയ്യേണ്ടത് പരിപാവനമായ കുലധർമമായി പരിഗണിച്ചുപോന്നിരുന്നു. എന്നാൽ സംരക്ഷിക്കുന്നതിൽ ഏതെങ്കിലും തരത്തിൽ പിഴവുപറ്റിയാൽ വലിയ അപരാധമായി കണക്കാക്കിയിരുന്നു. അനുഷ്ഠാനപരവും അനുഷ്ഠാനേതരങ്ങളുമായ കലകൾ സംരക്ഷിക്ക പ്പെട്ടുപോന്നത് ഇത്തരത്തിലുള്ള ജാതിക്കൂട്ടായ്മയിലായിരുന്നു.

കേരളത്തിലും കലകൾ എല്ലാംതന്നെ ജാതിധർമങ്ങളായിരുന്നു. ഒരു ജാതിയുടെ അനുഷ്ഠാനവുമായി മറ്റുള്ള ജാതിക്കാർ ഇടപെടാറില്ല. അതുകൊണ്ട് വെവ്വേറെയുള്ള അനേകം ജാതികൾ, ഇവയ്ക്കിടയിലുള്ള ഉപജാതികൾ ഇവയ്ക്കോരോന്നിനും അവരവരുടേതായ കലാരൂപങ്ങൾ എന്നിങ്ങനെ അനേകം അറകളായി വേർതിരിഞ്ഞ സമൂഹഘടനയായിരുന്നു പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യംവരെ കേരളത്തിലുണ്ടായിരുന്നത്. അനുഷ്ഠാനങ്ങളെ തനിമയോടെ നിലനിർത്താനും കർക്കശമായ അഭ്യാസാനുശീലനങ്ങൾ നിർവഹിക്കാനും ഈ ഘടന സഹായിച്ചിരുന്നു. അന്യംനിന്നുപോകുമായിരുന്ന അനേകം കലാരൂപങ്ങളെ സംരക്ഷിക്കുന്നതിന് ഈ സംവിധാനം സഹായകമായി. കേരളത്തിന്റെ കലാസമ്പന്നതയ്ക്കും വൈവിധ്യത്തിനും നാം കടപ്പെട്ടിരിക്കുന്നത് കുലധർമമെന്ന ഈ സങ്കൽപത്തോടാണ്.

നവോത്ഥാനാരംഭത്തോടെ പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ഈ ഘടനയ്ക്ക് മാറ്റമുണ്ടായി. ജാതി-മത-ഉപജാതികളിൽ ഒതുങ്ങിയിരുന്ന ചെറുചെറു സമൂഹങ്ങൾക്ക് ഒരു പൊതുഇടം ഉണ്ടാവുകയും പൊതുസമൂഹം എന്നൊന്ന് ആദ്യമായി കേരളീയജീവിതത്തിൽ രൂപപ്പെടുകയും ചെയ്തു. സാമ്പത്തികമായ ബന്ധങ്ങളെ ഈ പുതിയ സംവിധാനം പുനർനിർവചിച്ചു. എന്നാൽ ഇതിന്റെ ആഘാതം ഏറെ അനുഭവപ്പെട്ടത് കലാരംഗത്താണ്. അതതുജാതികൾ കുലധർമമായി അനുഷ്ഠിച്ചുവന്ന കലാരൂപങ്ങൾ പൊതുസമൂഹത്തിന്റെ ഭാഗമായി മാറുകയും അവയെ നിലനിർത്തേണ്ട ബാധ്യത സമൂഹത്തിന് വന്നുചേരുകയും ചെയ്തു. ഈ തറമാറ്റം ഇത്തരം കലകളെ വളരെയേറെ സ്വാധീനിച്ചു. കലാപഠനത്തിന് കലാമണ്ഡലം പോലുള്ള പൊതുസ്ഥാപനങ്ങൾ രൂപപ്പെട്ടത് നവോത്ഥാനത്തിന്റെ ഫലമായിട്ടാണ്.

കലകളെ നിലനിർത്തേണ്ട ഉത്തരവാദിത്തം പൊതുസമൂഹം ഏറ്റെടുത്തതോടെ പരിശീലനത്തിനും അവതരണത്തിലും മാറ്റങ്ങൾ കൈവന്നു. ജാതിബന്ധം നോക്കാതെ താൽപര്യമുള്ള ആർക്കും കലാനുശീലനം ആകാം എന്നുവന്നതോടെ നാടകങ്ങളുടെ അവതരണ സവിശേഷതകൾ പൊതുസമൂഹം സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ നവോത്ഥാനാനന്തര കാലഘട്ടത്തിൽ കേരളീയ കലകൾക്കെല്ലാം പുതിയ ഒരുന്മേഷം കൈവന്നു. അപ്പോൾപോലും ഗുരുകുലക്രമത്തിലുള്ള അഭ്യസനം നൽകിയിരുന്ന തനിമ പുതിയ അന്തരീക്ഷത്തിൽ കലകൾക്ക് നഷ്ടപ്പെട്ടു എന്ന പരാതി പലരും ഉന്നയിക്കുകയും ചെയ്തു.

3. നവോത്ഥാനകാലത്ത് കഥകളിപോലുള്ള കേരളീയകലകൾക്കുണ്ടായ മാറ്റം മുടിയേറ്റിന് ഉണ്ടാകുവാൻ സാധിക്കുമോ ?

നവോത്ഥാനകാലത്ത് കേരളീയ കലകൾക്കെല്ലാം പൊതുവെ ഒരുണർവുണ്ടായി. അതിന് കലാമണ്ഡലം പോലുള്ള പൊതുസ്ഥാപനങ്ങൾ പ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്. ജാതിയുടെയും മതത്തിന്റെയും പരിമിതവൃത്തത്തിൽനിന്ന് കലാകാരന്മാരും പ്രേക്ഷകരും മോചിതരായി എന്നതാണ് ഇതിന്റെ സവിശേഷത. നവീനഭാവുകത്വമുള്ള വലിയ ഒരാസ്വാദ കമണ്ഡലത്തെ രൂപപ്പെടുത്താൻ കഴിഞ്ഞു എന്നതാണ് നവോത്ഥാനം നൽകിയ ഏറ്റവും വലിയ സംഭാവന.

തികച്ചും അനുഷ്ഠാനങ്ങൾ മാത്രമായിരുന്നവയേയും പുതിയമാറ്റം കാലക്രമേണ സ്വാധീനിച്ചു. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കൂടിയാട്ടം. ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽമാത്രമേ കൂടിയാട്ടം പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം കൈവന്നുള്ളൂ എങ്കിൽപ്പോലും ചുരുങ്ങിയകാലംകൊണ്ട് അഭിനയമാതൃകകളുടെ ഉത്തമോദാഹരണമായിമാറാനും ലോകനാടകവേദിയിൽ ഉത്തമമായൊരു സ്ഥാനംകൈവരിക്കാനും കൂത്തിന് കഴിഞ്ഞു. കൂത്തിന്റെ തന്നെ ഭാഗമായ നങ്ങ്യാർകൂത്ത് എൺപതുകൾക്കുശേഷംമാത്രമാണ് ഇന്നുകാണുന്ന രീതിയിൽ സാർവത്രികമായ അംഗീകാരം നേടിയ ഒരു സുന്ദരദൃശ്യരൂപമായി മാറിയത്. ഈ ഉദാഹരണം മുടിയേറ്റിന്റെ കാര്യത്തിൽ ഏറെ പ്രസക്തമാണ്.

കൂടിയാട്ടവും നങ്ങ്യാർകൂത്തും ക്ഷേത്രങ്ങളിൽ അനുഷ്ഠാനമായി ഇന്നും തുടരുന്നു. അതോടൊപ്പംതന്നെ പൊതുവേദിയിൽ അവതരിപ്പി ക്കുന്നതിന് കൂടുതൽ വികസിതവും സമ്പുഷ്ടവുമായ രൂപവും ഇവയ്ക്കുണ്ട്. ഇതുപോലെ അനുഷ്ഠാനപരമായ ധർമം പൂർണമായും മാറ്റമില്ലാതെ

നിലനിർത്തിക്കൊണ്ടുതന്നെ അവതരണപരമായ മറ്റൊരു രൂപനിർമിതി മുടിയേറ്റിന് സാധ്യമാണ്. അത് പൊതുസദസ്സുകളിൽ കൂടുതൽ ആകർഷകവും ആദരണീയവുമായി മാറുകയും ചെയ്യും.

4. യുനെസ്കോ അംഗീകാരത്തിന്റെ പ്രാധാന്യവും സാധ്യതകളും എന്തൊക്കെയാണ് ?

ലോകപൈതൃകങ്ങളായി പിരമിഡ്പോലുള്ള മൂർത്തരൂപങ്ങളെ (tangible)മാത്രമേ യുനെസ്കോ അംഗീകരിച്ചിരുന്നുള്ളൂ. അമൂർത്തങ്ങളായ (intangible) സംഗീതം, കലകൾ എന്നിവയെ ഈ ഗണത്തിൽപ്പെടുത്തിയത് അടുത്തകാലത്താണ്. ഇതിനുശേഷമാണ് കേരളത്തോടുബന്ധപ്പെട്ട കൂടിയാട്ടം, വേദോച്ചാരണം, മുടിയേറ്റ് എന്നിവയെ ഈ ഗണത്തിൽ ഉൾക്കൊള്ളിച്ചത്. ഇവ മൂന്നിനുമുള്ള പൊതുവായധർമം അവയുടെ പ്രാചീനതയാണ്. രണ്ടായിരത്തിലധികം വർഷം പഴക്കമുള്ള നാട്യ ശാസ്ത്രത്തിലെ അഭിനയരീതിയെ നിലനിർത്തിയതിനാണ് കൂടിയാട്ടത്തെ അംഗീകരിച്ചത്. മൂവായിരത്തോളംവർഷം പഴക്കമുള്ള വേദത്തിന്റെ ഉച്ചാരണരീതിയെ മാറ്റമില്ലാതെ സംരക്ഷിക്കുന്നതിനാണ് അംഗീകാരം നൽകിയത്. മലയാളത്തനിമയുള്ള അമ്മക്കാവുകളിലെ അതിപ്രാചീനമായ ആരാധനാസമ്പ്രദായം എന്നനിലയിലാണ് മുടിയേറ്റ് അനശ്വര പൈതൃകപദവിയിൽ ആവർത്തിക്കപ്പെട്ടത്. പ്രാചീനതയാണ് പൊതു ധർമമെങ്കിലും സമ്പൂർണമായ അനുഷ്ഠാനം എന്നതും ദ്രാവിഡമായ ആവിഷ്കാരമെന്നതും മുടിയേറ്റിന്റെ സവിശേഷതയായി കണക്കാക്കാം.

യുനെസ്കോ അംഗീകാരത്തിന്റെ പ്രധാനലക്ഷ്യം സംരക്ഷ ണമാണ്. മാറിയ പരിതസ്ഥിതിയിൽ മുടിയേറ്റ് അന്യംനിന്നുപോകാതെ സൂക്ഷിക്കുക എന്നതാണ് ഇതിന്റെ മുഖ്യധർമം. സംരക്ഷണത്തിനുവേണ്ട

പ്രധാനപ്പെട്ട പ്രവൃത്തി പ്രസരണമാണ്. ഇന്ന് മുടിയേറ്റ് പ്രചരിച്ചിട്ടില്ലാത്ത മേഖലകളിൽക്കൂടി അതിനെ വ്യാപിപ്പിക്കുക എന്നതാണ് പ്രസരണം കൊണ്ടുദ്ദേശിക്കുന്നത്. ഇതിന് പൊതുസമൂഹത്തിന് സ്വീകാര്യമായ രീതിയിൽ മുടിയേറ്റിന്റെ രംഗാവതരണങ്ങൾക്ക് മാറ്റം വരേണ്ടതുണ്ട്. ഈ രംഗത്തെ കലാകാരന്മാരും വിദഗ്ധന്മാരുമായും ആലോചിച്ച് അത്തരം രംഗരചനാ സമ്പ്രദായങ്ങളെപ്പറ്റിയുള്ള പൊതുധാരണ ഉണ്ടാക്കി അവയെ നടപ്പിൽ വരുത്തുന്നതിന് വേണ്ട സഹായം ലഭിക്കും എന്നതാണ് യുനെസ്കോ അംഗീകാരം നമ്മുടെ മുൻപിൽ തുറന്നിടുന്ന സാധ്യത.

5. മുടിയേറ്റിന്റെ അനുഷ്ഠാനപരവും സൗന്ദര്യപരവും ആയ അംശങ്ങൾക്ക് മാറിയ സാഹചര്യങ്ങളിലുള്ള പ്രസക്തി എന്ത് ?

അനുഷ്ഠാനരൂപമെന്ന നിലയിലാണ് മുടിയേറ്റ് ഇക്കാലമത്രയും നിലനിന്നത്. ഇതിന്റെ ആദിമസ്വരൂപം എന്തായിരുന്നു എന്നതിനെപ്പറ്റി ഇപ്പോൾ നമുക്കൊന്നും പറയാനാവില്ല. എങ്കിലും ഗുരൂപദേശത്തിലൂടെമാത്രം നിലനിന്നതുകൊണ്ട് പ്രാചീനരൂപത്തിന് വലിയ മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്നുവേണം കരുതാൻ. ആരാധനാപരമായ ഈ അനുഷ്ഠാനം അനേകരുടെ വിശ്വാസത്തെ ആശ്രയിച്ചുനിൽക്കുന്നതുകൊണ്ട് അതിൽ മാറ്റങ്ങൾ വരുത്തുന്നത് ശരിയല്ല. ക്ഷേത്രങ്ങളിൽ അവിടുത്തെ പ്രത്യേകതകളും ആചാരങ്ങളുമനുസരിച്ച് ഇന്നുനടക്കുന്ന രീതിയിൽത്തന്നെ തുടരുകയാണ് അഭികാമ്യം. സംരക്ഷണത്തിന്റെ കാതലായ കാര്യമിതാണ്.

പ്രസരണത്തിന്റെ കാര്യത്തിൽ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പൊതുവേദിയിൽ പൊതുസമൂഹത്തിന്റെ അഭിരുചിക്കൊത്തവണ്ണം സൗന്ദര്യാത്മകങ്ങളായ പരിഷ്കരണങ്ങളാണ് ഇതിനുവേണ്ടത്.

മുടിയേറ്റിന് രണ്ട് തലങ്ങളുണ്ട്. ഒന്നാമത്തേത് നിശ്ചലമായ ചിത്രസ്ഥലി- കേരളീയ വർണസംയോജനത്തിന്റെയും രൂപനിർമിതിയുടെയും ഏറ്റവും ഉദാത്തമായ രൂപമാണ് മുടിയേറ്റിലെ ധൂളീചിത്രം. ഇത് യാതൊരു മാറ്റവുമില്ലാതെ ഇങ്ങനെതന്നെ തുടരണം. സ്ഥാപരമായ ഈ അടിസ്ഥാനത്തിൽ നിന്ന് അരങ്ങിലേയ്ക്ക് ചലിക്കുകയും അരങ്ങിൽനിന്ന് പിൻവലിയുകയും ചെയ്യുന്ന ചലാനാത്മകമായ നാടകഭാഗമാണ് രണ്ടാമത്തേത്. ഇതാണ് പ്രേക്ഷകരോട് നേരിട്ട് സംവദിക്കുന്നത്. ഇതിൽമാത്രമാണ് ആധുനികപ്രേക്ഷകരുടെ അഭിരുചിക്കൊത്തവണ്ണം ചില മാറ്റങ്ങൾ നിർദേശിക്കാവുന്നത്. അതിലേറ്റവും പ്രധാനമായത് വാചികാംശമാണ്. ഇന്ന് ഇതിനുപയോഗിക്കുന്നത് നടന്മാർക്ക് പരമ്പരാഗതമായി പകർന്നു കിട്ടിയ പഴയ തോറ്റങ്ങളാണ്. തോറ്റങ്ങൾ ചൊല്ലുന്ന രീതിയിൽ ചില മാറ്റങ്ങൾ പരീക്ഷിക്കാവുന്നതാണ്. കാഴ്ചക്കാർക്ക്/ കേൾവിക്കാർക്ക് സ്ഫുടമായും മധുരമായും കേൾക്കത്തക്കരീതിയിൽ ഇതിന്റെ ആലാപനരീതി ചിട്ടപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള രാഗങ്ങളെത്തന്നെ ഉപയോഗിക്കുകയോ കൂടിയാട്ടത്തിലുംമറ്റും ഉപയോഗിക്കുന്ന ദ്രാവിഡരാഗങ്ങളെ സ്വീകരിക്കുകയോ ചെയ്ത് വാചികാംശം അഭിനയത്തോടിണങ്ങുന്ന രീതിയിൽ ശ്രുതിമധുരവും ഭാവസമ്പന്നമവുമാക്കാം. വാചികംപോലെതന്നെ ശ്രദ്ധ അർഹിക്കുന്ന പാത്രങ്ങളുടെ പരസ്പരബന്ധവും സൗന്ദര്യശാസ്ത്രപരമായ രീതിയിൽ വിശകലനം ചെയ്യാവുന്നതാണ്. ഉദാഹരണത്തിന് കാളിയുടെതന്നെ മറ്റൊരവസ്ഥയായി കൂളിയെ കാണാവുന്നതാണ്. രൗദ്രവും ക്രോധവും ദുഷ്ടനിഗ്രഹവും പോലെതന്നെ വാത്സല്യവും സ്നേഹവും കാളിയുടെ ഭാവങ്ങളാണ്. എന്നാൽ സ്നേഹവാത്സല്യങ്ങളെ പ്രകടിപ്പിക്കാൻ നിയോ

ഗിക്കുന്നത് കൂളിയെയാണ്. ഇത്തരത്തിൽ ഉള്ളടക്കത്തിലന്തർഭവിച്ച ആശയങ്ങളെ വിശകലനം ചെയ്യുന്നത് ആസ്വാദ്യത വർധിപ്പിക്കുമെന്നതിൽ സംശയമില്ല.

കൂടിയാട്ടവും നങ്ങ്യാർകൂത്തും പൊതുവേദിയിലാകർഷകമായതിൽ ആഹാര്യശോഭയ്ക്ക് സുപ്രധാനമായൊരു പങ്കുണ്ട്. മുടിയേറ്റിന്റെ ഇന്നത്തെ വേഷവിധാനം കൂടുതൽ ആകർഷകമാക്കാൻ ഒട്ടേറെ നവീകരണങ്ങൾ നടത്താൻ കഴിയും. മുടിയേറ്റിന്റെ പിന്നണിവാദ്യങ്ങളായി ഉപയോഗിക്കുന്ന ചെണ്ടയും ചേങ്ങിലയും വീക്കൻചെണ്ടയും അഭിനയത്തോടും ഭാവത്തോടും ബന്ധപ്പെടുത്തി പഠിക്കാവുന്നതാണ്. ഇപ്പറഞ്ഞവയെല്ലാം ചേർന്നുള്ള സർവാംഗീണമായ പൊരുത്തം ഒരു കലാരൂപമെന്നനിലയിൽ മുടിയേറ്റിന് പൊതുസദസ്സുകളിൽ കൂടുതൽ സ്വീകാര്യത നൽകുന്നതാണ്. ഇത്തരം കാര്യങ്ങൾ മുടിയേറ്റുകലാകാരന്മാരും ഈ രംഗത്തെ വിദഗ്ധരുമായി ചേർന്നിരുന്ന് ആലോചിച്ച് മുടിയേറ്റിനെ പൊതുവേദിയിൽ അവതരിപ്പിക്കുന്നതിന് വരുത്തേണ്ട മാറ്റങ്ങൾ രൂപപ്പെടുത്തുകയും ആയതിന് യുനെസ്കോയുടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സഹായങ്ങൾ തേടാവുന്നതുമാണ്. ഇത്തരം മാറ്റങ്ങൾ വരുത്തുമ്പോൾ മുടിയേറ്റിന്റെ തനിമ നഷ്ടപ്പെടുന്നില്ലെന്നുറപ്പുവരുത്താൻ നമുക്ക് ബാധ്യതയുണ്ട്.

വേണു ജി.

ചെയർമാൻ,

നടനകൈരളി,

ഇരിങ്ങാലക്കുട.

1. കൂടിയാട്ടത്തിന് യുനെസ്കോയുടെ അംഗീകാരം ലഭിച്ചതുകൊണ്ട് കൂടിയാട്ടരംഗത്തുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ് ?

അന്തർദേശീയതലത്തിലുള്ള ജൂറിയാണ് യുനെസ്കോ അംഗീകാരത്തിനായിതെരഞ്ഞെടുക്കുന്നത്. യുനെസ്കോയുടെ അംഗീകാരം ലഭിക്കുകവഴി ലോകമെമ്പാടുമുള്ള മാധ്യമങ്ങൾവഴി നല്ല പരസ്യം ലഭിക്കുകയും അതുവഴി ലോകമെമ്പാടും ഈ കല അറിയപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം ലഭിക്കുന്ന സാമ്പത്തികസഹായം ഈരംഗം കൂടുതൽ തിളക്കമുള്ളതാക്കിമാറ്റാൻ സഹായിക്കുന്നു. അംഗീകാരം ലഭിച്ചാൽ ആദ്യ അഞ്ചുവർഷമാണ് യുനെസ്കോയുടെ ധനസഹായം ലഭിക്കുക. പിന്നീടുള്ള വർഷങ്ങൾ ഈ കലയെ സംരക്ഷിക്കാനുള്ള ചുമതല ഗവണ്മെന്റിനാണ്. യുനെസ്കോയുടെ അംഗീകാരം ലഭിക്കുകവഴി ഈരംഗത്ത കലാകാരന്മാർക്കും കലാസംഘങ്ങൾക്കും വളരെയേറെ പ്രയോജനമുണ്ടായി. വിദേശരാജ്യങ്ങളിൽ തങ്ങളുടെ കഴിവ് പ്രദർശിപ്പിക്കാനുള്ള അവസരം ലഭിക്കുന്നതോടൊപ്പം മറ്റു വിദേശീയമായ കലകളെയും കലാകാരന്മാരെയും അടുത്തറിയാനും പരിചയപ്പെടാനും കഴിഞ്ഞു.

2. മുടിയേറ്റിന്റെ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് നമുക്ക് പ്രതീക്ഷിക്കാവുന്നത് ?

കൂടിയാട്ടത്തിനുണ്ടായതുപോലുള്ള മാറ്റങ്ങൾ എല്ലാ മേഖലയിലും നടക്കണം. യുനെസ്കോയുടെ അംഗീകാരം ലഭിച്ചതുകൊണ്ട് മുടിയേറ്റിന്

ഇവിടെ ഇപ്പോൾ എന്തുനടക്കും എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയില്ല. ആരോഗ്യകരമായ മാറ്റങ്ങൾ വന്നാൽ നന്ന്.

3. മൂന്നുദശകങ്ങൾക്കു മുൻപ് കേവലം അനുഷ്ഠാനമായിരുന്ന നങ്ങ്യാർ കൂത്തിനെ ആകർഷകമാക്കി മാറ്റിയെടുക്കുന്നതിന് ഗുരു അമ്മന്നൂർ മാധവചാക്യാർക്ക് സാധിച്ചു. അതുപോലെ മുടിയേറ്റിനെ കലാപരമായി ആകർഷകമാക്കാൻ സാധിക്കുമോ ?

അഭിനയത്തിന്റെ സർവസാധ്യതകളും നങ്ങ്യാർകൂത്തിലുണ്ട്. ശ്രീകൃഷ്ണന്റെ അവതാരം, പൂതനാമോക്ഷം തുടങ്ങിയ ഭാഗങ്ങൾ എല്ലാം ഉൾപ്പെടുന്ന ഇരുന്നൂറ്റിയേഴ് ശ്ലോകങ്ങളോടുകൂടിയ ശ്രീകൃഷ്ണചരിതം കണ്ടെടുക്കാൻ കഴിഞ്ഞു. ഇതിനുശേഷമാണ് സമ്പൂർണ ആട്ടപ്രകാരം അഭിനയിച്ചു തുടങ്ങിയത്. സ്ത്രീകൾ അഭിനയിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. കാളി-ദാരിക കഥയിൽനിന്നും മുടിയേറ്റിന് പുറത്തുചാടാൻ കഴിയില്ല. അനുഷ്ഠാനമായി നിൽക്കുന്ന ഇത് ഭദ്രകാളീക്ഷേത്രങ്ങളിൽ അവതരിപ്പിക്കാനുള്ളതാണ്. ഇതിനെ രൂപാന്തരപ്പെടുത്തേണ്ട ആവശ്യമില്ല. പേരുസൂചിപ്പിക്കുന്നതുപോലെ ദാരികനെ വധിക്കുകയാണ് മുടിയേറ്റിൽ. അങ്ങോളമിങ്ങോളമുള്ള ഭദ്രകാളീക്ഷേത്രങ്ങളിൽ അവതരിപ്പിക്കുന്ന മുടിയേറ്റിന് ഉപയോഗിക്കുന്ന 'മുടി'യ്ക്കും 'ദ്രകാളീരൂപങ്ങൾക്കും പ്രാദേശികഭേദം ഉണ്ട്. മറ്റുള്ള കിരീടങ്ങൾ ഉണ്ടാക്കുന്ന ലാഘവത്തോടെ മുടിയേറ്റിന്റെ 'മുടി' കൊത്തുക അസാധ്യമാണ്. വിഗ്രഹം കൊത്തുന്ന അതേ ഗൗരവത്തോടും തികഞ്ഞ വ്രതാനുഷ്ഠാനത്തോടുംകൂടിയാണ് ഇത് നിർവഹിക്കുന്നത്. ആശാരിമാർ അവരവരുടെ കണക്കനുസരിച്ചാണ് മുടികൊത്തുക.

4. മുടിയേറ്റ് കലാകാരന്മാർ ഇന്ന് ഏറെ അവശത അനുഭവിക്കുന്ന ഒരു വിഭാഗമാണ്. അവരുടെ അവശതകൾ പരിഹരിക്കുന്നതിന് പ്രായോഗികമായ മാർഗങ്ങൾ എന്തൊക്കെയാണ് ?

പണ്ട് നിലനിന്നിരുന്ന ഭൂനിയമം പോലുള്ള സമ്പ്രദായങ്ങൾ വീണ്ടും കൊണ്ടുവരിക. ദേവസ്വംബോർഡുപോലുള്ള സ്ഥാപനങ്ങൾ ഇത്തരം കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുക. ഉന്നത ഗവണ്മെന്റുദ്യോഗസ്ഥന്മാരെ പരിഗണിക്കുന്നതുപോലെതന്നെ ഇവരെയും പരിഗണിച്ചാൽ മാത്രമേ ഇത്തരം കലകളെയും കലാകാരന്മാരെയും നിലനിർത്താൻ കഴിയൂ. വളരെ മോശമായ ഒരു സാംസ്കാരികാന്തരീക്ഷമാണ് ഇവിടെ നിലനിൽക്കുന്നത്. പാരമ്പര്യവിജ്ഞാനങ്ങൾക്ക് പ്രസക്തിയില്ല. പഠിക്കുന്നവർക്ക് അതിനുള്ള അനുവാദമോ അംഗീകാരമോ ഇല്ല. ഇത് മാറണം.

5. മുടിയേറ്റ് പൂർണമായും ഒരനുഷ്ഠാനമാണ്. ആ പരിസരത്തുനിന്നും അതിനെ അടർത്തിമാറ്റി പൊതുവേദിയിൽ ഒരു കലാരൂപമെന്നനിലയിൽ പ്രദർശിപ്പിക്കപ്പെടുമ്പോൾ മുടിയേറ്റിന്റെ പവിത്രത നഷ്ടപ്പെടാതെ സംരക്ഷിക്കാൻ കഴിയുമോ ?

നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഇത്തരം സാഹചര്യത്തിന് കലാകാരന്മാർ നിർബന്ധിതരാകുന്നത്. ഇങ്ങനെ വരുന്നത് കലയുടെ അപജയമാണ് എന്നുമാത്രമല്ല അതിന്റെ പവിത്രതയ്ക്ക് കളങ്കവുമാണ്. പാരമ്പര്യകലകളുടെ പേരുപറഞ്ഞ് പുറമേ നിൽക്കുന്നവർ സമ്പന്നരാകുമ്പോൾ ഇതവതരിപ്പിക്കുന്ന കലാകാരന്മാർ ഇപ്പോഴും നിത്യപട്ടിണിയിലാണ്.

6. പരമ്പരാഗത കലാകാരന്മാരാണ് മുടിയേറ്റ് രംഗത്ത് ഇപ്പോഴുള്ളത്. ഇതിന്റെ പരിമിതി മനസ്സിലാക്കി മറ്റ് വിഭാഗങ്ങളിലുള്ള ആളുകളെയും മുടിയേറ്റ്

അഭ്യസിപ്പിക്കുന്നത് ശരിയാണോ ? മറ്റൊരുതരത്തിൽ പറഞ്ഞാൽ കഥകളിക്കും കൂടിയാട്ടത്തിനുമൊക്കെ പൊതുപഠനത്തിന് സ്ഥാപനങ്ങൾ ഉള്ളതുപോലെ മുടിയേറ്റിന്റെ പരിശീലനത്തിനും പൊതുവായ ഒരു സ്ഥാപനം ആവശ്യമാണോ ?

ആവശ്യമാണ് എന്നുമാത്രമല്ല ഇതഭ്യസിപ്പിക്കുന്ന അധ്യാപകന് അതിനുള്ള യോഗ്യതയും വേണം. ജാതിയോ കുടുംബപാരമ്പര്യമോ ഇതിനു ബാധകമല്ല. ഇന്ന വിഭാഗങ്ങളെന്നും മറ്റുമുള്ള നിഷ്കർഷകൾ ഒന്നും പഠിതാവിനെ സംബന്ധിച്ചില്ല. ഇതിനായി നല്ലനല്ല സ്ഥാപനങ്ങൾ വരുന്നത് നന്നായിരിക്കും. കിണറ്റിൻകരയിലും മറ്റും പതിരിതിരിയുന്നത് അഭ്യസിക്കുന്ന ഒരു കാലമുണ്ടായിരുന്നു. അതായത് നന്നായി അഭ്യസിച്ചതിനുശേഷം അവതരിപ്പിച്ചാൽ നന്നാവും, ഇല്ലെങ്കിൽ വെറും ചടങ്ങും.

7. കലാരൂപമെന്നനിലയിൽ മുടിയേറ്റിന് നിലനിൽപുണ്ടോ ?

കലാപരമായ അംശമുള്ളതുകൊണ്ടാണ് നൂറ്റാണ്ടുകളായി ഇത് നിലനിൽക്കുന്നത്. കലാംശം വിദഗ്ധമായരീതിയിൽ സന്നിവേശിപ്പിക്കുമ്പോഴാണ് ആസ്വാദകരുണ്ടാകുന്നത്. കളമെഴുത്തുംപാട്ടിലും ഭക്തിക്കാണ് പ്രാധാന്യം. എന്നാൽ മുടിയേറ്റിൽ തിയേറ്റർ ഇവന്റിനാണ് പ്രാധാന്യം. കേളികൊട്ടുമുതലുള്ള ഓരോ ചടങ്ങിനും ആസ്വാദകരെ ആകർഷിക്കുന്ന ഘടകം ഇതിലെ കലാംശമാണ്. ഭക്തിയുടെ പരിവേഷം മാത്രമേ ഉള്ളൂ എങ്കിൽ ആസ്വാദകർ കുറയും. കലാത്മകമായി ജനങ്ങളെ ആകർഷിക്കുന്ന ഏറ്റവും പ്രാചീനമായ അനുഷ്ഠാനകലാരൂപമാണ് മുടിയേറ്റ്. കാലാനുസൃതമായ മാറ്റം എല്ലാ രംഗത്തുമുള്ളതുപോലെ മുടിയേറ്റിനും ഉണ്ട്. മുന്നൂറ് വർഷത്തിനുമുൻപ് നടത്തിയ മുടിയേറ്റാണ് ഇപ്പോൾ നടത്തുന്നതെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്.

8. ഇന്നത്തെ മാറിയ സാഹചര്യത്തിൽ മുടിയേറ്റിന്റെ ഭാവി എന്താണ് ?

സർവകലകളുടെയും ഭാവി ഒരു ചോദ്യചിഹ്നമാണ്. മുടിയേറ്റിന് യുനെസ്കോയുടെ അംഗീകാരം ലഭിച്ചതിനാൽ എന്തെങ്കിലും മാറ്റം സംഭവിക്കുമെന്ന് പ്രതീക്ഷിക്കാം. മുടിയേറ്റിന്റെ പുനരുദ്ധാരണത്തിനായി ആദ്യകാലഘട്ടംമുതൽ പലതരത്തിൽ പ്രവർത്തിക്കാൻ എനിക്കവസരം ലഭിച്ചിട്ടുണ്ട്. ദേശീയശ്രദ്ധ ആകർഷിക്കുന്നതുൾപ്പെടെയുള്ള പ്രവർത്ത നങ്ങളിൽ ഏർപ്പെട്ടതിന്റെ ഭാഗമായി ലേഖനങ്ങൾ എഴുതുകയുംമറ്റും ചെയ്തു. ഇതിന്റെ ഫലമായി പാഴൂർ കുഞ്ഞൻമാരാർക്ക് കേന്ദ്രസംഗീതനാടക അക്കാദമി അവാർഡ് ലഭിക്കുകയുണ്ടായി.

9. കേരളത്തിൽ ഇന്ന് വിവിധ സംഘങ്ങൾ മുടിയേറ്റ് അനുഷ്ഠാനരൂപത്തിൽ അവതരിപ്പിക്കുന്നുണ്ട്. ഇവർക്ക് ഏകീകൃതമായ രൂപവും പ്രവർത്തനങ്ങളിൽ പൊതുവായ ചില മാനദണ്ഡങ്ങളുമുണ്ടാകുന്നത് മുടിയേറ്റിന്റെ ഭാവി ഭദ്രമാക്കാൻ സഹായിക്കുമോ ?

സഹായിക്കില്ല. ശൈലീഭേദങ്ങളാണ് ഇതിന്റെ ആകർഷണം. കഥ ഒന്നാണെങ്കിലും ഇത്തരത്തിലുള്ള വ്യത്യസ്തമായ അവതരണമാണ് ഇതിനെ നിലനിർത്തുന്നത്. ശൈലിയുടെ ഏകീകരണം എന്നത് ശുദ്ധമണ്ടത്തരമാണ്.

10. മുടിയേറ്റിന് ഒരനുഷ്ഠാനമെന്ന നിലയിലാണോ ഒരു കലയെന്ന നിലയിലാണോ കൂടുതൽ പ്രസക്തി ? കാരണങ്ങൾ വ്യക്തമാക്കുക.

ഇങ്ങനെ ചിന്തിക്കേണ്ട ആവശ്യമേ ഇല്ല. കലാപരമായ മഹിമ ഉണ്ടെങ്കിലേ ഏതുകലയ്ക്കും നിലനിൽപുണ്ടാകൂ. മുടിയേറ്റ് ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. അതിനെ ആ സ്ഥലികളിൽനിന്നും മാറ്റി നിർത്താനാവില്ല. അനുഷ്ഠാനം മാത്രമാണെങ്കിൽ അതുനടത്തുന്ന ഭക്തർക്കുമാത്രമേ ഉത്തരവാദിത്തമുള്ളൂ. കലാംശമുള്ളതുകൊണ്ടാണ് ഇത് ആകർഷ കമാകുന്നത്.

ഡോ. സി.ആർ. രാജഗോപാൽ,

ശ്രീകാവ്,

കണിമംഗലം പി.ഒ., തൃശൂർ.

1. മുടിയേറ്റിന് ഒരനുഷ്ഠാനം എന്ന നിലയിലാണോ ഒരു കല എന്ന നിലയിലാണാ കൂടുതൽ പ്രസക്തി ?

അനുഷ്ഠാനനാടോടിനാടകം എന്ന നിലയിലാണ് മുടിയേറ്റിന്റെ നിലനിൽപും തുടർച്ചയും. ഒരു തട്ടകത്തിലെ ജനങ്ങൾ അനുഷ്ഠാന സ്വരൂപത്തിലാണ് ഈ ദൃശ്യകലയെ ഉൾക്കൊള്ളുന്നത്. വ്രതാനുഷ്ഠാനം (separation), അവതരണം(transition), പുനരേകോപനം (incorporation), എന്നീ അനുഷ്ഠാനപ്രക്രിയ(ritual process)യിലൂടെ സഞ്ചരിച്ചാണ് ഓരോ മുടിയേറ്റ് അവതാരകനും കടന്നുപോകുന്നത്. മുടിയേറ്റിന്റെ സാന്ദ്രതയ്ക്ക ടിസ്ഥാനം അതിന്റെ അനുഷ്ഠാനപ്രക്രിയ തന്നെയാണ്. ഈ അനുഷ്ഠാന പരമ്പരകൾ നാടോടിരംഗാവതരണത്തിന്റെ പ്രാചീനഭാഷയാണ് എന്നു പറയാം. ഈ ഗ്രാമീണക്കൂട്ടായ്മയ്ക്ക് പുറത്തുള്ളവർക്ക് മുടിയേറ്റ് ഒരു ദൃശ്യകല മാത്രമാണ്. ആധുനിക സമൂഹം മുടിയേറ്റിനെ ഒരു ദൃശ്യകല എന്ന രീതിയിലാണ് ഉൾക്കൊള്ളുന്നത്.

2. ഒരനുഷ്ഠാനം എന്ന നിലയിൽ മുടിയേറ്റിനെ എങ്ങനെ സംരക്ഷിക്കാം ?

മുടിയേറ്റ് എന്ന അനുഷ്ഠാനനാടോടിനാടകത്തിന്റെ നിലനിൽപുമായി ബന്ധപ്പെട്ട ഒരു ചോദ്യമാണിത്. അനുഷ്ഠാനവും നാടകവും ഇഴപിരിഞ്ഞുകിടക്കുന്ന നാടോടി സർഗാത്മകതയാണ് മുടിയേറ്റിനുള്ളത്. മുടിയേറ്റ് അനുഷ്ഠാനത്തിനുപിന്നിലുള്ള ആന്തരികതത്വങ്ങളിൽ പലതും സമകാലികപ്രസക്തിയുള്ളതാണ്. ആശ്വാസമന്ത്രവാദത്തിന്റെ (shamanism)

രീതിശാസ്ത്രം മുടിയേറ്റിനുണ്ട്. അതുപോലെ കാവുകളുടെ സംരക്ഷണം, നാടോടിത്തത്തിന്റെ ലീലാപരത, അനൗപചാരികകലാസ്വാദനം, പരിസ്ഥിതി ബോധം തുടങ്ങിയ കാലികഘടകങ്ങൾ മുടിയേറ്റിനുണ്ട്. മുടിയേറ്റിന്റെ അനുഷ്ഠാനത്തിന്റെ പരമ്പരാഗതമായ പല സ്വഭാവങ്ങൾക്കും ഇന്ന് പ്രസക്തിയില്ലെങ്കിലും സജീവരംഗാവതരണമായതിനാൽ(live performance) ആന്തരിക പുനർനിർമിതിക്ക് സാധ്യതകൾ ഉണ്ട്. അനുഷ്ഠാനം എന്ന നിലയിൽമാത്രം മുടിയേറ്റിനെ സംരക്ഷിക്കുവാൻ സാധ്യമല്ല.

3. അക്കാദമികതലത്തിൽ മുടിയേറ്റുപോലുള്ളവ പഠനവിഷയമാക്കുമ്പോൾ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാം ?

മുടിയേറ്റിന്റെ സാംസ്കാരികനരവംശശാസ്ത്രത്തേയും ലോകവീക്ഷണത്തേയും തിരിച്ചറിയാതെ മുടിയേറ്റിനെപ്പറ്റി പഠിക്കുവാൻ സാധിക്കുകയില്ല. പാഠം, അവതരണപാഠം, ശരീരഭാഷ, സ്വീകരണാസ്വാദനം എന്നിവയിലെല്ലാം ദേശീയസൗന്ദര്യതത്വങ്ങളാണ് (ethnoaesthetics) കലർന്നിരിക്കുന്നത്. ഇത് അക്കാദമിക് പഠനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. പ്രൊസീനിയം, ആധുനിക നാടകവേദിയുടെ മാനദണ്ഡങ്ങൾ ഉപയോഗിച്ച് മുടിയേറ്റിനെ സമീപിക്കുവാൻ കഴിയുകയില്ല. മുടിയേറ്റിന് അനവധി പാഠഭേദങ്ങളുണ്ട്. അവയുടെ വൈവിധ്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് വിവിധ കുലപരമ്പരകൾ അവതരിപ്പിക്കുന്ന മുടിയേറ്റിന്റെ അവതരണപാഠങ്ങൾ അപഗ്രഥനവിധേയമാക്കണം. മുടിയേറ്റിന്റെ ശുദ്ധമായ ഒരു പാഠം കണ്ടെത്തുക പ്രയാസമാണ്. ഓരോ അവതരണ സന്ദർഭത്തിലും ഊന്നിയ രംഗാവിഷ്ക്കാരമാണ് മുടിയേറ്റിനുള്ളത്. അതുകൊണ്ട് ആധുനികവും ആധുനികോത്തരവുമായ രംഗകലാതത്വങ്ങളു

(performance)ടെ വെളിച്ചത്തിൽമാത്രമേ മുടിയേറ്റിനെപ്പറ്റി പഠിക്കുവാൻ കഴിയുകയുള്ളൂ.

4. കലകളെ ഫോക്, ക്ലാസിക് എന്നിങ്ങനെയുള്ള തരംതിരിവ് ആവശ്യ മാണോ?

കേരളം രംഗകലകളുടെ ഒരു സമൃദ്ധഭൂമിക (hotspot of perfor mances) യാണ്. ഗോത്രകലകൾ, നാടൻകലകൾ, ക്രോഡീകൃതദൃശ്യ കലകൾ എന്നിങ്ങനെ മൂന്നുപാരമ്പര്യങ്ങൾ കേരളത്തിൽ കാണാം. ഇവയുടെ കലാചരിത്രവും വളർച്ചയും നൈരന്തര്യപാരമ്പര്യവും വേണ്ടവിധത്തിൽ പഠനവിധേയമായിട്ടില്ല. ക്രോഡീകൃതരംഗകലകൾക്ക് ആധാരമായ നാടോടി-ഗോത്രകലകളെപ്പറ്റിയുള്ള അന്വേഷണവും പ്രധാനമാണ്. ഇന്നത്തെ അന്തർവിജ്ഞാനപഠനങ്ങളുടെ വെളിച്ചത്തിൽ ഈ മൂന്നുപാരമ്പര്യങ്ങളേയും ഉൾക്കൊള്ളുന്ന വിധത്തിൽ traditional performances എന്ന് വ്യവഹരി ക്കുന്നതാണ് ഉചിതം. അന്തർസാംസ്കാരിക രംഗാവതരണങ്ങളുടെ (intercultural performances) അന്വേഷണങ്ങൾ നടക്കുന്ന കാലഘട്ടമാണിത്. സാംസ്കാരിക രംഗാവിഷ്ക്കാരങ്ങൾ എന്ന് വ്യവഹരിക്കുകയാണ് ഉചിതം. ഗോത്രകലകൾക്കും ഒരു ക്ളാസിക് പാരമ്പര്യമുണ്ട്. ചിലപ്പതികാരം കഥ ഇന്നും കൂത്തുപാട്ടുകളിലൂടെ കാത്തുസൂക്ഷിക്കുന്ന ഗോത്രപാരമ്പര്യം മലനാട്ടിലുണ്ട്. ആദിമാതൃആരാധന (primordial mother) കാത്തുസൂക്ഷിക്കുന്ന രംഗകലയാണ് മുടിയേറ്റ്.

5. മുടിയേറ്റ്പോലുള്ള അനുഷ്ഠാനകലകളെ അവ നിലനിർത്തുന്ന സാമൂഹ്യഘടനയിൽ വരുന്ന മാറ്റം എങ്ങനെ ബാധിക്കുന്നു ?

സാമൂഹ്യഘടനയിൽ വരുന്ന മാറ്റത്തോടൊപ്പം ഒരു പരിധിവരെ രംഗകലകളും പരിവർത്തനത്തിന് വിധേയമാകുന്നു. ഫ്യൂഡൽ സാമൂഹ്യ

ഘടനയിൽനിന്ന് ജനാധിപത്യഘടനയിലേയ്ക്ക് സമൂഹം മാറിയതോടെ കാവുകളുടെയും ക്ഷേത്രങ്ങളുടെയും ഭരണരീതിയിലും മാറ്റങ്ങൾ ഉണ്ടായി. രംഗാവതരണവും അനുഷ്ഠാനവും ആരാണ് പാട്രണേജ് ചെയ്യുന്നത് എന്നത് പ്രധാനപ്പെട്ട ഒന്നാണ്. വഴിപാടിൽനിന്ന് പ്രതിഫലത്തിലേയ്ക്ക് അവകാശ രീതികൾ മാറിയിട്ടുണ്ട്. മുടിയേറ്റിന്റെ അവതരണം ചില തറവാടുകൾക്കും കുടുംബങ്ങൾക്കും അവകാശപ്പെട്ടതാണ്. ഇന്ന് പാരമ്പര്യ അവകാശികൾ മാത്രമായി ഒരു ടീമിന് നിലനിൽക്കാനാവില്ല. കൊട്ടുകാരെയും കലാകാരന്മാരെയും പുറമേനിന്ന് വിളിക്കേണ്ടിവരുന്ന അവസ്ഥയുണ്ടാകുന്നു. അതുപോലെ ഇന്ന് ഉത്സവക്കമ്മറ്റികളും ക്ഷേത്രം-കാവ് ഭരണാധികാരികളും കുറേക്കൂടി സംഘടിതമായ ഒരു അധികാരാവകാശങ്ങൾ നേടിയെടുത്തിട്ടുണ്ട്. പ്രതിഫലവും വർദ്ധിച്ചിട്ടുണ്ട്. ഇന്ന് പാരമ്പര്യ-വഴിപാട് രംഗാവതരണങ്ങൾ മാത്രമായി മുടിയേറ്റിന് നിലനിൽക്കാനാകില്ല. അനുഷ്ഠാന സന്ദർഭങ്ങളിലല്ലാത്ത ഒരുപാട് ഇതര രംഗാവതരണങ്ങൾ സാംസ്കാരിക വ്യവസായ കാലത്ത് ഉണ്ടായിട്ടുണ്ട്. ഗവേഷണത്തിനായുള്ള രംഗാവതരണങ്ങൾ, ടൂറിസ്റ്റ് രംഗാവതരണങ്ങൾ, ഇതര സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമുള്ള രംഗാവതരണങ്ങൾ, സോദാഹരണ രംഗാവതരണങ്ങൾ തുടങ്ങിയ അവതരണ സന്ദർഭങ്ങളുടെ കാലമാണിത്. കൂടിയാട്ടം, കഥകളി തുടങ്ങിയ കലകളെ അനുകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി മുടിയേറ്റിന് അതിന്റെ നാടോടിത്തനിമ നഷ്ടപ്പെടുന്നതായി പലരും പറയുന്നു. അനുഷ്ഠാനത്തിൽ നിന്ന് ആസ്വാദനത്തിലേയ്ക്കുള്ള മാറ്റം ചില സന്ദർഭങ്ങളിൽ പ്രകടമാണ്.

6. അനുഷ്ഠാനകലകളുടെ കുതിച്ചുചാട്ടത്തിനിടയിൽ തികച്ചും പരമ്പരാഗതവും അനുഷ്ഠാനപരമായും അവതരിപ്പിക്കുന്ന മുടിയേറ്റിന്റെ അനുഷ്ഠാനാംശം ചോർന്നുപോകാതെ നിലനിർത്തേണ്ടത് ആവശ്യമാണോ ?

തെയ്യം, മുടിയേറ്റ്, പടയണി എന്നീ അനുഷ്ഠാനകലകൾ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അനുഷ്ഠാനാംശങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെയാണ് മാറ്റം ഉൾക്കൊള്ളുന്നത്. അനുഷ്ഠാനങ്ങളുടെ അന്തസത്ത അതുപോലെ നിലനിർത്തണമെന്ന് വാശിപിടിക്കുന്നതും ശരിയല്ല. സാമൂഹ്യമാറ്റങ്ങൾ, കലാസ്വാദനത്തിലെ വ്യതിയാനങ്ങൾ, നവമാധ്യമങ്ങളുടെ കടന്നുവരവ്, ദൃശ്യകലാഗവേഷണങ്ങൾ എന്നിവവഴി അനുഷ്ഠാനകലകൾക്ക് കാതലായ പരിണാമങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മുടിയേറ്റിന്റെ അടിസ്ഥാന അനുഷ്ഠാനഭാഷയും രംഗഭാഷയും നിലനിർത്തിക്കൊണ്ടുള്ള പരിണാമങ്ങൾ ആശാസ്യമാണ്. നവഫോക്‌ലോറും നാഗരികഫോക്‌ലോറും ജന്മമെടുത്തുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ മാറ്റങ്ങൾ സാമൂഹ്യനിയമമാണ്.

7. പ്രധാനപ്പെട്ട ചില ദൃശ്യകലകൾ ആവിർഭവിച്ചത് ആരാധനാരൂപത്തിൽ അനുഷ്ഠാനങ്ങളായിട്ടാണ്. ഇവ അനുഷ്ഠാനകലകളും സുകുമാര കലകളുമായി വേർതിരിയുന്നത് ഏതു ഘട്ടത്തിലാണ് ?

മാർഗി-ദേശി, ലോകധർമി-നാട്യധർമി, ഉലകവഴക്കം-നാടകവഴക്കം, നൃത്തം, നൃത്യം-നാട്യം, രൂപകങ്ങൾ-സട്ടകങ്ങൾ തുടങ്ങിയ പരികൽപനകളെല്ലാം രംഗകലകളെ വർഗീകരിക്കുന്നതിനും മനസ്സിലാക്കുന്നതിനുമായി ഉണ്ടായിട്ടുള്ളതാണ്. പാരമ്പര്യ രംഗകലകളുടെ പൊതുസ്വഭാവമാണ് ആരാധന. സമർപിതമായ ഭാവം മിക്ക കലകൾക്കുമുണ്ട്. ഗുരുകുലസമ്പ്രദായം, പാരമ്പര്യപരിശീലനം, അരങ്ങേറ്റം, അവതരണം എന്നിവ ഓരോ രംഗകലകളുടെയും വളർച്ചയിൽ കാണാവുന്നതാണ്. രസാസ്വാദനത്തിനും കലാസ്വാദനത്തിനും മാത്രമായുള്ള സുകുമാര കലകൾക്കും ഈ സമർപിതഭാവം കാണാം. അധികാരശ്രേണിയിൽ

അധിഷ്ഠിതമായ വികസിത സമൂഹത്തിലാണ് സുകുമാരകലകൾ വേർതിരിയുന്നത്. സമൂഹത്തിലെ ന്യൂനപക്ഷം വരുന്ന അഭിജാത സംസ്കാരത്തിലാണ് പരിഷ്ക്കരിക്കപ്പെട്ട ഇത്തരം ക്രോഡീകൃതകലകൾ ഉത്ഭവംകൊള്ളുന്നത്. പ്രേക്ഷകപങ്കാളിത്തം ഇത്തരം കലകളിൽ കുറവായിരിക്കും.

8. സാധാരണ ദൃശ്യരൂപങ്ങൾ രംഗകലകളായും ചിത്രരൂപങ്ങളായും രണ്ടു തരത്തിലുണ്ട്. ഇവ രണ്ടും വെവ്വേറെ വ്യക്തിത്വങ്ങളുള്ളവയും വേറിട്ട് നിൽക്കുന്നവയുമാണ്. സൗന്ദര്യശാസ്ത്രപരമായി ഇവയുടെ ആസ്വാദനം ഏകരൂപമല്ല. എന്നാൽ രംഗക്കാഴ്ചയും ധൂളീചിത്രവും മറ്റൊരിടത്തു മില്ലാത്തപോലെ മുടിയേറ്റിൽ ഏകരൂപമായി വർത്തിക്കുന്നു. ഈ സങ്കലനത്തിന്റെ സൗന്ദര്യശാസ്ത്രപരമായ വിശദീകരണം എന്താണ് ?

പ്രകൃതിയിലെ തത്വങ്ങളെ ദൃശ്യരൂപത്തിൽ പുനരാവിഷ്ക്കരിക്കുമ്പോഴാണ് കളമെഴുത്തും ശരീരഭാഷയും ജന്മമെടുക്കുന്നത്. മാതൃദൈവാരാധനയും ശക്തിയാരാധനയും കൂടിക്കുഴഞ്ഞുകിടക്കുന്ന രംഗാവതരണമാണ് മുടിയേറ്റ്. പ്രാചീന മാതൃദൈവാരാധന ഒരു പുരാവൃത്തത്തിന്റെ കെട്ടുറപ്പോടെ ദൃശ്യവൽക്കരിക്കുന്ന രൂപാന്തരീകരണം ദേശമുടിയേറ്റിനുണ്ട്. പ്രകൃതി > കളം > പുരാവൃത്തം > ശരീരം എന്നീ മാന്ത്രികമാറ്റം ഈ അനുഷ്ഠാനകലയ്ക്കുണ്ട്. ഒരു ഗ്രാമീണമനസ്സിന്റെ ലളിതമായ ബോധ (consciousness)ത്തിൽനിന്നും ഉണ്ടായ ലാവണ്യചരിത്രം മുടിയേറ്റിനുണ്ട്. പഞ്ചവർണങ്ങളിലൂടെയുള്ള ഭൂമിക്കാഴ്ചയിൽനിന്ന് കാവു വട്ടത്തെ ചലനാത്മകമായ പുരാവൃത്തശരീരഭാഷയിലേയ്ക്കുള്ള പരിണാമ മാണിത്. നിറങ്ങളുടെയും വെളിച്ചത്തിന്റെയും മാന്ത്രികമായ മാനങ്ങൾക്ക് പ്രാധാന്യമുള്ള കലകളാണ് തെയ്യവും മുടിയേറ്റും പടയണിയും. കളത്തിലെ കാളിയെ അണിയലങ്ങളോടെ ശരീരത്തിൽ പുന:സൃഷ്ടിച്ച് ഒരു സജീവ

രംഗാവതരണം സൃഷ്ടിക്കുകയാണ് ലക്ഷ്യം. കേരളീയവംശീയസൗന്ദര്യ ബോധത്തിന്റെ കലാതന്ത്രമാണിത്.

9. യുനെസ്കോയുടെ അംഗീകാരം ലഭിച്ചതുകൊണ്ട് ഇതിന്റെ ഭാവി സുരക്ഷിതമാണോ ? മുടിയേറ്റിനെക്കുറിച്ച് ധാരാളം പഠനം നടത്തിയിട്ടുള്ള ഒരാൾ എന്ന നിലയിൽ സാറിന്റെ അഭിപ്രായം എന്താണ് ? സമീപഭാവിയിൽ ഇതിനെന്തെല്ലാം മാറ്റങ്ങളാണ് നമുക്ക് പ്രതീക്ഷിക്കാവുന്നത് ?

യുനെസ്കോ world intangible heritage-ൽ ഉൾപ്പെടുത്തി മുടിയേറ്റിനെ അംഗീകരിച്ചത് അടുത്തകാലത്താണ്. മുന്നൂറ്റമ്പത് കൊല്ലത്തോളമുള്ള വ്യക്തമായ ചരിത്രം നമുക്കു മനസ്സിലാക്കാൻ കഴിയുന്നു. അതിനുമുൻപുള്ള പ്രാചീന മുടിയേറ്റുരംഗാവതരണങ്ങളുണ്ടായിരിക്കാം. കൂടിയാട്ടവും കഥകളിലും വേദസംഗീതവും കഴിഞ്ഞാൽ പിന്നെ ഏറ്റവുമധികം ശ്രദ്ധിയ്ക്കുന്നത് മുടിയേറ്റുപോലുള്ള അനുഷ്ഠാന രംഗാവതരണങ്ങളാണ്. ലോകശ്രദ്ധ നേടിയതിനാൽ മുടിയേറ്റിനെപ്പറ്റി ആഴത്തിലുള്ള പഠനങ്ങൾ ഉണ്ടായേക്കാം. സാംസ്കാരിക വൈവിധ്യം അംഗീകരിച്ചുകൊണ്ടുള്ള അന്താരാഷ്ട്ര നിയമപരിരക്ഷകൾ ഇത്തരം കലകൾക്ക് ലഭിച്ചേക്കാം. തലമുറകളിൽനിന്ന് തലമുറകളിലേയ്ക്ക് കൈമാറുന്നതും തനതുസമൂഹങ്ങൾ സ്ഥിരമായി പുനഃസൃഷ്ടിക്കുന്നതും സ്വന്തം പ്രകൃതി ആവാസവ്യവസ്ഥയുമായി ചേർന്ന്, ചരിത്രത്തിന്റെ ഭാഗമായി സ്വത്വത്തെയും നൈരന്തര്യത്തെയും ആവിഷ്ക്കരിക്കുന്നതാണ് ഈ രംഗാകലാപൈതൃകങ്ങൾ. സാംസ്കാരികപൈതൃകപാരമ്പര്യമുള്ള സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി, അതുല്യകലകൾ സംരക്ഷിക്കുക യാണ് യുനെസ്കോയുടെ ലക്ഷ്യം.

ഡോ. എച്ച്. സദാശിവൻപിള്ള,

പ്രിൻസിപ്പൽ,

ഡി.ബി.കോളേജ്, കീഴൂർ.

1. ദൃശ്യകലാരൂപങ്ങളെ classical, folk, realistic എന്നൊക്കെ തരം തിരിയ്ക്കാതെ, ചില പണ്ഡിതന്മാർ, little tradition, higher tradition എന്നിങ്ങനെ സാമൂഹ്യനിലവെച്ച് വേർതിരിച്ചു പഠിയ്ക്കാറുണ്ടണ്ട്. കലാപഠനത്തിൽ ഇത്തരത്തിലുള്ള വേർതിരിവ് പ്രസക്തമാണോ ?

അനുഷ്ഠാനകലകളുടെയും ദൃശ്യകലാരൂപങ്ങളുടെയും ചരിത്ര പരവും സാമൂഹികവുമായ വികാസപരിണാമങ്ങളെപ്പറ്റിപഠിക്കുവാനുള്ള സൗകര്യാർഥമാണ് classical, folk എന്നീ രണ്ടു ധാരകളായി തരം തിരിച്ചിരിയ്ക്കുന്നത്. സാമൂഹികമായി ഉച്ചനീചത്വം നിലനിന്നിരുന്ന കാലഘട്ടംമുതൽതന്നെ ഇവയ്ക്കു രണ്ടുരീതിയിലുള്ള അസ്തിത്വം തന്നെയായിരുന്നു സമൂഹത്തിൽ നിലനിന്നിരുന്നത്. Text, performer, audience എന്നീ ഘടകങ്ങളിലും സുവ്യക്തമായ വേർതിരിവ് ഈ കലകളിൽ പ്രകടമായിരുന്നു. അതുകൊണ്ടുതന്നെ രണ്ടും രണ്ടായിത്തന്നെ പഠിയ് ക്കേണ്ടിവന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിലായിരുന്നു ഇവ തമ്മിൽ കുറെയെങ്കിലും കൊള്ളക്കൊടുക്കലുകൾ ഉണ്ടാകുന്നതുതന്നെ. എങ്കിലും ഇപ്പോഴും അവയുടേതായ വ്യതിരിക്തത അവ പുലർത്തുന്നുണ്ട്. Higher tradition എന്നതും little tradition എന്നതും ക്ളാസിക്കലിന്റെയും ഫോക്കിന്റെയും പരവിശേഷണങ്ങളാണ്. മലയാളത്തിൽ ആദ്യമായി ക്ളാസിക്കലും നാടോടിയുമെന്ന പദാവലി അനുവാചകരെ പരിചയ പ്പെടുത്തിയവരിൽ പ്രമുഖൻ ജി.ശങ്കരപ്പിള്ളയാണ്. തന്റെ നാടകപഠന

ത്തിലൂടെയാണ് ഇത് അനുവാചകരിലെത്തിച്ചത്. ആധുനികനാടകങ്ങളുടെ, പ്രത്യേകിച്ച് തനതുനാടകങ്ങളുടെ രചനകളിലും അവതരണങ്ങളിലും ക്ലാസിക്കലിന്റെയും ഫോക്കിന്റെയും ഒട്ടനവധി അംശങ്ങൾ കൂടിച്ചേർന്ന് കൂടുതൽ ശക്തിയായ തലങ്ങളിലേയ്ക്ക് നയിക്കപ്പെടുന്നതു കാണാം. മുടിയേറ്റ്, തെയ്യം, പടയണി മുതലായ അനുഷ്ഠാനനാടകങ്ങളിലും കാവാലം തിയേറ്ററുകളിലും ഈ സംയോജനം പുതിയ സൗന്ദര്യാനുഭൂതി സൃഷ്ടിക്കുന്നതു കാണാം.

2. ഒരു പ്രത്യേക സമൂഹത്തിന്റെ ഒരു സവിശേഷ കാലഘട്ടത്തിലെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനാണ് അനുഷ്ഠാനകലകൾ രൂപംകൊണ്ടത്. ആ സമൂഹഘടന മാറുന്നതോടെ അനുഷ്ഠാനകലകളും അപ്രസക്തമാകുന്നുണ്ടോ ? അങ്ങനെയെങ്കിൽ മുടിയേറ്റ്, തെയ്യം പോലുള്ള അനുഷ്ഠാനങ്ങൾക്ക് ആധുനിക കാലഘട്ടത്തിലുള്ള പ്രസക്തി നഷ്ടപ്പെടില്ലേ ?

അനുഷ്ഠാനങ്ങളിൽനിന്നാണ് അനുഷ്ഠാനകലകളിലേക്കുള്ള പരിവർത്തനം സംഭവിച്ചത്. അനുഷ്ഠാനങ്ങളുടെ ഉരുത്തിരിയൽതന്നെ പ്രകൃതിശക്തികളെ പ്രീതിപ്പെടുത്താനുള്ള ആദിമമനുഷ്യന്റെ ഭയത്തിൽ നിന്നാണല്ലോ ? കേവലം ഭയഭക്തി കലർന്ന ഒരു ആരാധനാ മനോഭാവത്തിൽനിന്നും ആസ്വാദനതലത്തിലേക്ക് അതുയരുകയുണ്ടായി. എല്ലാ സമ്പൂർണകലകളുടെയും ആത്യന്തികലക്ഷ്യം ‘ to instruct and entertain' (പഠിപ്പിക്കുക, സന്ദേശം നൽകുക), ആസ്വദിക്കുക എന്നതാണ്. ഈ രീതിയിൽത്തന്നെയാണ് അനുഷ്ഠാനകലകളെയും സമീപിക്കേണ്ടത്. പഠിപ്പിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുക എന്ന പ്രക്രിയകളുടെ സന്തുലിതാവസ്ഥയിലാണ് അനുഷ്ഠാനകലകളുടെയും അസ്തിത്വം. മുടിയേറ്റിന്റെയും തെയ്യത്തിന്റെയും ഇപ്പോഴുള്ള പ്രസക്തിയും ഇവിടെയാണ്. ആധുനിക കാലഘട്ടത്തിലെ അനുവാചകന് ആസ്വാദനതലമാണ് അവ

കൂടുതൽ നൽകുന്നത്. ഇവയുടെ അവതരണങ്ങളിൽ ഭാഗഭാക്കാവുമ്പോൾ ഈ അനുഭവമാണ് ഉണ്ടാകുന്നത്. ഈ ഒരു തലത്തിൽനിന്നും (ആസ്വാദന തലത്തിൽനിന്നും) വീക്ഷിച്ചാൽപോലും അവയ്ക്ക് പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല എന്നുകാണാം. ദൃശ്യകലകളുടെ ആസ്വാദ്യതയ്ക്കാവശ്യമായ എല്ലാ ഘടകങ്ങളും (ആംഗിക-വാചിക-ആഹാര്യ-സാത്വികഘടകങ്ങൾ) ഏറ്റക്കുറച്ചിലുകളോടെ ഇവയിൽ സന്നിവേശിച്ചിരിക്കുന്നു എന്നതുതന്നെ ഇതിന്റെ കാരണം.

ദൃശ്യകലകളുടെ കലാതത്വങ്ങളുടെ സൗന്ദര്യശാസ്ത്രം ഇവയിൽ അത്ഭുതകരമായ രീതിയിൽ സന്നിവേശിപ്പിക്കപ്പെട്ടിരിക്കുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് സാധാരണജീവിതത്തിൽ വിലക്കപ്പെട്ടതോ ലഭ്യമല്ലാത്തതോ ആയ ശക്തി പ്രയോഗിക്കാനുള്ള മോഹമോ ആവശ്യ കതയോ പൂർവനിശ്ചിതമായ രീതിയിൽ പ്രതിരൂപവത്ക്കരിക്കുന്ന കലാരൂപ ങ്ങളാണ് ഇവകളെന്നു കാണാം. ഇവയിൽക്കൂടി പ്രേക്ഷകനു ലഭിയ്ക്കുന്നത് ഒരു vicarious pleasure (നിശബ്ദസാക്ഷിയായിരിക്കുമ്പോഴും തന്നിൽ ക്കൂടിയാണ് അതു സംഭവിക്കുന്നത് എന്ന തോന്നൽ) ആണ്. അനുഷ്ഠാന കലകൾ ഇപ്പോഴും നിലനിൽക്കുന്നുവെന്നുവച്ചാൽ ഏതോ അംശങ്ങൾ അവയുടെ പ്രാഭവം ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്നുവെന്നു തന്നെയാണ്. മതവിശ്വാസങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുമ്പോൾ തന്നെ, സാമൂഹികമായ ചില ഉത്തരവാദിത്വങ്ങളും അവ നിറവേറ്റുന്നതായി കാണാം. സമൂഹത്തിലെ അംഗങ്ങളെ ഏതോ തലങ്ങളിൽ അവ പരസ്പരം ബന്ധിപ്പിക്കുകയും കെട്ടുറപ്പുനൽകുകയും ചെയ്യുന്നു. ആ രീതിയിൽപ്പോലും ഈ കലകളുടെ സാംഗത്യം ഇപ്പോഴും തുടരുകയാണ്.

3. മുടിയേറ്റ് ഒരു തിയേറ്റർ ആണോ ? എങ്കിൽ തെയ്യം, തിറ, പടയണി എന്നീ മറ്റു കലാരൂപങ്ങളിൽനിന്നും മുടിയേറ്റിനെ വേർതിരിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

തിയേറ്ററിന്റെ വീക്ഷണകോണിലൂടെ മുടിയേറ്റിനെ പഠിക്കുന്ന പഠിതാവിന് മുടിയേറ്റ് സമ്പൂർണമായ ഒരു തിയേറ്റർ തന്നെയാണ്. അരങ്ങുകളുടെ അരങ്ങ് എന്നുപോലും ഇതിനെ വിശേഷിപ്പിക്കാം. ലോകനാടകവേദിയെ [(West : Greek, Roman, Elizabethan ) - (East : Sanskrit, Japanese, Roman)] അഗാധമായ ഒരു പഠനത്തിനു വിധേയമാക്കുമ്പോൾ നാടകകലയുടെ ചിരന്തനമായ അംശങ്ങൾ ഇവയാണ്. (1) ജീവിതഗന്ധിയായ സുശക്തപ്രമേയം (2) ശക്തമായ പെർഫോമൻസ് അല്ലെങ്കിൽ പെർഫോമർ (അഭിനേതാവ്, അഭിനയം) (3) സംഭാഷണം (dialogue) (4) ആഹാര്യം (costume) (5) തൗര്യത്രികം (ഗീതനൃത്ത വാദ്യങ്ങൾ) (music), (6) അരങ്ങ് (space) (7) പ്രേക്ഷകൻ (audience). ഈ നിലയിൽ മുടിയേറ്റ് സമ്പൂർണമായ ഒരു തീയേറ്റർ തന്നെയാണ്. ഈ അംശങ്ങൾ മുടിയേറ്റിൽ സന്നിവേശി പ്പിച്ചിരിക്കുന്നത് ഭക്തിയുടെ അംശവും വിശ്വാസവും കലർത്തിയാണെന്നു മാത്രം. ഈ നാടകീയാംശങ്ങളുടെ വിസ്മയകരമായ സന്നിവേശമാണ് മുടിയേറ്റിനെ മറ്റ് അനുഷ്ഠാനകലകളായ തെയ്യം, പടയണി മുതലായ വയിൽനിന്ന് വേർതിരിച്ചിരിക്കുന്നത്. തെയ്യത്തിലും പടയണിയിലും നാടകത്തിന്റേതായ പല അംശങ്ങളും ഇല്ലാത്തതായോ മങ്ങിയതായോ കാണാം. (ഉദാ: പ്രകടമായ theme, character conflict (കഥാപാത്ര സംഘർഷം), dialogue, തുടങ്ങിയവ.) മുടിയേറ്റിനെ ‘കാളിനാടകം’ (Dr. S.K. Nair) എന്നുപോലും വിളിക്കുന്നുണ്ട്.

ലോകനാടകവേദിയിലെ അവതരണരീതികൾ മുടിയേറ്റിൽ എങ്ങനെ കാണപ്പെടുന്നു എന്നറിയുന്നത് കൗതുകകരമാണ്. സംസ്കൃത നാടകങ്ങളിലെ (ഭാസ-കാളിദാസ നാടകങ്ങൾ) നാന്ദിയുടെ സ്ഥാനമാണ് മുടിയേറ്റിലെ അരങ്ങുവാഴ്ത്തലിന്. ഇവിടെ performance space (അവതരണസ്ഥലം) ഗ്രീക്ക് നാടകവേദിയിലെപ്പോലെ തുറസ്സായ സ്ഥലമാണ്. കൈലാസംമുതൽ പാതാളംവരെയുള്ള ലോകങ്ങൾ ഇവിടെ സൃഷ്ടിക്കപ്പെടുന്നു. ആധുനിക നാടകവേദിയിൽ (proscenium theatre) ഉപയോഗിക്കുന്ന കർട്ടൻ ഇവിടെ ഉപയോഗിക്കുന്ന തിരശ്ശീലപോലെയാണ്. സ്ഥലകാലരംഗമാറ്റങ്ങൾ ഇവകൊണ്ടു സാധിക്കുന്നു. അരങ്ങും പ്രേക്ഷകനും തമ്മിൽ വേർതിരിയുന്ന അതിർവരമ്പുകളില്ലാത്ത പ്രാചീന ഗ്രീക്ക് നാടകവേദിയായ അരീനാ തീയേറ്റർ സങ്കൽപം മുടിയേറ്റിൽ കാണാം. ക്ഷേത്രാങ്കണത്തിലോ ക്ഷേത്രത്തിനോടുചേർന്ന താഴ്ന്ന വയലുകളിലോ അരങ്ങേറുന്ന മുടിയേറ്റ്, ഏഥൻസിലെ അക്രോപ്പോളിൻ മലയോരത്ത് അരിഞ്ഞിറക്കിയ കൽപടവുകൾക്കുതാഴെ സൃഷ്ടിച്ച 'ഓർക്കസ്ട്ര' എന്ന നാടകവേദിയെ അനുസ്മരിപ്പിക്കുന്നു. ഗംഭീരങ്ങളായ സംഭാഷണശകലങ്ങൾ ഉരുവിടുന്ന അതിശക്തരായ കഥാപാത്രങ്ങളാണ് ഇതിലുള്ളത്. ഭദ്രകാളി, ദാരികൻ, ദാനവേന്ദ്രൻ, ശിവൻ, നാരദൻ, കോയിമ്പിടനായർ, കൂളികൾ, നന്ദിമഹാകാളൻ, വേതാളം മുതലായവർ. ഭരതമുനി നാട്യശാസ്ത്രത്തിൽ പരാമർശിക്കുന്ന ചലനക്രമങ്ങൾ ഒട്ടുമുക്കാലും ഇതിൽക്കാണാം. (ഇരുന്നാട്ടം, പതിഞ്ഞാട്ടം, ഇളകിയാട്ടം, പകർന്നാട്ടം, തുടങ്ങിയവ). അനുവാചകർക്ക് പകരുന്ന ആഹാര്യമാണ് ഇവിടെയുള്ളത്. സുകുമാരകലകളുടെ ഒരു സന്നിവേശംതന്നെ ഇവിടെ സംഭവിക്കുന്നു. ചിത്രമെഴുത്ത് (കാളി-ദാരികന്മാരുടെ മുഖത്തെഴുത്ത്, കാളിയുടെ ധൂളീചിത്രം, ശില്പവിദ്യ(മുടി,

ദാരികദാനവന്മാരുടെ കിരീടം, കാളിയുടെ കടിസൂത്രം) ഇവ ഉദാഹരണ ങ്ങളാണ്. രംഗവിഭജനങ്ങൾ നടനകലയുടെ മർമ്മം കണ്ടറിഞ്ഞരീതിയിൽ ത്തന്നെയാണ്- കളമെഴുത്തുംപാട്ടും, അരങ്ങുകേളി, അരങ്ങുവാഴ്ത്തൽ, ശിവ-നാരദസംവാദം, പുറപ്പാട്, കോയിമ്പിടനായരുടെ വരവ്, ദാനവേന്ദ്രനും ദാരികനും തമ്മിലുള്ള dialogue, ദാരികവധം, കുട്ടികളെ എടുക്കൽ, പന്തമുഴിയലും, മുടിയുഴിച്ചിലും, അങ്ങനെ ആരോഹണക്രമത്തിലുള്ള രംഗങ്ങൾ അത്ഭുതകരമായ ഒരു തിയേറ്റർ അനുഭവം തന്നെയാണു നൽകുന്നത്. അപ്പോൾ ഇത് നാടകകലയെന്ന രീതിയിൽപോലും ലോക നാടകവേദിയിൽ അനശ്വരതയാർജിയ്ക്കുമെന്ന് ഉറപ്പിച്ചുപറയുവാൻ സാധിക്കും.

4. സാധാരണ ദൃശ്യരൂപങ്ങൾ രംഗകലകളായും ചിത്രരൂപങ്ങളായും രണ്ടുതരത്തിലുണ്ട്. ഇവ രണ്ടും വെവ്വേറെ വ്യക്തിത്വങ്ങളുള്ളവയും വേറിട്ട് നിൽക്കുന്നവയുമാണ്. സൗന്ദര്യശാസ്ത്രപരമായി ഇവയുടെ ആസ്വാദനം ഏകരൂപമല്ല. എന്നാൽ രംഗക്കാഴ്ചയും ധൂളീചിത്രവും മറ്റൊരിടത്തുമില്ലാത്ത പോലെ മുടിയേറ്റിൽ ഏകരൂപമായി വർത്തിക്കുന്നു. ഈ സങ്കലനത്തിന്റെ സൗന്ദര്യശാസ്ത്രപരമായ വിശദീകരണം എന്താണ് ?

ഇതിന്റെ ഉത്തരം കാളിയുടെ ഐതീഹ്യചരിത്ര വിശ്വാസവുമായി ബന്ധപ്പെട്ടുകിടക്കുന്നു. കാളീ-ദാരിക മിത്തിൽ അധിഷ്ഠിതമായിരിക്കുന്ന അനുഷ്ഠാനകലകളാണല്ലോ കളമെഴുത്ത്, മുടിയേറ്റ്, പടയണി എന്നിവ. ദാരികവധത്തിനായി പരമശിവന്റെ ജടയിൽനിന്ന് ഉത്ഭവിച്ചവളാണ് കാളി എന്ന മിത്ത്. മുടിയേറ്റിൽ ദാരികവധം അവതരിപ്പിക്കുന്നു. പടയണിയിൽ വിജയശ്രീലാളിതയായ കാളിയുടെ എഴുന്നെള്ളത്താണ് അവതരിപ്പിക്കുന്നത്. ദാരികവധത്തിനുശേഷം കോപമടങ്ങാത്ത രൗദ്രയായ കാളിയെ ശാന്തയാ

ക്കുവാനാണ് കളമെഴുത്ത് നടത്തുന്നതെന്നാണ് മിത്ത്. തന്റെ തന്നെ ധൂളീചിത്രം കണ്ട് പൊട്ടിച്ചിരിച്ച് കാളിയുടെ കോപമടങ്ങി എന്നാണ് വിശ്വാസം. ഈ മിത്തിന്റെ ഭാഗമായാണ് മുടിയേറ്റിൽ കാളിയുടെ ധൂളീചിത്രം വിരചിതമായിരിക്കുന്നത് എന്നുവേണം അനുമാനിക്കാൻ, ധൂളീചിത്രങ്ങളും രംഗകാഴ്ചകളും ഒരുമിച്ചുതന്നെ അനുഷ്ഠാനകലകളുടെ അവതരണ സമയത്ത് (ഉദാ: പാന, തീയാട്ട്) സന്നിവേശിപ്പിച്ചിരിക്കുന്നതു കാണാം. ആധുനിക ആസ്വാദനതലത്തിൽ കളമെഴുത്തിന് സ്വന്തമായ അസ്തിത്വം തന്നെയുണ്ടെന്നും ഓർക്കേണ്ടതുണ്ട്. (തീയാട്ടിലെയും മുടിയേറ്റിലെയും കളംമായ്ക്കൽച്ചടങ്ങ് ദാരികവധവുമായി ബന്ധപ്പെട്ടു കിടക്കുന്നു) എന്നാൽ സൗന്ദര്യശാസ്ത്രപരമായ സമീപനം ഇവയുടെ ആസ്വാദനത്തിന് ആവശ്യമാണ്. നാടകം കലകളുടെ സന്നിവേശമാണെങ്കിൽ മുടിയേറ്റിൽ അതുതന്നെയാണ് സംഭവിക്കുന്നത്. അത് നവഭാവുകത്വം പകർന്നുനൽകുന്ന സൗന്ദര്യദർശനമാണ്.

5. ഇന്നത്തെ മാറിയ സാഹചര്യത്തിൽ മുടിയേറ്റിന്റെ ഭാവി എന്താണ് ? ഇതെങ്ങനെ സംരക്ഷിക്കാം ?

ക്ഷേത്രാചാരങ്ങളും ക്ഷേത്രവിശ്വാസവും അനുഷ്ഠാനത്തിന്റെ ശക്തങ്ങളായ ആധ്യാത്മിക മുഖങ്ങളാണ്. ആധ്യാത്മികതയുടെ നിറവ് അനുഷ്ഠാനകലകളിൽ നിലനിൽക്കുന്നിടത്തോളം അവ കാലത്തെ അതിജീവിയ്ക്കുകതന്നെ ചെയ്യും. മനുഷ്യാസ്തിത്വത്തിന്റെ ആശങ്കകളെ മറികടക്കാനുള്ള ഉപാധിയാണല്ലോ മനുഷ്യന് ആധ്യാത്മികത. ക്ഷേത്രാരാധന നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ അവിഭാജ്യഘടകമാണ്. ആ രീതിയിലും അതിന്റെ ഭാഗമായി അനുഷ്ഠാനകലകൾ നിലനിൽക്കും.

അതിവേഗതയിലുള്ള ശാസ്ത്രവളർച്ച മനുഷ്യനെ ആധ്യാത്മികതയിൽനിന്ന് അകറ്റുന്നുണ്ടോ എന്ന് സംശയിക്കപ്പെടും. എന്നാൽ ഈ കലകളുടെ ആത്മാവ് പ്രകൃതിയുമായി ബന്ധപ്പെടാനുള്ള അദൃശ്യമായ ഒരു മാധ്യമമാണെന്നതാണ് സത്യം. അതിന്റെ നഷ്ടപ്പെടൽ മനുഷ്യനും പ്രകൃതിയുമായുള്ള അനിഷേധ്യമായ ബാന്ധവത്തിന്റെ അതിശക്തമായ ഒരു കണ്ണിയുടെ തകർച്ചയാണ്. അതുകൊണ്ടുതന്നെ അവയുടെ സംരക്ഷണം മനുഷ്യാസ്തിത്വവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

നാടകാവിഷ്ക്കാരവുമായി താരതമ്യപ്പെടുത്തുമ്പോൾ ദൃശ്യകലയെന്ന രീതിയിൽ പലപരിമിതികളും അനുഷ്ഠാനകലകൾക്കുണ്ട്. പ്രധാനമായും അതിലുള്ള ആട്ടപ്രകാരങ്ങൾ (acting scores) സ്ഥിരമായുള്ളതാണ് (fixed). അതുകൊണ്ടുതന്നെ ഇവിടെ സംവിധായകർക്കും അഭിനേതാക്കൾക്കും പരിമിതികളുണ്ട്. നാടകത്തിൽ ആവിഷ്ക്കാരത്തിന് അനന്തസാധ്യതകളുണ്ട്. സംവിധായകന്റെ പ്രതിഭയാണ് അതിനെ കലാസൗന്ദര്യത്തിന്റെ ഭിന്നതലങ്ങളിലേയ്ക്ക് ഉയർത്തുന്നത്. കാലാനുസൃതമായ സാങ്കേതിക വളർച്ചയുടെ അപാരമായ സാധ്യതകൾ നാടകത്തെ ആഗിരണം ചെയ്യപ്പെടുമ്പോൾ, അനുഷ്ഠാനകലകളിൽ വളരെ പരിമിതമായേ അതു സംഭവിക്കുന്നുള്ളൂ, അല്ലെങ്കിൽ സംഭവിയ്ക്കപ്പെടാവൂ; അവയുടെ സ്വത്വത്തെ ബാധിക്കും എന്നുള്ളതുകൊണ്ടാണ്.

നാടകകല, മാറുന്ന സമൂഹത്തിനൊപ്പം ആവിഷ്ക്കാരകൗശലവും പുതുമയാർന്നതാകുകയും, പുതിയ ഭാവുകത്വം സൃഷ്ടിച്ച് മാറുന്ന തലമുറകളെ തൃപ്തിപ്പെടുത്തുകയും ചെയ്യുമ്പോൾ, അനുഷ്ഠാനകലകൾക്ക് അതു സാധിക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കപ്പെടേണ്ടതുണ്ട്. മാറുന്ന

ഭാവുകത്വത്തെ ഇവയ്ക്കെങ്ങനെ തൃപ്തിപ്പെടുത്താം എന്നതാണ് ചോദ്യം. ക്ഷേത്രാങ്കണത്തിലോ പരിസരത്തോ ഒതുങ്ങിനിന്ന ഈ അനുഷ്ഠാനകല, കലാരൂപമെന്ന നിലയിൽ ഇപ്പോൾ പുറത്ത് അവതരിപ്പിയ്ക്കപ്പെടുകയും ആസ്വദിയ്ക്കപ്പെടുകയും ചെയ്യുന്നുണ്ട്. കാലാനുസൃതം മാറുന്ന ദൃശ്യസംസ്കാരത്തിന് എത്രത്തോളം സംഭാവന (ഇതിൽനിന്നും എത്ര ത്തോളം ഊർജം പകർന്നുകിട്ടുമെന്ന്) മുടിയേറ്റിന് നൽകാനാവുമെന്ന് അന്വേഷിച്ചു കണ്ടെത്തിയാൽ ഒരു ദൃശ്യകല എന്ന നിലയ്ക്കുപോലും ഇതിന് അതിജീവനം സാധ്യമാകുമെന്ന് ഉറപ്പിച്ചു പറയുവാൻ സാധിക്കും.

ഡോ. സി.കെ.തോമസ്,

ഡയറക്ടർ , ദൂരദർശൻ,

തൃശൂർ,

1. മുടിയേറ്റിന് "UNESCO' യുടെ അനശ്വരപൈതൃകപദവി ലഭിയ്ക്കുന്നതിന് താങ്കൾ വളരെ പരിശ്രമിച്ചിട്ടുണ്ടല്ലോ? അതിന്റെ പശ്ചാത്തലം വിശദമാക്കാമോ?

2004-ൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ കുടുംബത്തിലുണ്ടായ പ്രത്യേകസാഹചര്യത്തിൽ, കുടുംബാംഗങ്ങളെല്ലാവരും ഒന്നിച്ചുകൂടുകയും, അന്നുവരെ വ്യാപൃതരായിരുന്ന മേഖലകളിൽനിന്ന് പിന്തിരിയുകയും, മറ്റേതെങ്കിലും മേഖലകളിൽ വ്യാപൃതരാകുന്നതിനെക്കുറിച്ച് കുടുംബാംഗങ്ങളെല്ലാം ചേർന്ന് ആലോചിച്ചതിന്റെ ഫലമായി ഞങ്ങൾ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ വ്യാപൃതരായിട്ടുള്ള മുടിയേറ്റിലേയ്ക്ക് തിരിയുകയും ചെയ്തു.

മുടിയേറ്റിൽ ഒരു ചൊല്ലുണ്ട്. 'കാവു തീണ്ടിയാൽ കുടിവെള്ളം മുട്ടും'. ഒരു ഗ്രാമത്തിലെ കാവുനശിച്ചാൽ അതോടുകൂടി ജലക്ഷാമം ഉണ്ടാവുകയും അവിടെ കുടിവെള്ളത്തിനുപോലും ബുദ്ധിമുട്ടാവുകയും ചെയ്യും എന്നുള്ളതാണ് അടിസ്ഥാനപരമായ ഈ ചൊല്ലിലൂടെ പ്രകടമാകുന്നത്. പ്രകൃതിയുടെ നിർമലമായ സാഹചര്യത്തിൽ അതേപടി നിലനിൽക്കുന്ന ഒരു vegetation ആണ് കാവുകളിൽ കാണാൻ കഴിയുന്നത്. ചെടികളും മരങ്ങളും, ചെറുമൃഗങ്ങളും ഇഴജീവികളും അവിടെ പ്രകൃതിയോട്ചേർന്ന് നിലകൊള്ളുന്നു. ഇതിനുനടുവിലാണ് ചെറിയ അമ്പലമോ കാവോ ഉണ്ടാവുക. അവിടെയാണ് മുടിയേറ്റ് അരങ്ങേറുന്ന

മുടിയേറ്റുതറ. അതുകൊണ്ടുതന്നെ ഒരു കാവിന്റെ നിലനിൽപ് ഒരു ഗ്രാമത്തിന്റെയും മനുഷ്യരാശിയുടെയും നിലനിൽപാണ്.

മനുഷ്യജിവിതത്തിന്റെ നിലനിൽപിനാവശ്യമായിട്ടുള്ള സന്ദേശം മറ്റുള്ളവരിലേയ്ക്ക് എത്തിയ്ക്കാൻ കഴിയുന്ന വളരെയേറെ അർഥപൂർണമായ ഒരു അനുഷ്ഠാനമായി മുടിയേറ്റിനെ തിരിച്ചറിയുകയും ഞങ്ങൾ ആ അനുഷ്ഠാനകലാരൂപത്തിനുവേണ്ടി പ്രവർത്തിക്കാൻ തീരുമാനിയ്ക്കുകയും ചെയ്തു.

1975-76 കാലഘട്ടത്തിലാണ് മുടിയേറ്റുമായി കൂടുതൽ അടുത്തിടപഴകുന്നത്. 1976-ൽ ഞാനും പ്രൊഫ. ജി. ശങ്കരപ്പിള്ളയുമൊത്ത് പ്രവർത്തിച്ച് പ്രസിദ്ധ മുടിയേറ്റ് കലാകാരനായ പാഴൂർ ദാമോദരമാരാരുടെ മുടിയേറ്റ് സ്ക്കൂൾ ഓഫ് ഡ്രാമയിൽ അവതരിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കി. പിന്നീട് അദ്ദേഹത്തിന് അവാർഡ് നൽകുന്ന കാര്യത്തിനുവേണ്ടിയുള്ള ചില വിവരങ്ങളും എഴുതി അറിയിക്കുകയൊക്കെ ഉണ്ടായി. എന്നാൽ ഇതിനുമൊക്കെമുമ്പ് 1972-73 കാലഘട്ടത്തിൽ, പ്രൊഫ. ചുമ്മാർ ചൂണ്ടൽ സെന്റ് തോമസ് കോളേജിൽ പഠിപ്പിച്ചുകൊണ്ടിരുന്ന സമയത്ത്, കൊരട്ടിയ്ക്കടുത്തുള്ള മുടിയേറ്റുകലാകാരന്മാരുടെ വീടുകളിലേക്ക് അദ്ദേഹത്തിന്റെകൂടെ പോകുവാനും ആ അനുഷ്ഠാനകലാരൂപം കാണാനും അവസരം കിട്ടിയിട്ടുണ്ട്. പക്ഷേ അന്ന് ഈ കലാരൂപത്തിന്റെ പൂർണമായ അർഥമോ പ്രസക്തിയൊ മനസ്സിൽ പതിഞ്ഞിരുന്നില്ല.

1975-76 കാലഘട്ടത്തിലാണ് ഞാനും എന്റെ കുടുമ്പവും മുടിയേറ്റിലേയ്ക്ക് പൂർണമായും പ്രവർത്തിക്കാൻ ഇറങ്ങിയത്. മീന (ഭാര്യ) Gandhi National Centre for Arts- ൽ ഒരു ഗവേഷണവിഭാഗത്തിൽ ജോലി ചെയ്യുകയും, മുടിയേറ്റിന്റെ documentation ന് മുടിയേറ്റിനെക്കുറിച്ചുള്ള

പഠനത്തിന് നടക്കുകയും ചെയ്തിരുന്ന കാലഘട്ടമായിരുന്നു അത്. അതുകൊണ്ട് അതിൽ ഇടപെടാനും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാനും സാധിച്ചു. Dept. of Culture ന്റെ സെന്റർ ഗവണ്മെന്റ് സ്കോളർഷിപ്പിനായി apply ചെയ്തതിനാൽ അത്തരത്തിലുള്ള പഠനങ്ങൾ കൂടുതൽ നടത്താനും അവർക്ക് സാധിച്ചു.

ചരിത്രവിദ്യാർഥിയായ ആദർശ് (മകൻ) മുടിയേറ്റിനെക്കുറിച്ചുള്ള പഠനത്തിന് സഹായിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ചരിത്രവിദ്യാർഥി യായതിനാൽ ആഭരണങ്ങളെക്കുറിച്ചും, വേഷഭൂഷാദികളെക്കുറിച്ചും, ഈ കലാരൂപം ഉരുത്തിരിഞ്ഞുവന്ന രീതികളെക്കുറിച്ചും അറിയാനുള്ള താൽപര്യം കൂടുതലാവുകയും അതിനുവേണ്ടി ഇടപെടുകയും സഹായിക്കുകയും ചെയ്തിരുന്നു. അങ്ങനെ മുടിയേറ്റിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേക്ക് ഞങ്ങൾ പൂർണമായും തിരിഞ്ഞു.

പിന്നിട് Indira Gandhi National Centre for Arts ൽ UNESCO യുടെ അംഗീകാരത്തിനായി അനുഷ്ഠാനകലാരൂപങ്ങൾ സമർപിക്കുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങളുമായി ഇടപഴകി. അപ്പോഴാണ്, അവിടെ UNESCO അംഗീകാരത്തിന് സമർപിച്ചിരുന്ന പല കലാരൂപങ്ങളേക്കാൾ, (കേരളത്തിൽ നിന്നെന്നല്ല-മറ്റുസംസ്ഥാനങ്ങളിൽ നിന്നൊക്കെ സമർപിച്ചിരുന്ന കലാ രൂപങ്ങളേക്കാൾ) മുടിയേറ്റ് എന്തുകൊണ്ടും അതർഹിക്കുന്ന കലാരൂപമാണ് എന്ന് അഭിപ്രായപ്പെടാൻ സാധിച്ചത്. ആദ്യം അതുൾക്കൊള്ളാൻ അവർക്ക് ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും, ഈ കലാരൂപത്തെക്കുറിച്ച് വിശദമായ ഒരു project അവിടെ സമർപിച്ചപ്പോൾ, ഇതിനെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ അവർക്കു മുമ്പിൽ സമർപിക്കാനാവശ്യപ്പെട്ടു, അങ്ങനെയാണ് ഞങ്ങൾ അതിനുവേണ്ടി പൂർണമായും സമയം ചെലവാക്കി, 2008-09ൽ Indira Gandhi

National Centre for Arts ലൂടെ കേന്ദ്രസർക്കാരിനും, തുടർന്ന് UNESCO യ്ക്കും ഈ കലാരൂപത്തെക്കുറിച്ചുള്ള പഠനങ്ങൾ സമർപിക്കുന്നത്.

2. കേരളത്തിൽ ഈ ഗണത്തിൽ ഇതിനുമുൻപ് ഉൾപ്പെടുത്തിയിട്ടുള്ളത് കൂടിയാട്ടത്തെയും വേദോച്ചാരണത്തെയും മാത്രമാണ്. ഇവയ്ക്കൊപ്പം പൈതൃകപദവിയിൽ പരിഗണിയ്ക്കപ്പെടുന്നതിന് മുടിയേറ്റിനുള്ള സവിശേഷതകൾ എന്തെല്ലാമാണ് ?

മനുഷ്യരാശിയുടെ വികസനത്തിന്റെ, പ്രത്യേകിച്ച് കേരളത്തിലെ ദ്രാവിഡസമൂഹത്തിന്റെ ഒരു സാംസ്കാരിക പ്രകടനം, അനുഷ്ഠാനം, വളർച്ചയുടെയും വിശ്വാസത്തിന്റെയും എല്ലാവിധത്തിലുമുള്ള പ്രകടനം എന്നിവ ഈ കലയിൽ കാണാൻ കഴിയും. എത്രയോ നൂറ്റാണ്ടുകളായി ഈ കലാരൂപം ഒരു സംസ്കാരത്തെത്തന്നെ ഉൾക്കൊള്ളുന്നു. മനുഷ്യരാശിയുടെ നിലനിൽപിനടിസ്ഥാനമായ സന്ദേശങ്ങൾ നൽകുന്ന ഒരു ഗ്രാമത്തിലെ മുഴുവൻ ജനങ്ങളെയും വർണ-വർഗ വ്യത്യാസമില്ലാതെ അവരുടെ സഹകരണത്തോടെയും അവരുടെ പ്രാതിനിധ്യത്തോടെയും മാത്രം അവതരിപ്പിയ്ക്കാൻ കഴിയുന്ന കലാരൂപമാണ് മുടിയേറ്റ്. ഒരു ഗ്രാമത്തിന് പൂർണമായ പ്രത്യാശയും ശക്തിയും നൽകാൻ ഈ കലാരൂപത്തിന് കഴിയും. ഇങ്ങനെനോക്കുമ്പോൾ ഒരു കലാരൂപമെന്ന നിലയിൽ മുടിയേറ്റിന് കൂടിയാട്ടത്തെപ്പോലെയോ അല്ലെങ്കിൽ വേദോച്ചാരണത്തെപ്പോലെയോ ഒരു പക്ഷേ അതിലധികമോ പ്രസക്തി ഉണ്ടെന്നാണ് എന്റെ വിശ്വാസം.

3. UNESCO യുടെ അംഗീകാരം 'മുടിയേറ്റി' നെ എങ്ങനെ ബാധിക്കും ?

മുടിയേറ്റിൽ അനുഷ്ഠാനവും കലയും വിശ്വാസവുമുണ്ട്. ആ നിലയ്ക്ക് ഇങ്ങനെയൊരു പദവി ലഭിക്കുമ്പോൾ ഇതര സംസ്കാരവുമായി പെട്ടെന്ന് അതിലേയ്ക്ക് കടന്നുചെല്ലുന്നതിനും വ്യാപരിക്കുന്നതിനും മറ്റ്

കലാരൂപങ്ങൾക്ക് കഴിയുന്നതുപോലെ, അത്ര എളുപ്പമല്ല മുടിയേറ്റ് എന്ന കലാരൂപത്തെ ഇതരസംസ്കരവുമായി ബന്ധപ്പെടുത്താൻ. മാറ്റിക്കളയുന്നതും ശരിയല്ല എന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ടുതന്നെ പലരും സംശയിക്കുന്നതുപോലെ, മുടിയേറ്റിന്റെ രൂപവും ഭാവവും ആധുനിക സംസ് കാരത്തിൽ അലിഞ്ഞുചേരും എന്ന ഭയത്തിന് യാതൊരു അടിസ്ഥാനവുമില്ല. ആചാരങ്ങളിൽ വിശ്വാസംപുലർത്തുകയും അനുഷ്ഠാനങ്ങളിൽ കുറവ് സംഭവിക്കുകയും ചെയ്യുന്ന കലാരൂപങ്ങളുടെ നിലനിൽപ് അപകടത്തിലാണ്. ആ ഒരു  അപകടഭീഷണി മുടിയേറ്റിനും ഉണ്ട്.  അതുകൊണ്ട് മുടിയേറ്റ് ഏതു രീതിയിലാണോ പരമ്പരാഗതമായി നിലനിന്നിരുന്നത് അത്തരത്തിൽ നിലനിൽക്കുകയാണ് വേണ്ടത്. മുൻകാലങ്ങളിലേതുപോലെ പരിപോഷിപ്പി ക്കുന്നതിന് ക്ഷേത്രങ്ങളേയും ഭൂമിയേയും സംരക്ഷിച്ചിരുന്ന രാജകുടും ബങ്ങളോ സമൂഹമോ ഇന്നില്ല. നമ്മുടെ ഈ കാലഘട്ടത്തിൽ മനുഷ്യ ജീവിതത്തിനും നിലനിൽപിനും നേരിട്ടുതകുന്ന കാര്യങ്ങളിൽ മാത്രമാണ് നമ്മുടെ ഭരണകൂടം ഇടപെടുന്നതും പ്രവർത്തിക്കുന്നതും. അതുകൊണ്ട് ഒന്നിന്റെയും പിടിയിൽപ്പെടാതെ, അതിന്റെ പാരമ്പര്യത്തിലധിഷ്ഠിതമായ രീതിയിൽ കലാകാരന്മാർക്ക് മുടിയേറ്റിനെ സംരക്ഷിച്ച് കൊണ്ടുപോകാവുന്ന ഒരു സാഹചര്യം ഈ പൈതൃകപദവിയിലൂടെ ലഭിക്കുകയുണ്ടായിട്ടുണ്ട്. അന്താരാഷ്ട്രതലത്തിലും അഖിലേന്ത്യാതലത്തിലും മനുഷ്യരാശിയുടെ അഭിമാനകരമായ നിലനിൽപിനുസഹായിക്കുന്ന ഒരു പൈതൃകം എന്നനിലയിൽ മുടിയേറ്റിന് കൂടുതൽ സംരക്ഷണമാണ് ഇത്തരം ഒരു പദവിയിൽകൂടി ലഭിച്ചത്. ആ പാരമ്പര്യത്തെ സംരക്ഷിയ്ക്കാനുള്ള ഉത്തരവാദിത്തം ഈ പദവി ലഭിച്ചതോടുകൂടി വർധിച്ചിരിക്കുന്നു.

എല്ലാവിധത്തിലും ആരോഗ്യകരമായ ഒരു സംരക്ഷണത്തിന് മുടിയേറ്റിന് ലഭിച്ച ഈ പദവി സഹായിക്കും എന്നാണ് എന്റെ പ്രതീക്ഷ.

4. മുടിയേറ്റ് പൂർണമായും ഒരു അനുഷ്ഠാനകലയാണ്. ആ പരിസരത്തുനിന്ന് അതിനെ അടർത്തിമാറ്റി പൊതുവേദിയിൽ ഒരു കലാരൂപമെന്ന നിലയിൽ പ്രദർശിപ്പിക്കുമ്പോൾ മുടിയേറ്റിന്റെ പവിത്രത നഷ്ടപ്പെടാതെ സംരക്ഷിക്കാൻ കഴിയുമോ ?

അതിനുള്ള സാഹചര്യമില്ല. കാരണം മുടിയേറ്റിനെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങളാണുണ്ടാകുന്നത്. ശാസ്ത്രീയമായി ഒരു കാര്യത്തെക്കുറിച്ച് പഠിക്കുമ്പോൾ മുടിയേറ്റ് എന്ന അനുഷ്ഠാനത്തിലേയ്ക്ക് മറ്റുള്ളവരുടെ ശ്രദ്ധതിരിക്കുന്നതിനായിട്ട് ഏതൊക്കെ അംശങ്ങൾ നമുക്ക് കലാരൂപം എന്നനിലയിൽ പൊതുവേദികളിൽ അവതരിപ്പിയ്ക്കാമെന്നും അനുഷ്ഠാനമെന്ന നിലയിൽ സമ്പൂർണമായി അതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാമെന്നും കണ്ടെത്തി നമ്മളെ സഹായിക്കുകയാണ് ചെയ്യുന്നത്. അത്തരം കാര്യങ്ങളിലേയ്ക്ക് ഗൗരവമായ ചിന്തകൾ ഉടലെടുക്കുകയും ചെയ്യുന്നു. ഒരിക്കലും ഒരനുഷ്ഠാനത്തെയോ കലാരൂപത്തെയോ അതിന്റെ പാരമ്പര്യമായ അടിത്തറയിൽനിന്ന് അടർത്തിമാറ്റി കൊണ്ടുവരരുത് എന്ന് പൈതൃകപദവി ലഭിക്കുന്നതിനുള്ള UNESCO യുടെ മാനദണ്ഡങ്ങളിൽ പറയുന്നുണ്ട്. എല്ലാ പ്രവർത്തനങ്ങളും അനുഷ്ഠാനം-പാരമ്പര്യം- ചിട്ടകൾ എന്നിവയിൽ അധിഷ്ഠിതമായിരിക്കണം. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ളൊരു പൈതൃകപദവി ഇതിനെ അനുഷ്ഠാനപരമായ എല്ലാ ഘടകങ്ങളും നിലനിർത്തിക്കൊണ്ട്, പാരമ്പര്യത്തിലധിഷ്ഠിതമായനിലയിൽത്തന്നെ അവതരിപ്പിക്കുന്നതിനുള്ള

സാഹചര്യങ്ങൾ ഒരുക്കുന്നതിനാണ് സഹായിക്കുന്നത്. അതല്ലാതെ ഈ കലാരൂപത്തെ അടർത്തി മാറ്റുന്നതിനല്ല.

5. പരമ്പരാഗത കലാകാരന്മാരാണ് മുടിയേറ്റ് രംഗത്ത് ഇപ്പോഴുള്ളത്. ഇതിന്റെ പരിമിതി മനസ്സിലാക്കി മറ്റു വിഭാഗങ്ങളിലുള്ള ആളുകളേയും മുടിയേറ്റ് അഭ്യസിപ്പിക്കുന്നത് ശരിയാണോ ? മറ്റൊരു തരത്തിൽ പറഞ്ഞാൽ കഥകളിക്കും കൂടിയാട്ടത്തിനുമൊക്കെ പൊതുപഠനത്തിന് സ്ഥാപന ങ്ങളുള്ളതുപോലെ മുടിയേറ്റിന്റെ പരിശീലനത്തിനും പൊതുവായ ഒരു സ്ഥാപനം ആവശ്യമാണോ ?

മുടിയേറ്റിനെ സംബന്ധിച്ചിടത്തോളം രണ്ടു കാര്യങ്ങളുണ്ട്. (1) അനുഷ്ഠാനപരമായ നിലനിൽപ്. (2) കലാരൂപം എന്ന നിലയിലുള്ള നിലനിൽപ്. ഇന്നത്തെ സമൂഹത്തിൽ നമുക്ക് മതപരമായും ആചാരപരവു മായുള്ള കാഴ്ചപ്പാടുകളിൽ മാറ്റം വന്നിട്ടുണ്ട്. ക്ഷേത്രപ്രവേശനം എല്ലാവർക്കും അനുവദിയ്ക്കാത്ത ഒരു കാലഘട്ടം നമുക്കുണ്ടായിരുന്നു. ഇന്ന് എല്ലാ ഹൈന്ദവവിശ്വാസികൾക്കും അമ്പലത്തിൽ പ്രവേശിക്കുന്നതിനുള്ള സാഹചര്യമുണ്ട്. കേരളത്തിനുവെളിയിൽ ഇതരവിശ്വാസികൾക്കും അമ്പലത്തിൽ ചെല്ലാം എന്നുള്ള അവസ്ഥ ഇന്നുണ്ട്.

സാമൂഹികവും മതപരവുമായ ആചാരങ്ങൾക്കൊക്കെ ഇന്ന് ഒരുപാട് വികാസപരിണാമങ്ങൾ സംഭവിച്ചിട്ടുണ്ട്, അതുകൊണ്ടുതന്നെ പല വിഭാഗത്തിലുള്ളവർ മുടിയേറ്റ് പരിശീലിക്കുന്നു എന്നതിൽ തെറ്റില്ല. പക്ഷേ അനുഷ്ഠാനപരമായ അതിന്റെ അവതരണം കാലദേശങ്ങളിലെ അനുഷ്ഠാന ത്തിനനുസരിച്ചേ നടത്താവൂ എന്നു മാത്രം. മുടിയേറ്റിലെ താളം, സംഗീതം, ചുവടുകൾ, കളമെഴുത്ത് എന്ന ധൂളീചിത്രകല ഇതൊക്കെ പരിശീലി ക്കുന്നതും മനസ്സിലാക്കുന്നതും ഒരു സ്ഥാപനമുണ്ടാകുന്നതുമൊക്കെ

ഇതിലടങ്ങിയിട്ടുള്ള പാരമ്പര്യമായ അംശത്തെയും കലാപരമായ ഘടകത്തെക്കുറിച്ചുമൊക്കെ വളരെ അടിസ്ഥാനപരമായും ആഴത്തിലുമുള്ള പഠനങ്ങൾ ഉണ്ടാകുന്നതിന് നല്ലതാണ്. അനുഷ്ഠാനപരമായ എല്ലാ വിധത്തിലുമുള്ള പാരമ്പര്യചിട്ടകൾ അനുസരിച്ചുകൊണ്ടുള്ള പരിശീലനം ആ കലാരൂപത്തിന്റെ സംരക്ഷണത്തിന് ഗുണം ചെയ്യുകയും ചെയ്യും.

6. ഒരു കലാരൂപമെന്ന നിലയിൽ നിലനിൽക്കാൻ മുടിയേറ്റിന് കഴിയുമോ ?

മുടിയേറ്റിലുള്ള കല അല്ലെങ്കിൽ കലയുടെ ഘടകങ്ങൾ മനസ്സിലാക്കേണ്ടത് ഇങ്ങനെയൊരു കലയുടെ വളർച്ചയ്ക്ക് ആവശ്യമാണ്. കാരണം വിവിധ കലാരൂപങ്ങളുടെ അടിസ്ഥാനം, ഉത്ഭവം എന്നിവ മുടിയേറ്റിൽ ധാരാളമായി കാണുന്നു എന്ന് ഒരഭിപ്രായമുണ്ട്. ഉദാഹരണത്തിന് ചിത്രകലയുടെ അടിസ്ഥാനമായ ധൂളീചിത്രകല. ഇത് മുടിയേറ്റിലുണ്ട്. താളത്തിന്റെയും നൃത്തത്തിന്റെയും സോപാനസംഗീതത്തിന്റെയും പ്രത്യേകരീതിയിലുള്ളതും പാരമ്പര്യരീതിയിലുള്ളതുമായ നാടകരംഗകലാവതരണത്തിന്റെ ഒരു total theatre concept ആണ് മുടിയേറ്റിലുള്ളത്. കലാപരമായ നിലയിൽ നോക്കുമ്പോൾ അനുഷ്ഠാനങ്ങൾ വേറെയും. ഇങ്ങനെ എല്ലാഅർഥത്തിലും മുടിയേറ്റിന് പ്രത്യേകതകളുണ്ട്. പൂർണമായ അനുഷ്ഠാനത്തിൽ ഗ്രാമത്തിലെ സമൂഹത്തെ, വർണ-വർഗവ്യത്യാസമില്ലാതെ, വിവിധ കുലങ്ങളെ ഈ അനുഷ്ഠാനകലയിലേക്ക് കൊണ്ടുവരാൻ കഴിയുന്നു. മുടിയേറ്റിന് അനുഷ്ഠാനപരമായും കലാപരമായും മഹത്വമുണ്ട്. ഒരു പ്രത്യേക വൃക്ഷത്തെക്കുറിച്ച് നാം പഠനം നടത്തുമ്പോൾ അതിലെ വിവിധ ഘടകങ്ങളെ പഠനവിധേയമാക്കുന്നതുപോലെ മുടിയേറ്റിനെക്കുറിച്ചും അത്തരമൊരു പഠനം നടത്താൻ കഴിയും; കഴിയണം.

7. ഇന്നത്തെ മാറിയ സാഹചര്യങ്ങളിൽ മുടിയേറ്റിന്റെ ഭാവി എന്താണ് ?

UNESCO യുടെ ഈ പദവി ലഭിച്ചതോടുകൂടി ഭാസുരമായ ഒരു ഭാവിയാണ് മുടിയേറ്റിന് കാണുന്നത്. കാരണം വസ്തുനിഷ്ഠമായ ശാസ്ത്രീയ പഠനം നടത്തുന്നതിനും, മുടിയേറ്റിനെ നിലനിർത്തുന്നതിനും ഒരുപക്ഷേ, അന്യംനിന്നുപോകാവുന്ന അവസ്ഥയിൽ നിന്നുപോലും, മുടിയേറ്റിനെ പുനരുജ്ജീവിപ്പിച്ച് അതിന്റെ പാരമ്പര്യത്തിൽ ഉറച്ചുനിന്ന് നില നിർത്തുന്നതിനും ഈ പദവി സഹായകമാണ്.

മുടിയേറ്റിന് ഈ പദവിലഭിച്ച്, അംഗീകാരം സമർപിക്കുമ്പോൾ പലകാര്യങ്ങളും സൂചിപ്പിച്ചിട്ടുണ്ട്. മുടിയേറ്റിന്റെ ഓരോ കുലത്തിലും അവർ നടത്തുന്ന രീതിയിൽത്തന്നെ അത് പരിരക്ഷിക്കുന്നതിനുള്ള പരിശീലനവും സഹായവും നൽകുക, മാസാമാസങ്ങളിൽ ഈ കലാരൂപം അരങ്ങേറു ന്നതിന് ഒരു സ്ഥലം സജ്ജമാക്കുക, മുടിയേറ്റിന് ആവശ്യമായ എല്ലാ വസ്തു ക്കളും അടങ്ങുന്ന ഒരു മ്യൂസിയം തയ്യാറാക്കുക, ഇങ്ങനെ നിലനിൽപി നാവശ്യമായ പ്രവർത്തനങ്ങൾഎന്തെല്ലാമാണെന്നതിനെപ്പറ്റി വ്യക്തമായ ഒരു ധാരണ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം തയ്യാറാക്കിയ ഒരു പദ്ധതി സമർപ്പി ക്കുകയും ചെയ്തിട്ടുണ്ട്. മുടിയേറ്റിന് നല്ലൊരു ഭാവി-ഈ കലാരൂപം നല്ലരീതിയിൽ ത്തന്നെ നിലനിൽക്കും എന്നുതന്നെയാണ് എന്റെ പ്രതീക്ഷ.

8. കേരളത്തിൽ ഇന്ന് വിവിധ സംഘങ്ങൾ മുടിയേറ്റ് അനുഷ്ഠാനരൂപത്തിൽ അവതരിപ്പിക്കുന്നുണ്ട്. ഇവയ്ക്ക് ഏകീകൃതമായ ഒരു രൂപവും പ്രവർത്ത നത്തിന് പൊതുവായ ചില മാനദണ്ഡങ്ങളും ഉണ്ടാകുന്നത് മുടിയേറ്റിന്റെ ഭാവി ഭദ്രമാകുവാൻ സഹായിക്കുമോ ?

ഏകീകൃതരൂപം എന്നു പറയാൻപറ്റില്ല. ഭാരതീയ സംസ്കാരം എന്നു പറയുന്നതുപോലെയാണ് മുടിയേറ്റിന്റെ കാര്യവും. മൂന്ന് വ്യത്യസ്തകു

ലങ്ങളാണിത് അവതരിപ്പിക്കുന്നത്. അവ തമ്മിൽ വസ്ത്രധാരണരീതിയിലും മുഖത്തെഴുത്തിന്റെ കാര്യത്തിലും വ്യത്യാസങ്ങളുണ്ട്. ആ വ്യത്യാസങ്ങൾ പെട്ടെന്ന് മായ്ച്ചുകളയാവുന്നതല്ല, അത് ശരിയുമല്ല. ആ വ്യത്യാസങ്ങൾ നിലനിർത്തി പഠനം നടക്കണം. എന്തുകൊണ്ട് അങ്ങനെയുള്ള വ്യത്യാസ ങ്ങൾവന്നു, അതിന്റെ ദേശപരവും കാലപരവുംമറ്റുമായ പ്രസക്തി (ചരിത്രം), സംസ്കാരികമായ വികസനത്തിൽ അത് എന്തിനെയെല്ലാം സൂചിപ്പിക്കുന്നു എന്നെല്ലാം പഠനവിധേയമാക്കണം, ഈ വ്യത്യാസങ്ങളെ നീക്കി ഒന്നാക്കാൻ ശ്രമിക്കുന്നത് ശരിയല്ല, വ്യത്യാസങ്ങൾ നിലനിർത്തി പരിരക്ഷിക്കുകയാണ് വേണ്ടത്.

മുടിയേറ്റ് ആധുനിക സംസ്കാരവുമായി ലയിച്ചുപോകാതെ, സംഗീതത്തിന്റെ കാര്യത്തിലാണെങ്കിൽ ആധുനികസംഗീതം കടന്നു കയറാതെ, ചമയങ്ങളുടെയും ചുവടുകളുടെയും അവതരണരീതികളുടെയും കാര്യത്തിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കാതെ ഏകദേശം ഇരുപത്തിനാല് മണിക്കൂർ നീണ്ട അവതരണരീതിയാണുള്ളത്. പൂർണമായും അനുഷ്ഠാന രീതിയിൽ ഈ കലാരൂപത്തെ നോക്കിക്കാണുകയാണെങ്കിൽ മണ്ഡലകാലം മുതൽ മാസങ്ങളോളം നിലനിൽക്കുന്ന ചിട്ടകൾ കാണാൻ കഴിയും.

ചില കാവുകളിൽ മുടിയേറ്റിന്റെ അവതരണം പൂർണമായും ഒരു വർഷം മുഴുവനും കാണാൻ കഴിയും. മുടിയേറ്റിന്റെ ആത്മാവ് വർഷം മുഴുവൻ കാവിൽ നിറഞ്ഞുനിൽക്കുന്നതായി അനുഭവപ്പെടുത്തിയാണ് അവിടുത്തെ ആചാരാനുഷ്ഠാനങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഇങ്ങനെയുള്ള പ്പോൾ ഏതാനും മണിക്കൂറുകൾകൊണ്ട് ഈ കലാരൂപത്തെ അവതരി പ്പിക്കുന്നതിൽ ബുദ്ധിമുട്ടുവരുന്നു. ഈ ഒരു സാഹചര്യത്തിൽ കേരള ത്തിനകത്തോ പുറത്തോ, എന്തിന് ഭാരതത്തിനു വെളിയിലോ ഈ കലാരൂപം

അവതരിപ്പിക്കുമ്പോൾ. ആളുകളുടെ ശ്രദ്ധയാകർഷിക്കുന്നതിനും അതെന്താണെന്ന് മനസ്സിലാക്കി താൽപര്യം ജനിപ്പിക്കുന്നതിനുമായി ഒരു തിരനോട്ടംപോലെയുള്ള അവതരണത്തിലേയ്ക്ക് ചുരുങ്ങേണ്ടിവരുന്നു. ഇതൊന്നും അവതരണമായി അവകാശപ്പെടാനാവില്ല. പക്ഷേ കാവുകൾക്കുവെളിയിൽ ഇങ്ങനെയേകഴിയൂ. അതല്ലെങ്കിൽ കാവുകളിലെ അന്തരീക്ഷം നിറവേറ്റാൻവേണ്ട സാഹചര്യം ഒരുക്കി അവതരിപ്പിക്കുവാൻ ശ്രമിക്കുകാണ് വേണ്ടത്. മറിച്ചുള്ള അവതരണം, അതാണ് മുടിയേറ്റ് എന്ന് ആളുകൾ ധരിക്കാൻ കാരണമാകും. അതുണ്ടാവരുത്, ഒരു കാരണവശാലും ഹ്രസ്വമായ ഒന്നോ രണ്ടോ മണിക്കൂറുകൾ കൊണ്ട് അവതരിപ്പിക്കാവുന്ന ഒരു കലാരൂപമാണിത് എന്ന തെറ്റിദ്ധാരണ ജനങ്ങളിൽ ഉണ്ടാക്കരുത്. അതിനാൽ അവതരണത്തിനുമുൻപ് മുടിയേറ്റിന്റെ പൂർണമായ ചുറ്റുവട്ടങ്ങൾ എന്ത് എന്നും അനുഷ്ഠാനപരമായും പാരമ്പര്യമായും ഈ കലാരൂപത്തിന്റെ രൂപവും ഭാവവും എന്ത് എന്നും ജനങ്ങൾക്ക് പത്ത്-പതിനഞ്ച്നിമിഷമെടുത്ത് വ്യക്തമാക്കിക്കൊടുക്കണം. ഇങ്ങനെ ചെയ്താൽ മാത്രമേ ആ കലാരൂപത്തോടുള്ള സത്യസന്ധമായ സമീപനം നടന്നു എന്ന് പറയാനാകൂ. മാസങ്ങളോ വർഷങ്ങളോ നീണ്ടുനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങൾ അവതരിപ്പിക്കാൻ ബുദ്ധിമുട്ടുണ്ടാകും, അത്തരം അവതരണം പ്രതീക്ഷിക്കുന്നുമില്ല, എന്നാൽ ജനങ്ങളുടെ മുമ്പിൽ ആ കലാരൂപത്തിന്റെ പവിത്രതയും പാരമ്പര്യവും കാത്തുസൂക്ഷിക്കാൻ, കഴിയാവുന്നത്ര സത്യസന്ധത അതിന്റെ അവതരണത്തിലും അവതരണത്തിനുമുൻപും പുലർത്തണം.

## അനുബന്ധം നാല്

# കുന്നയ്ക്കാൽ മുടിയേറ്റ് സംഘത്തിന്റെ ഗ്രന്ഥപാഠം

**അരങ്ങുവാഴ്ത്തൽ**

ആ ......... ആ ........ ആ .......... ആ .........

ആ ......... ആ ........ ആ .......... ആ .........

ആ ......... ആ ........ ആ .......... ആനന്തോ .........

ആ ......... ആ ........ ആ .......... ആനന്തോ .........

ആ ......... ആ ........ ആ .......... ആ .........

തിരുമണ്ഡപം അടിച്ചുവാരി

ചാണകം നീർ തളിച്ച്, വെള്ളി വിളക്ക്

ആ ................... ആ .................... ആ ....................

ആ ................... ആ .................... ആ ....................

ആ .................. ആ ...................... ആ ....................

തിരുമണ്ഡപം അടിച്ചുവാരി

ചാണകം നീർ തളിച്ച്

വെള്ളി വിളക്ക് വെളുക്കതേച്ച്

അഞ്ചുതിരി ഇട്ടുകൊളുത്തി.

നിറപറയും വച്ച്

ദേവിയെ വാഴ്ത്തി സ്തുതിക്കുന്നേൻ

ആ ......... ആ ........ ആ .......... ആ .........

വാരണത്താൻ മുഹൂർത്താൻപിള്ള

മഹാദേവൻ മകൻ തനിക്കിന്ന്

ഭോ .... ജനത്തെ വരുത്തുവാനായി -

ഭൂ .... മിമേൽ വിളഞ്ഞോരു-

കായ് കനികളും തേനും ......

നേരത്തെ ..... കനിയും പാലും .....

നിരത്തിവച്ചിതാ കൈതൊഴാം .....

ദാ .... രികൻ പുറത്തുചെന്ന് സങ്കടം

തീർക്കാ കാളി

കാതാരി മകളേ കാളി

കടു കളഞ്ഞെഴുന്നള്ളണം.

മഹാലോകരു തെളിയുമാറ്

മാതങ്ങി കുറുമ്പയമ്മേ കൈതൊഴാം

വാണിയാം പുനരിമാതേ ....

വാണിയാം പുണ്യത്തിൽ

വെളുവെളേ മേനിയാളേ

വിളങ്ങിനാൻ ചൊല്ലുനാഥേ

കോലാളം രൂപമേന്തി കൊടുമുടി

മകുടം ചൂടി നാലാനാ

രണ്ടുകാതിൽ നിറമൊടെ

കുംഭിയിട്ട്, ബാല്യനേരത്തു-

പോരും വളയവർ കാളീ ... കാളി

നീലനിറമുടയ പെണ്ണേ

നിൻ തിരുവടിയെ ഞാൻ സ്തുതിക്കുന്നേൻ

ആദിയാം കാലത്തിങ്കൽ അധിപതി

പൊരുളാകുന്ന ജ്യോതിയാം

പരമാനന്ദം സുരാമുനി സ്തുതിക്കപ്പെട്ട്

നദിയൊടു തുടിയും പാമ്പും

അമ്പു താമരയാമ്പൽ തുമ്പ തുടിയൊടും

കപാലശൂലം പുലിത്തുകിലും മാല

അംഗിമാം മഴുവും നീരും എന്നിവ

യല്ലലമ്പും മെയ്യുടെ അണിഞ്ഞ നാഥൻ

തമ്പുരാൻ ഇമ്പ്രകോലും

ജാവരജ്ഞാനമൂർത്തേ കമ്പങ്ങൾ

തുടരാതൊരു കൈലാസം തന്നിലെത്തി

നെഞ്ചിനാൽ പൂണ്ട നാഥൻ

അൻപൊന്നും ശ്രീ പീഠത്തിന്മേൽ

നെഞ്ചകത്തെഞ്ചകത്തേപ്പെഴും

തരുവിനാൽ ധരിക്കപ്പെട്ട് കത്തിക്കും

ഉടൽ വിളക്കും കരക്കേണ്ടാ ...

കപാല മൂർത്തേ മറുകുലം

വ്യസനം മാറ്റും മഹാദേവാ .....

ശരണം പോറ്റി

നാരദൻ: ആ ......... ആ ........ ആ .......... ആ .........

ആദിയിലങ്ങു പലരോടും

അരും തൊഴിൽ എല്ലാം ചെയ്ത്

നീതിയിൽ കുറച്ചു വാരി

നെറിവുകേടതും വരുത്തി

കാതലായ് വമ്പും പിമ്പും
കരുത്തുകൾ ഞാനേ ചെന്ന്
ചേതസ്സിലറിഞ്ഞവണ്ണം
താൻ മൊഴി നടത്തുന്നോരു
ദാരികൻ തലകൊയ്യുവാനായി
തരുണികൾ പോയതെല്ലാം
പോരിടെ തോറ്റുമരണ്ടി
കാടേറി പോയാർപോലും

ശിവൻ : പോയതാരെന്നു കേട്ടേൻ
ഞായമല്ലാതെവണ്ണം
ഞായവും നിലയും നീതി നാരദാ ...
വിവരമിന്നറിഞ്ഞു വാ ....

നാരദൻ : അറിവതുപണിയാകും സ്വാമിയേ ..
(വണങ്ങുന്നു)
അരയ്ക്കൻമാർ മായമെല്ലാം ... കുറവില്ല
ഞങ്ങളാലേതും ഉത്തമജനങ്ങളാലും
മറപിടിച്ചടിയൻ ചെന്ന് ... വല്ലാതെപിടി
ച്ചുകെട്ടി നെറികെടുത്തി അവനെ കൊല്ലും
നിൻതിരു വടിവാണാർ പോറ്റീ ...

ശിവൻ : പോറ്റിക്കൊള്ളേണവും മുകുന്ദവൻ
നന്നായിന്ന് പോറ്റീ ചെന്നടിമപുക്
ബുദ്ധിയിൽ ജളതയുണ്ടാകും മാറ്റാനാം
ദാനവേന്ദ്രാ ... വൻപിനെയറിഞ്ഞു

വന്നോരുറ്റത്തെ വേദമുള്ളിൽ ഓതി-

നാൻ മുനിയേ കേൾ നീ ...

നാരദൻ : കേളിയുണ്ടടിയനാരെ ..

കേവലം പരമാനന്ദം

വാഴുന്നോർ നടത്തുന്നോരു

മന്നര നയനത്താലെ ...

ആളില്ലാതെ ഞാൻ പോയിച്ചെന്ന്

അവിടേക്ക് ചെന്നാളല്ലോ ....

ഞായത്താനുരയ്ക്ക വേണ്ട...

ഞായത്തെ അരുൾക പോറ്റീ ....

ശിവൻ : അരുളതിൽ പൊരുളതാകും നാഥൻ

അതിനെപ്പോയ് തപസ്സുചെയ്ത്

വരമവനു കൊടുത്തവാറും

വാചകൾ തിരിച്ചവാറും

തരംതിരിച്ചെന്നെയിന്ന്

യാവൊടു നീയുമിപ്പോൾ

പറപറ ദൂതനിന്ന് പരമാർഥമറിഞ്ഞുവാ ...

നാരദൻ : ശിവശിവ തമ്പുരാനെ...

ദേവകൾ ദേവാ പോറ്റീ ....

(വണങ്ങുന്നു)

അവേജമുണ്ടടിയനാരെ

അവൻചെയ്യുംവിനയുരപ്പാൻ

എരിപൊരുൾ കാലത്തിങ്കൽ

ഈരേഴുലോകത്താലെ

ഒന്നുമേചൊല്ലികൂടാ...

ഇവനു മരണം വരാ...

എന്നുഞാനിരുന്നനേരം

ചെകിട്ടിടെ അടിച്ചുവാരി

വെന്നിയോർ കിടങ്ങിലിട്ട്

വേണ്ടുന്ന വേലകൾ അവൻ ചെയ്ത്

അവൻ ചെയ്ത വേലകളെ

വിസ്താരം ചൊല്ലുവാനിപ്പോൾ

ആരുമേ അറിയാത്തോരു

ഞായമേകേൾക്കത്ഭുതാ .....

മഹാദേവാ... ശരണം പോറ്റീ

**ദാരികന്റെ പോരിനുവിളി**

പീഠത്തിൽ കയറി കിഴക്കോട്ട് തിരിഞ്ഞ്

ദാരികൻ : കിഴക്കോ .......

ഉദയനാദിപർവതത്തിങ്കൽ നിന്നേ ....

നിന്റെ തകിലും മുരശും വെന്നിപ്പറയും

വീരമദ്ദളം അടി അടി വീരോ ... കേട്ടോരിന്നു ഞാനേ ...

(ഈ സമയം വീക്കൻചെണ്ട മാത്രമാണ് കൊട്ടുന്നത്)

പടിഞ്ഞാറോട്ട് തിരിഞ്ഞ്

പടിഞ്ഞാറോ .......

അസ്തമനാദിപർവതത്തിങ്കൽ നിന്നേ ...

നിന്റെ തകിലും മുരശും വെന്നിപ്പറയും വീരമദ്ദളം

അടി അടി വീരോ ... കേട്ടോരിന്നു ഞാനേ ...

വടക്കോട്ട് തിരിഞ്ഞ്

വടക്കോ ..........

മഹാമേരുപർവതത്തിങ്കൽ നിന്നേ .....

നിന്റെ തകിലും മുരശും വെന്നിപ്പറയും വീരമദ്ദളം

അടി അടി വീരോ ... കേട്ടോരിന്നു ഞാനേ....

തെക്കോട്ട് തിരിഞ്ഞ്

തെക്കോ .................

യമകൂടാദീപർവതത്തിങ്കൽ നിന്നേ .........

നിന്റെ തകിലും മുരശും വെന്നിപ്പറയും വീരമദ്ദളം

അടി അടിവീരോ ............ കേട്ടോരിന്നു ഞാനേ ....

കാളിപുറപ്പാട്

ക്ഷേത്രനടയിൽ

കാളി : ഹരിയുടെ മുഖനും വാരണത്തോ .....

ഇതാ പോകുന്നേ ..........

എതിര് : വിണ്ണോരും ഒരുമനൊരുമചേരും ....

കാളി : നല്ലതിനാൽ പിറന്നുവന്ന് വിളിക്കുന്നേൻ

കാളി ഞാനേ ............

എതിര് : ഓടിച്ചാടി പിടിച്ചു നിന്റെ തോളും മാറും

അകപ്പെടെ വെട്ടിക്കൊന്നോരു കൊന്നു

തിന്നോര് തിന്ന് ..... പള്ളിശ്രയത്തോടുകൂടി ....

കാളി : ഇതാ വന്നു വിളിക്കുന്നേ... കേട്ടോരു ദാരികനെ ...കേട്ടോ...

എതിര് : കേട്ട ചെവികളാലെ അഷ്ടമിക്ക്

ഇഷ്ടമില്ലാത്തൊരു പെണ്ണ് വന്ന്

പാർഥനെ കേട്ടേ കേൾപ്പിനാലെ കേൾ നീ..

അവർ തന്നുടെ തോളും മാറും അകപ്പെടെ

വെട്ടിക്കൊന്നോരു കൊന്നു തിന്നോരു തിന്ന്

അച്ഛൻ മുമ്പേ ചുരിക ഞാനിടുന്നേൻ

കാളി : വിണ്ണോർ ശരം കൊണ്ടുവായോ ...

വിണ്ണോർ വൈരികളെ ...

എതിര് : അടിയടി യുദ്ധം ചെയ്ത് ഇന്നു നാം മൗലീജകം മുടിച്ച്

മതികല മുടിക്കണമെങ്കിൽ മഹാദേവൻ തമ്പുരാൻ താൻ ...

ഇതുവരെയറിഞ്ഞു വന്നോരു വ്യസനത്തെ തീർപ്പാനിപ്പോൾ

കാളി : ഇതാ വന്നു വിളിക്കുന്നേൻ .... നല്ലസുരാ ...

വൈകുംമുമ്പേ (ദേഷ്യത്തോടു കൂടി)

**അരങ്ങത്ത്**

(അരങ്ങത്തു കാളിയും ദാരികനും ഏറ്റുമുട്ടുന്നു. കാളി വിളക്കത്ത് പതിരി തിരിഞ്ഞുകൊണ്ടിരിക്കുമ്പോൾ ദാരികൻ ഒളിച്ചു പോകുന്നു. തുടർന്ന് കുളിയും പൂജയും മലരി, താളവട്ടം, കൈകൾ. കാളി പീഠത്തിൽ കയറി നിന്ന് പോരിനുവിളിക്കുന്നു.)

കാളി : വിണ്ണോർ ശരം കൊണ്ടുവായോ ....

വിണ്ണോർ വൈരികളെ ....

എതിര് : (ദാരികനുവേണ്ടി പിന്നിൽ നിന്നും)

അടിയടി യുദ്ധം ചെയ്ത് ഇന്നു നാം മൗലീജകം മുടിച്ച്

മതികല മുടിക്കണമെങ്കിൽ മഹാദേവൻ തമ്പുരാൻ താൻ ...

ഇതുവരെയറിഞ്ഞുവന്നോരുവ്യസനത്തെ തീർപ്പാനിപ്പോൾ.

കാളി : ഇതാവന്നു വിളിക്കുന്നേൻ ദാരികോ .............

പോരിന് വായോ ........ (ദേഷ്യത്തോടു പല്ലിറുമ്മിക്കൊണ്ട്)

എതിര്: പോരിനെന്നെ ഗോപുരത്തിൽ പൊടുപൊടെ വിളിച്ചതാര്...

പറ ... പറ ശിവനോ മറ്റ് പാർഥനോ പാർഥൻ താനോ.....

അറുമുഖനമൃത് താനോ ... തൂക്കുവോർ മുഖമുള്ളവളോ

ദുർഗയോ ... യമരാജാവോ ... ചൊല്ലു ചൊല്ലേ .....

ചൊല്ലുചൊല്ലെന്ന് ഞാനിന്ന് വിളിച്ചുവരുത്തി

കളത്തിലാക്കികൊണ്ട് നന്നു നന്നു ദാഹത്തെ

പോകുവോളം ......

കാളി : നിന്നെക്കൊല്ലോ ... വന്നു ഞാൻ ദാനവേന്ദ്രാ ...

എതിര് : മന്ത്രമാം മുനികൾ വന്ന് മറാമറാമറഞ്ഞു പോയ്

അന്തകനന്തകനെന്നും ഹരിനയനമെന്നും എന്തറിഞ്ഞു

പെണ്ണേ ... നീവന്ന് ഇന്നെന്നോടെതിർ വിളിച്ചത്.... ചൊല്ല്

ചൊല്ലേ ... ചൊല്ലുചൊല്ലെന്നു ചൊല്ലും സ്വാമിമാരുമല്ല.

മല്ലനാം നിറമൊടു പിറന്ന് വന്ന് ... കൊല്ലുവാൻ നിന്നെയിന്ന്

കോമന സ്വാമിയല്ല....

കാളി : നിന്നെക്കൊന്ന് നിന്റെ തലയും കൊണ്ട് പോകുവോ .....

ശ്രീകൈലാസം വണങ്ങുന്നേൻ .....

കോയി : പൂ പൂയ് .... കേമൻമാര് കേമൻമാര്

കാളി : എന്താടൊ ഇത് ?

കോയി : ഇങ്ങനെയാണോടോ കൊട്ടണെ ?

കാളി : പിന്നെ എങ്ങനെയാടോ കൊട്ടണെ ?

കോയി : നടയിൽതന്നെ കൊട്ടുമ്പോൾ തത്വം കൊണ്ട് വേണ്ടേടോ

കൊട്ടാൻ

കാളി : തത്വം എങ്ങിനെയാന്നില്ലെ ?

കോയി : തമ തമ തിമി തിമി തത്വത്വ തിത്തിത്തി തത്വം.

കാളി : അങ്ങനെ തത്വം ആയപ്പോഴോ ?

കോയി : അതിന് ചില ശ്ലോകങ്ങളുണ്ട്.

കാളി : എന്നാ ... അതൊന്ന് ചൊല്ലിക്കേൾക്കണം

കോയി : തത്വ .... ങ്ങൾ ചാറ്റീ ചാറ്റീടുന്ന സംശ്യ കണ്ടാൽ

തത്വമറിയാതെ ചില മാനുഷരുണ്ടതിൽ വളരെ.

ഇങ്ങനെ ഒരാളുവന്ന് ഒരു തത്വം കൊണ്ട് പറഞ്ഞൂന്നെയുള്ളൂ...

കാളി : അത്ര തന്നെള്ളു

കോയി : എന്നു തന്നെയല്ല. അതിന് ചില ഗണപതിയും ഉണ്ട്.

സരസ്വതിയും ഉണ്ട്.

കാളി : എന്നാലതും ഒന്ന് ചൊല്ലിക്കേൾക്കണം.

കോയി : അത്തിപൊരിച്ചൊരു കാതും കണ്ണും

ശംഖും കവിതംപൂണ്ട് തത്വം മാനും

മഴുവും പവിത്രതുമ്പ പങ്കജമലര്

ഇമ്പമൊടങ്ങു വനത്തിൽ പുക്ക

കളിച്ചൊരു കാലം അന്നം പായസ മെള്ള് വരിക്ക

ച്ചുളയും തേൻമാങ്കനിയും മറ്റിവയെല്ലാം.

കാളി : അൻപോടു ഗണപതിയും വന്നു നല്ക നാവിൽ ...........

കോയി : ഇങ്ങിനെയൊരാളുവന്ന് ഒരു ഗണപതിയും സരസ്വതിയും

പറഞ്ഞെന്നേയുള്ളൂ ...

| | |
|---|---|
| കാളി: | എന്തെടൊ വെളിച്ചാവണതിന് മുൻപ് നുണ പറയുന്നത് |
| കോയി : | എന്തെടോ വെളിച്ചാവണതിന് മുൻപ് നുണക്ക് വിളിക്കുന്നത് |
| കാളി : | ഗണപതിയെന്നും സരസ്വതിയെന്നും രണ്ടാളുടെ പേര് പറഞ്ഞില്ലെ ? |
| കോയി : | രണ്ടും വെവ്വേറെ കേൾക്കണമായിരിക്കും അല്ലെ |
| കാളി : | വെവ്വേറെ തന്നെ കേൾക്കണം. |
| കോയി : | വെള്ളപ്പളുങ്കു നിറമൊത്ത് വിദഗ്ധരൂപീ..<br>കള്ളം കളഞ്ഞു കമലത്തിലെഴുന്ന ശക്തി<br>വെള്ളത്തിലെത്തിരമാലകൾ തള്ളിവരും<br>കണക്കെന്നുള്ളത്തിൽ വന്നു വിളയാടുക<br>സരസ്വതി സർവകാലം.<br>ഇപ്പ രണ്ടും ആയില്ലേടോ...? |
| കാളി : | ഇപ്പ കഷ്ടിച്ച് രണ്ടും ആയി<br>എന്നാലും കഷ്ടിച്ചെ ആയുള്ളൂ അല്ലെ ?<br>എന്നുതന്നെയല്ല നാം എവിടെയിരിപ്പോരാളെന്നും<br>എന്തിനായ്ക്കൊണ്ട് വന്നു എന്നും<br>എന്താണീ കൈയിലിരിക്കുന്നതെന്നും<br>മനസ്സിലായോ ? |
| കാളി : | അതു മനസ്സിലായി |
| കോയി : | അതെന്താടോ ഇത്രവേഗം മനസ്സിലായത് |
| കാളി : | അത് വേഗം മനസ്സിലാകും.<br>വട്ടത്തിലിരിക്കുന്ന പഴവും നീളത്തിലിരിക്കുന്ന പപ്പടവും. |

കോയി : വട്ടത്തിലിരിക്കുന്ന പഴവും നീളത്തിലിരിക്കുന്ന പപ്പടവും ആണെന്നുദ്ദേശിച്ച് തിന്നു കഴിഞ്ഞാൽ നിങ്ങളുടെ തൊണ്ട കൂട്ടത്തോടെ പിളർന്ന് തട്ടിപ്പോകും.

കാളി : പപ്പടവും പഴവുമല്ലെങ്കിൽ പിന്നെ എന്തുന്നാടോ അത് ?

കോയി : നായര് കൂർത്ത്

കാളി: നായര് കൂർത്തു എന്നൊക്കെപ്പറഞ്ഞാൽ ഇവിടെയിരിക്കുന്നതാരൊക്കെയാണെന്നറിയാമോ? അവര് വല്ല തല്ല്യോ റ്റൈ ചെയ്യും.

കോയി : നായര് കൂർത്തു എന്നല്ലടൊ. നായര് കുറുപ്പ് .

നായകൻമാരുടെ ആയുധം വാളും പരിചയും.

നാം എന്ന് വച്ചാൽ

അങ്ങേടത്ത് പാടം ഉണ്ടെങ്കിൽ പാടത്തിനക്കരെ.

തോടുണ്ടെങ്കിൽ തോട്ടിനക്കരെ.

അങ്ങേടമെന്നു മിങ്ങേടമെന്നും ചില ദേശമെന്നും

ദേശാദി ഭക്തികാവിൽപ്പാട്.

ഊരാഴ്മ അമ്പലപ്പടി സർവസമസ്തവും

അടക്കടി രക്ഷിച്ചിരിക്കും ദേശത്തെ കോയിമ്പിടാരണ്.

കാളി : അങ്ങനെയിരിക്കുന്ന കോയിമ്പിടാരിപ്പോൾ

ഇവിടെ വരാനുള്ള കാരണമെന്ത് ?

കോയി : നിറയെ തേച്ചുകുളിച്ച് കുറഞ്ഞോന്നു ഭക്ഷണവും കഴിച്ച് ഇട്ട് വിരിച്ച് കിടന്നുറങ്ങുന്ന മദ്ധ്യേ ഓരോരോ വസ്തുക്കൾ പകർന്നു പകർന്നു കേട്ടു.

കാളി : എന്നാലതുവല്ല ശ്വാസം പകർച്ചയോ രോഗം പകർച്ചയോ ആയിരിക്കും.

കോയി : ശ്വാസം പകർച്ചയും രോഗം പകർച്ചയുമൊന്നുമല്ലെടോ ...
ശ്രീമഹാദേവന്റെ നൃത്ത നേരത്ത് നൃത്തധ്വനി ഗീതവാദ്യം
പകർന്നുപകർന്നു കേട്ടതാണ്.

കാളി : അതെങ്ങനെ പകർന്നു?

കോയി : അതെങ്ങനെ പകർന്നുവെന്ന്. ചെണ്ടതെറിച്ചു കേട്ടു.
താളംപാടിക്കേട്ടു. നന്ദിനി(നന്തുണി) കൊട്ടിക്കേട്ടു.
ഇങ്ങിനെ മറിച്ചാനും കുറിച്ചാനും കേട്ടപ്പോൾ ഒരു വരവു തോന്നി.

കാളി : എന്നാൽ മുമ്പേ വന്ന പകർച്ചവ്യാധികൾ വന്ന് ഇപ്പോൾ
കൊണ്ടുപൊയ്ക്കോളും.

കോയി : പകർച്ചവ്യാധികളൊന്നുമല്ലെടോ.
ശ്രീകൈലാസംകോയിമ്മയുടെ വരവാണ്.
മുമ്പിൽ കുടുമ്മിക്കാരും പിമ്പിൽ
കുടുമ്മിക്കാരുംകൂടിവിചാരിച്ചു
നമ്മുടെ അച്ഛൻ മുത്തശ്ശൻ കാലത്ത്
ഏറിയോരു പപ്പടവും പഴവും തിന്നിട്ടുണ്ട്.
ഇപ്പോൾ ഒരു പപ്പടത്തിന്റെ ചിനക്ക് കടിക്കണമെങ്കിൽ
കൊതിക്കണം.

കാളി : കാലുമ്മേൽ കാലുംകേറ്റി ഇരുന്നാൽ പോരെടോ...

കോയി : തനിക്കൊത്താൻ പോന്ന ആളെക്കാണണം.

കാളി : തനിക്കൊത്താൻ പോന്ന ആളേക്കണ്ടാലോ

കോയി : മനുഷ്യസ്ഥാനം ഏൽക്കണം.

കാളി : മനുഷ്യസ്ഥാനം ഏറ്റാലോ?

കോയി : ഹരിജീവിതം പറയണം.

കാളി : എന്നാലതുമൊന്നു ചൊല്ലിക്കേൾക്കണം

കോയി : പള്ളിപ്പാൻ ... പാൽക്കടൽ മെത്തതന്മേൽ

ഹരനു ഹരനുടെ ചിത്തവർക്കൊത്തവണ്ണം

മെല്ലെച്ചെന്നു ഹരിജീവിതം പറഞ്ഞ് പലരോടും

പലതുപറയും കാവിൻ കോയിയമ്മ ഞാൻ.

ഇങ്ങനെ ഒരാളുവന്ന് ഒരു ഹരിജീവിതം പറഞ്ഞു എന്നെയുള്ളൂ

കാളി : അത്രതന്നെ ള്ളൂ

കോയി : എന്നു തന്നെയല്ല. എടുത്തുവാളും പരിച

എടുപടികടന്ന് ചാരു പടികടന്ന്

നേരെചെന്ന് നേദ്യത്തോടും സമം

കാളി : കിളച്ചങ്ങു താത്തിയാലോ .... ?

കോയി : ശ്ശി ... ശ്ശി ... വളരെ വളരെക്കാലാമായിടോ. മഴ പെയ്തിട്ട്.

ബ്രാഹ്മണരുടെ മൂക്ക് കീഴ്പ്പോട്ട്.

കാളി : പിന്നെ എല്ലാവുടെയും മൂക്ക് മേല്പോട്ടാണോ?

കോയി : മൂക്കല്ലെടോ മുഷ്ക്കാണ്. അവരൊരു വിഡ്ഢിത്തരം കാണിച്ചു

കാളി: വിഡ്ഢിത്തരം ശകലം കൂടുതലാ

കോയി : എടത്തൂട് ചെന്ന് മണലും വാരി

വലത്തൂട് ചെന്ന് കുളപ്പുരയിലും വശായി.

കോയിമ്പിടാരുണ്ട് കുളപ്പുരയിൽ എന്നായി.

ഒന്നുകിൽ കാര്യം പറയണം.

അല്ലെങ്കിൽ കർമഹാനി വരുത്തും.

കാളി : കർമ്മഹാനി വരുത്താൻ നല്ലതരമാണല്ലോ വനത്തിൽവെച്ച്

വല്ല ഇഞ്ചയും താളിയും പെറുക്കാൻ പോയതായിരിക്കും.

കോയി : ഇഞ്ചേം താളീം പെറുക്കാനൊന്നുമല്ലെടോ.

കുന്തം പോയാൽ കുടത്തിലും തപ്പണല്ലോ.

ഗംഗാ ദേവിയെ ഒന്നു കാണാമെന്ന് വിചാരിച്ചു.

ആ കാര്യവും പറഞ്ഞു ആ ഉദ്ദേശ്യവും നടത്തി

അവിടുന്നും കുറഞ്ഞോന്നു വടക്കോട്ട്.

കാളി : അങ്ങനെ വടക്കോട്ട് ചെല്ലുമ്പളോ ...

കോയി : അങ്ങനെ വടക്കോട്ട് ചെല്ലുമ്പോൾ

വലുതായൊരുശകുനപ്പിഴ

കാളി : എന്തെടോ ഇത് ?

കോയി : തട്ടാമുട്ടിയെന്നൊരു മുട്ടിയും തറുതല എന്നൊരു തലയും

വഴിക്കങ്ങിനെ കാത്തുകെട്ടിക്കിടക്കയാണ്.

തട്ടാമുട്ടി തട്ടിയിട്ടാൽ തറുതല തിന്നോളമെന്നായി.

കടന്നു പോകാൻ യാതൊരു നിവൃത്തിയുമില്ല.

കാളി : അപ്പോഴിനിയെന്തു വേണം കടന്നുപോകാൻ ?

കോയി : ദുർഗേ ഭഗവതീ ... മാർഗമധ്യേ വസനിയതാകും

ദുർഘടത്തെ നീക്കീ നീ ... മാർഗമരുൾക ദേവീ ...

അങ്ങനെ കുളപ്പുരയിൽ കണ്ടതായ ദുർഗാ ഭഗവതിയെ

സ്തുതിച്ചപ്പോൾ ആകാശകോടാലി എന്നൊരു കോടാലി

വന്ന് തട്ടാമുട്ടിയും തറുതലയും വെട്ടിമാറ്റി.

ആ കാര്യവും പറഞ്ഞു ആ ഉദ്ദേശവും നടത്തി

അവിടുന്നും കുറഞ്ഞോന്നു വടക്കോട്ട്.

കാളി : അങ്ങനെ വടക്കോട്ട് ചെല്ലുമ്പോളോ ?

കോയി : അങ്ങനെ വടക്കോട്ടു ചെല്ലുമ്പോൾ ദാരികാസുരന്റെ

മായാശക്തികൊണ്ട് വയ്യാവേലി എന്നൊരു വേലി

ലോകമാകെയടച്ചു കെട്ടിയിരിക്കയാണ്.

കടന്നുപോകാൻ യാതൊരു നിവൃത്തിയുമില്ല.

കാളി : ഈ വിളക്ക് കാലിന്റെ ഉള്ളേ അങ്ങ് കടന്നു പോയാലോ ?

കോയി : വിളക്ക് കാലിന്റെ ഉള്ളേ കടന്നുപോയാൽ എന്റെ

ആടയാഭരണങ്ങൾ മുഴുവൻ കത്തി നശിച്ചു പോകും.

കാളി : ഇനിയിപ്പം എന്തു വേണം കടന്നുപോകാൻ

കോയി : കൈലാസാ ജഗന്നിവാസാ ... മഹേശ്വരാ.

കഴലിണ കൈ വണങ്ങുന്നേൻ ...

അങ്ങനെ കൈലാസവാസനായ

ശ്രീപരമശിവനെ സ്തുതിച്ചപ്പോൾ

ഇടിത്തീയെന്നൊരു തീവീണ്

വയ്യാവേലി കത്തിനശിച്ചുപോയി.

ആ കാര്യവും പറഞ്ഞു ആ ഉദ്ദേശ്യവും നടത്തി

അവിടുന്നും കുറഞ്ഞോന്നു വടക്കോട്ട്.

കാളി : കുറേ നേരമായല്ലോ വടക്കോട്ട് പോയിത്തുടങ്ങിയിട്ട്. കുറച്ച്

തെക്കോട്ട് പോയാലോ ?

കോയി : വടക്കോട്ട് പോകേണ്ടതിന് പകരം തെക്കോട്ട് പോയാൽ

മതിയോ ? അങ്ങനെ വടക്കോട്ട്പോകുമ്പോൾ

ഇരുട്ട് എന്നൊരുദിക്ക്

കാളി : വിളക്ക് വച്ചാലോ?

കോയി : ഇവിടത്തെപ്പോലെ വെളിച്ചം അവിടെ ഉണ്ടെടോ

കാളി : എന്നാൽ വെളിച്ചെണ്ണമേടിക്കാൻ ഗതിയില്ലാഞ്ഞിട്ടായിരിക്കും

കോയി : വെളിച്ചെണ്ണമേടിക്കാൻ ഗതിയില്ലാഞ്ഞിട്ടല്ലെടോ

ആ ദേശത്തിന്റെ പേരാണ്.

ആ കാര്യവും പറഞ്ഞു ആ ഉദ്ദേശ്യവും നടത്തി

അവിടുന്നും കുറഞ്ഞോന്ന് വടക്കോട്ട്.

കാളി : അങ്ങനെ വടക്കോട്ട് ചെല്ലുമ്പോഴോ

കോയി : അങ്ങനെ വടക്കോട്ട് പോകണമെങ്കിൽ ഏഴുനോയമ്പും നോറ്റ്

അടനയമ്പും കഴുക്കോലുമെടുത്ത്

കുതിരയ്ക്ക് കടിഞ്ഞാൺമുറുക്കി

പൊടിതട്ടി ആനപ്പുറത്ത് കയറി

അങ്ങനെ നാൾപ്പോരും നാട്ടകമെന്ന

ഘോരവനത്തിൽകടന്നു.

വേതാളം എന്നൊരു പിശാചിനെകണ്ടു.

കോയിമ്പിടാരച്ചന്റെ വരവെന്നായി.

കാളി : അച്ഛാ എന്നുതന്നെവിളിച്ചോ

കോയി : അച്ഛാ എന്നുവിളിച്ചൂന്നല്ലെടോ... ശ്ശി ... ശ്ശി വളരെ,

വളരെക്കാലം കൂടിവന്ന കോയിമ്മ അച്ഛനാണ്

ഊണേറെ പക്ഷമല്ല. സാരം കണ്ണീര് കുടിപ്പിക്കാം

കാളി : വനത്തിൽവച്ച് കണ്ണീര് കുടിപ്പിക്കാൻ നല്ലതരാണ്.

കോയി : കണ്ണീരല്ലെടോ .. തണ്ണീരാണ്.

കാളി : ഓഹോ... തണ്ണീരാണോ.

കോയി : ഒന്ന് രണ്ട് തച്ചനേം വിളിച്ച്

മൂന്നാല് മാവുംവെട്ടി

അഞ്ചാറ് ആഴീം പൂട്ടി

കാളി : എന്നാ കോയീമ്മേ ചൂടാനാ...?

കോയി : കോയിമ്മേ ചൂട്ട് കളഞ്ഞാ പിന്നെ നിങ്ങൾക്ക്

ഇഷ്ടംപോലെ കൊട്ടീം പാടീം നടക്കാല്ലോ

കാളി : പിന്നല്ലാതെ

കോയി : കോയിമ്മേ ചുടാനല്ലെടോ

കാളി : പിന്നെ ?

കോയി : ചുട്ടഫലം വേണം

കാളി : അതെന്തൊരു വസ്തു

കോയി : വലുതായൊരുവസ്തു കടുക്മണി വാനീല്

ഇഞ്ചീർവിത്ത് അഞ്ചാറ് ആവിലിട്ടൂതി

ഒരുതലവെന്തു ഒരുതലവെന്തില്ല

വെന്തതലഞാനങ്ങ്തിന്നു.

വേവാത്തതല ഇവിടെയിരിക്കണ ഈ മേളക്കാർക്കും

സർവഭൂതങ്ങൾക്കും കൊടുത്തു.

അപ്പോൾ തുടങ്ങി അവർ ർ........ർ........ർ......ണ്ടം

വെച്ചൊരു ശകാരം.

കാളി : മേളക്കാർക്ക് വേവാത്തത് കൊടുത്തിട്ടാ അവര്

ർ........ർ........ർ......ണ്ടം വെച്ച് ശകാരിക്കണെ.

കോയി : അത്താലുപറഞ്ഞ് ഇത്താലു പറഞ്ഞ്

അവരെ തണുപ്പിച്ച് ഇരുത്തിയിരിക്കാ

കാളി : അവരങ്ങനെ തണുത്തിരിക്കട്ടെ. അരങ്ങത്ത് വന്ന്

അരങ്ങ് വാഴ്ത്തിയാലോ ?

കോയി : കല്യാണം ചേർന്നരങ്ങ് മുനിയുടെ നരനാം നാരദൻ

നന്ദികേശൻ തന്നോടൻപോടു വാഴ്ത്തി

ശിവശരീരഗുണങ്ങൾ കേൾപ്പതിന്ന് അർത്ഥമുണ്ട്.

കാളി : കേൾപ്പിക്കാൻ താഴ്വരയിൽ തെളിഞ്ഞ് മുനിഭംഗം കലരുന്ന

ആനന്ദം കലരുന്ന ഭൂതാഗണമുണ്ട് അഞ്ഞൂറ് നൂറായിരം.

കോയി : പനിമതിചൂടും പരമശിവൻതാൻ പരിചൊടു

വാരണാവടിവു ചമഞ്ഞ് പനിമതിമകളും

പിടിയുടെ വടിവും പാരിടമെല്ലാം പിടിപെടുമാറ്

ഇമ്പ്രൂഭൂരാനെ ഖേദിക്കേണ്ട

അണിവുദരത്തിൽ ഗർഭം നിന്ന്

അന്നുതുടങ്ങി ഭാവവിശേഷം

ഹരനോടുള്ളൊരു ക്രീഡകുറഞ്ഞും

കാ കളഞ്ഞുംകരഞ്ഞുനടന്നു

കായ്കനികൾ കാണുന്നില്ല.

ഇങ്ങനെ മാസം തികയുംനേരം

എവിടെ നമുക്കിതു പ്രസവിക്കേണ്ടൂ

കുന്നിൻമുകളിലോ കല്ലിൻ കീഴോ.

കുന്നിൻമകളുടെ ദുഖം കേട്ട്

വന്നുപിറന്നതു കുംഭീമുഖവൻ

ഉദരൊടു കൊമ്പും തുമ്പിക്കൈയും

മറുതല ചുഴിയും തൃക്കൺമൂന്നും

വരകളിലിണക്കവുമെല്ലാം പാർത്താൽ

ശേഷമിതൊക്കെവൈ മാനുഷ്യവേഷം.

ഗുണഗണമറിവതിനായിക്കൊണ്ട്

പലരുംകൂടി വിചാരിച്ചിട്ട്

ഗണപതിയെന്നൊരു നാമവുമിട്ടു.

ഗണപതിനാഥനു കുക്ഷിനിറപ്പാൻ

ഭക്ഷണമെന്തൊരു തരമേചൊല്ലാം.

കദളി കരിമ്പൊടു കടലയ്ക്കായും

അടമലരെള്ളൊടു നേന്ത്രപ്പഴവും

പയറുകൾ പലതും പനസച്ചുളയും

പത്തിരുന്നൂറുകൂടത്തിൽ തേനും .

എള്ളുവറുത്തിട്ടെൺപതു പറ ഞാൻ

വെള്ളിത്തളിക നിറച്ചുതരുന്നേൻ.

കുംഭത്തോടെ നെയ്യ് തരുവാൻ ഞാൻ

കുംഭീ മുഖവൻ ഗണപതിയ്ക്ക്.

ഇമ്പമൊടഴകിയ മുടിയേറ്റിന്ന്

വന്നു തുണയ്ക്കെന്റമ്മേ ജയജയ

വാണരുളീടിന വാണരുളീടിന

ദേവി നമോ നമ ദേവി നമോ നമ

ദേവി നമോ നമ പാദ നമസ്തേ.......

(കൈയിലെ വാളും പരിശയും കൂട്ടിപ്പിടിച്ച് നമസ്കരിക്കുന്നു).

**ദാരിക വധത്തിനുമുൻപ് കാളിയും ദാരികനും തമ്മിലുള്ള വാഗ്വാദം.**

**(പേശൽ)**

കാളി : ഹരിഹരവിരിഞ്ചൻ തന്റെ അമരേന്ദ്രനാദിയായി

പരിചൊടു ഒത്തു നിൽക്കും പാരാതെ ജയിക്കനീയ്

വിരവൊടുപാതാളത്തിൽ വീണൊളിച്ചിരിക്കുന്നൊരു

സരസനാകും ദാരികാ ദാനവേന്ദ്രാ... വായടാ നീയും......

ദാരി : വായടായെന്നുചൊല്ലും വളയവർ കാളീ കാളീ
തീയ്യെടെ എറമ്പുപോലെ തെരുതെരെപ്പോർക്കളത്തിൽ
ആയുധം കളഞ്ഞൊഴിഞ്ഞിട്ടടിമയ്ക്കായ് വീഴുവോളം
കായകം നുറുക്കിവയ്ക്കാൻ കണ്ടർതാൻ മകളെ കാളീ.....

കാളി : കണ്ടർതാൻ നിന്നോടൊക്കെ കടുനീപറയുന്നതാകിൽ
പണ്ടുചെയ്തോരവസ്ഥയെല്ലാം പരിഭവമൊഴിപ്പാനിപ്പോൾ
കണ്ടർതാൻ നിന്നെ വെട്ടി കഴുത്തൊടുതലയും കൊണ്ട്
കണ്ടർതാനിരിക്കുന്നൊരു കൈലാസം കുറുകുന്നു നീയും.

ദാരി : കുറുകെനീവരുന്നതാകിൽ കൂളികളെ മുൻപിൽ വെട്ടി
ഉടലെടുത്ത് നുറുനുറെ നുറുക്കിവാരി
ഞെടുഞ്ഞെടുയെറിയുന്നു ഞാൻ.

കാളി : ഞെടുഞ്ഞെടുശൂലംകൊണ്ട് നെഞ്ചിടെകുത്തിയൂന്നി
വടിവൊടു കാഴ്ചവെയ്പ്പാൻ മഹാദേവനച്ഛൻ മുന്നിൽ.

ദാരി : അച്ഛനും നീയുംകൂടി അസുരരോടായ് വരുന്നതാകിൽ
തച്ചുഞാൻ തല പൊളിച്ച് സഖികളെപ്പിടിച്ചുകെട്ടി
ഇച്ഛയാക്കി തൂക്കി വെയ്പാൻ ഗോപുരവാതിൽ തോറും
പേച്ചു നീപറയും പെണ്ണെ പറയാതെ നീയെതിർത്ത്.

കാളി : നീയും നിന്നോടൊക്കെ നെറികേടായ് പറയുന്നതാകിൽ
ആനയും പടയും തേരും അശ്വവും കൊന്നറുത്ത്
മത്തനാം നിന്നെവെട്ടി വാണവർക്ക് ഭോജനമാക്കി
ഭോജനം നാവു വലിച്ച് പൊടുപൊടെയെറിയുന്നു ഞാൻ.

ദാരി : പിടിച്ചുഞ്ഞാനരിയും വെട്ടി ഒക്കെയും പിശാചു ഭൂതം
അരിപ്പെടി നിനക്കുകൂട്ടംപയാതെ നീയെതിർത്ത്.
നീയും നിന്നോടൊക്കെ നെറികേടായ് പറയുന്നതാകിൽ
അണഞ്ഞു ഞാൻ പിടിച്ചുകൊണ്ട് മുടി ചുറ്റി തൂക്കി
നിന്റെ മുല രണ്ടും അരിഞ്ഞരിഞ്ഞ് വടികൊണ്ട് തല്ലി
വായിലെ പല്ലും ചോരയും ഒഴുക്കുന്നേൻ.

കാളി : ഒഴുക്കത്തെ ഈയൽപോലെ ഓടിപ്പാൻ വന്നെതിർത്ത്
കരുത്തൊടു നാവുചുറ്റിവലിച്ചുകൊണ്ട് ഭയപ്പെടും
വേതാളത്തിന്റെ ദാഹത്തെ തീർക്കുന്നേൻ എന്റെ വാണാർ പോറ്റി
പൂപ്പതാൻകാലമിപ്പോൾ പോർക്കളം തന്നിലെത്തി
പോറ്റിയെ വിളിപ്പിക്കുന്നേൻ നീക്കമില്ലിതിനാലേതും
നെഞ്ചിനാൾ വാണാൾ പോറ്റീ ചാറ്റിടെ പേക്കൂട്ടത്തിൽ
കിടന്നടികൊണ്ട മനോദരിക്ക് സരസനാകും
ദാരിക-ദാനവേന്ദ്രാ വായെന്റെ മുന്നിലിന്ന ്ഭംഗികാൺമാൻ
ഹരൻ തന്റെ വിരിഞ്ചനെന്റെ വശക്കേടും വരുത്തിവെച്ച്
അരും തൊഴിൽ എല്ലാം ചെയ്തേനമ്മതാൻ ചൊല്ലാവതിപ്പോൾ.
പരംപരം പുരുഷോത്തമന്റെ പക്ഷഭേദങ്ങൾകൊണ്ട്
ഹരന് വന്നതിൻമേൽ കൂട്ടീട്ടമരകൾ പൊരുളതാകും
നാരദൻ ജളതയെല്ലാം കരുതിന മന്ത്രമെല്ലാം
പൊരുതിയോർക്കാക്കിവച്ച് ധനം കേട്ടാൾ
തിരുമകൾ നിന്നോടിപ്പോൾ അഴകൊടു
ഭഗവതിയമ്മ കൈയാൽ വധിക്കുന്നേൻ.....

(ദാരികന്റെ മുടി എടുക്കുന്നു.)

ഹരനേയും തായും തായും തമ്പുരാനെ

പരമേ പിൻപാരിലെല്ലാം പരംപരം നീയെന്ന്

ചൊല്ലും ശിവനുടെ വൈരിയാകും ശൂരനാം ദാരികന്റെ

ശിരസ്സതു പൊരുതരിഞ്ഞ് ദേവകൾ ശൂലമേന്തി. ശിവ ശിവ....

കാഴ്ചയിന്ന് തിരുമുമ്പിൽ ഞാനിതാ കൊണ്ടുവന്നേൻ

പൊരുതിന കൂളിമാരും ഗണങ്ങളുമിണങ്ങിവന്ന്

യാവരമഖിലനാഥാ കരുമങ്ങളെല്ലാം വീണ്ടും

കരുത്തുകൾ അരുൾകപോറ്റി.....

ശിവൻ : ഇന്നു നീ ചെയ്തവേലയെത്രയും നന്നുനന്നു

മല്ലനാം അസുരൻ തന്നെ കൊന്നതും നന്നുനന്ന്

അതിനാൽ എൻബലവും കീർത്തിയും

നിനക്കായിരിക്കട്ടെ എൻ മകളെ കാളീ....

**ശുഭം**

## അനുബന്ധം അഞ്ച്

# കളമെഴുത്തുപാട്ടുകൾ

### ഒന്ന് : ഗണപതി

പുതുമലരവിൽ അഴകിയ കദളികുല നിലവാഴ-

പ്പഴ മവലിളനീർ വരിനെല്ലിൻ അരി ...

നെയ്യ് ശർക്കര തേങ്ങ അരിയിണ വയറോ-

ചെറുപയറടയെള്ള് .......

അലർശരമുഖനെ കുടവയറഴകേ...

വിലസ്സിന കരംകൊണ്ടമൃത് ചെയ്തരുൾക.

വറുത്തരിയും മലരുംഎള്ളും

മാമ്പഴംതൻ വളർകനിയും

വിരിപ്പവിലും ഞെരിവടയും

കുറുക്കിതൻ ശർക്കരയുരുള

കുടവയറാ അമൃത് ചെയ്തരുൾക.

അപ്പം ഇടിച്ചവിൽ എൾപ്പൊരിശർക്കര

അടയൊടുമലരവിൽ പഴം അനവധി

കൂടാതോരോന്നേ മാമ്പഴം നല്ല-

വരിക്കച്ചുളയും തേൻ മധുരമേറിന

കദളിതൻ നിറം മാനിച്ചതിങ്ങനെ

വെല്ലവും നല്ല കരിമ്പിൻ ചെറുതേനും

വെളുത്തവിലോടുതരിപ്പണം നല്ല

തെളിവുള്ള വെള്ളിത്തളിക തന്നിൽ

എല്ലാമേ അമൃത് ചെയ്തരുളുക ഗണനാഥാ

എലിമുതുകിൽ നിന്നിങ്ങരുൾ വിനകൾ തീർപ്പാൻ

**രണ്ട് : കാളി**

ആ ........ ആ ............... ആ................. ആ

മദകരിരൂപമായ് ഹരൻനല്ലോരടവിയിൽ

മലമകൾപിടിയുമായ് കളിച്ചുപോയ്നടന്ന നാൾ

ഇദവിയോരുമയവൾ ഒന്നുപെറ്റമൃതുമായ്

അഞ്ചുകൈ മൂന്ന് കണ്ണുള്ളവൾ അഴകിതെ ...

ഇടയിടെ ചുവപ്പുകൂറ അംഗികൾ ഇവയെല്ലാം

ഇടയിടെ കറുപ്പിട കലർത്തിട കലർന്നുള്ളിൽ

അതിശയമായ് ഇവയെല്ലാം വിരിച്ചുടൻ വിലാസമായ്

അലങ്കരിച്ച പന്തലിൽ ഇരുന്നരുൾ ഗണപതി.

നാലു വേദവും ഉരചെയ്തപൊരുളേ.....

നാവിന്മേൽ നടനം അരുളുക കവിമകൾ

നല്ലോരു ദൈവമോ അമ്മേ ഭഗവതി

ദൈവമോ ചേരുന്ന പൂങ്കളം താനിതേ...

ഓരാന കുംഭിയും വട്ടകയും വാളും

പൊരുത ദാരികൻ തലയും ശൂലവും കൈപ്പിടിച്ചങ്ങിനെ

ചോരയും ഈമ്പി കുടൽമാലയും ചൂടി

ചടുലമായ് കുളി പെരുമ്പടയുമായ്

കളിക്കുമമ്മ ഭഗവതിയേ...

പാരിലെ ലോകർക്ക് മാതാവായ് ഇരുന്നയമ്മേ...

ഫണിഗണങ്ങളും പനിമതിത്തെല്ലും കൊണ്ടണിഞ്ഞിടുമ്പോൾ

എല്ലാവർക്കും നല്ല ഗുണമോടെ

വരമരുളേണം പരദേവത താനിന്ന്

## മൂന്ന് : ദേവി

പൂക്കുലമാല മാന്തളിർ ചെമ്പരുത്തി

പ്പൂമലരും കുരുത്തെങ്ങിൻ ഓല നല്ലവൻപുള്ളമാലതൂക്കി

നാക്കിലതന്നിൽ വെള്ളരിവെള്ളവെറ്റില നല്ല തേങ്ങ

നിനക്കുചേരും വിളക്കോടുപീഠം ഏറിന കൂറ

വാളോ പാട്ടിനാലലങ്കരിച്ച കളത്തിൽ

വന്നുടനാടുമമ്മേ ഒരുതുണ ചെയ്ക വേണമിവർക്ക്

നന്മവരുത്തി നന്നായ് ഓതിയുണർന്നോ

വേദവ്യോ കൈതൊഴുന്നേൻ

ഒന്നല്ലോ ... മൂലതായേ...

## നാല് : പാദാദികേശം

ചെമ്പൊന്നിൻപുറവടിവിരലോ കൈതൊഴുന്നേൻ

ചേവടിത്തളിരൊത്ത തിരുപ്പാദം തൊഴുന്നേൻ

അമ്മാനക്കുഴൽവീണ നളഗീതം തൊഴുന്നേൻ

ആദരവൊടുനല്ലചിലമ്പൊലി തൊഴുന്നേൻ

തുമ്പിക്കൈത്തരമൊത്ത തിരുത്തുട തൊഴുന്നേൻ

തുകിൽപ്പട്ടിൻ പുറമെ പൊന്നുടഞ്ഞാണു തൊഴുന്നേൻ

അരയാലിന്നിലയൊത്തൊരുദരം കൈതൊഴുന്നേൻ

അലർശരനുഴിയുന്ന ചുഴിവൊ കൈതൊഴുന്നേൻ

മേരുകുന്നിനെവെന്ന തിരുമുല തൊഴുന്നേൻ

മേളം താലികൾ മാറിൽ മണിമാല തൊഴുന്നേൻ

തൃക്കൈയിലിളകുന്ന വളഞ്ഞവാൾ തൊഴുന്നേൻ

തെളിവിൽ വട്ടകശൂലം തലയോ കൈ തൊഴുന്നേൻ

ആലമ്മാറൊടുതോളും ഉരവും കൈതൊഴുന്നേൻ

കൊരലാരങ്ങളും പാമ്പും കാളികണ്ഠം തൊഴുന്നേൻ

കുഴൽ കാതിലണിഞ്ഞ കുണ്ഡലം കുംഭി തൊഴുന്നേൻ

വട്ടത്തിൽ വിളങ്ങുന്ന തിരുമുഖം തൊഴുന്നേൻ

വളഞ്ഞുള്ളോരെകിറോ പല്ലോടുനാവും തൊഴുന്നേൻ

എള്ളിൻപൂസമമൊത്ത തിരുനാസ തൊഴുന്നേൻ

ഇളകുന്ന മിഴിരണ്ടും കവിളിണ തൊഴുന്നേൻ

എരിയും തീക്കനൽക്കണ്ണും പുരികവും തൊഴുന്നേൻ

മൊട്ടച്ചാന്തണിയുന്ന തിരുനെറ്റി തൊഴുന്നേൻ

വണ്ടിൻചായലോടൊത്ത കുറുനിര തൊഴുന്നേൻ

മഴക്കാറിന്നിരുളൊത്ത തിരുമുടി തൊഴുന്നേൻ

അടിയിന്നുമുടിയോളം ഉടൽകണ്ടു തൊഴുന്നേൻ

**അഞ്ച് : കേശാദിപാദം**

കാരിരുൾ നിറമൊത്ത തിരുമുടി തൊഴുന്നേൻ

കനൽക്കണ്ണും തിരുനെറ്റിത്തിലകം കൈതൊഴുന്നേൻ

വിലസുന്നമിഴിനാസ കവിളോ കൈതൊഴുന്നേൻ

തൻചോരിഅധരം പല്ലോടുനാവുതൊഴുന്നേൻ

വാരണക്കുഴൽ കുംഭി ഇവ രണ്ടും തൊഴുന്നേൻ

മാനിച്ച കൊരലാരം അരവത്തെ തൊഴുന്നേൻ

മാറിടംവളർത്താലി മണിമാല തൊഴുന്നേൻ

മഹാമേരുനോടു വെന്ന തിരുമുല തൊഴുന്നേൻ

ദാരികൻ തലവെട്ടിപ്പിടിച്ച കൈതൊഴുന്നേൻ

തങ്കുന്നിൻ കരവാൾ വട്ടകശൂലം തൊഴുന്നേൻ

നേരാലിന്നിലയൊത്തൊരുദരം കൈതൊഴുന്നേൻ

വാരണക്കരംവെന്ന തിരുത്തുട തൊഴുന്നേൻ

വളർച്ചെപ്പോടിടങ്ങീടും മുഴങ്കാൽ കൈതൊഴുന്നേൻ

കേതകീമലരൊത്ത കണങ്കാൽ കൈതൊഴുന്നേൻ

തിരുമുടിമുതലായിട്ടടിയോളം തൊഴുന്നേൻ

അഴകേറും ഭഗവതിയെ ദിവസോം കൈതൊഴുന്നേൻ

അഴകേറും ഭഗവതിയെ കളത്തിൽ കൈതൊഴുന്നേൻ

## ആറ് : ചന്ദനശ്ശേരിക്കാവിലമ്മ

ഇഷ്ടമായ് കാട്ടാന കാതിലിടുന്നവൾ

ഇളകിനപെരുമദം പെരുത്തുപോയ് വേതാളമേറവൾ

കഷ്ടിച്ച ദാരുകന്റെ നെഞ്ചുപിളർന്നവൾ

കടുനിണം കൊണ്ടങ്ങുടനെ കൂളികൾക്കൂണായ് കൊടുപ്പവൾ

മാറ്റലരെവെട്ടി തുണ്ടമിടുന്നവൾ

മറുതലയോടങ്ങലർ തല കൊയ്തവാൾ പിടിപ്പവൾ

ഇഷ്ടമായ് വാഴുമെന്റെ ചന്ദനശ്ശേരിക്കാവിലോ
പലഗുണങ്ങളോടിണങ്ങി വാഴുന്ന ഭൈരവീ കൂപ്പുന്നേൻ
ഉസ്രക്കുവരുന്നവൾ തടുപ്പാനായുഴറി
ഉച്ചത്തിൽവിളിച്ചുപോയ് പടകൂട്ടിതടുപ്പാൻ
തുമ്പിക്കൊമ്പനെ കാതിലണിഞ്ഞും കൊണ്ടങ്ങിനെ
കോപിച്ചുവളഞ്ഞവാൾ തൃക്കൈകൊണ്ടിളിക്കി
ചെമ്പൊന്നിൻ തിരുപ്പാദം ചവിട്ടിപ്പാരിളക്കി
ചെമ്മേ ദാരികൻതല അറുത്ത തമ്പുരാട്ടി
അമ്പുറ്റും ദിവസവും ചന്ദനശ്ശേരിക്കാവിലോ
എന്നമ്മ പലകാലം തുണയ്ക്കേണം നമുക്ക്.

## ഏഴ് : ചന്ദനശ്ശേരിക്കാവിലമ്മ

ആടും പടയ്ക്കിടെ ഓടിനടന്നവൾ
ആനക്കഴുത്തിലിരുന്നട്ടഹസിച്ചവൾ
ചൂടുന്നമാല മുടിയിലണിഞ്ഞവൾ
ശൂലം കപാലങ്ങൾ കൈയിലണിഞ്ഞവൾ
ഘണ്ഡാസുരൻ തലതുണ്ടമിടുന്നവൾ
ചാമുണ്ഡിയെന്നൊരുനാമം ധരിപ്പവൾ
കുണ്ഡലം കാതിലെവാരണം പൂണ്ടവൾ
കുളിപെരുമ്പട കൂടെത്തടുപ്പവൾ
മണ്ഡലം മൂന്നിലും മുമ്പായിരുന്നവൾ
മണ്ടുന്ന ദാരികന്റെ ശിരം കൊയ്തവൾ
ഇണ്ടലൊഴിക്കുമെന്നംബ ഭഗവതി
ചന്ദനശ്ശേരിക്കാവിൽ വാഴും ഭഗവതി

## എട്ട് : കളംമായ്ക്കൽ

കാതിലാനസിംഹമിട്ട്

കാളിതന്നടിതൊഴുവാൻ പോകുമപ്പോൾ

ദാരികനെ കൊല്ലുവാനായി ദാരികപുരമെന്ന്-

ചൊല്ലീടിനാൻ നാവിലിങ്ങനെ പാടാമല്ലോ...

കുന്നടുത്ത കൊങ്കരണ്ടും സുന്ദരശ്രീകൈലാസമേ....

(ഉടമസ്ഥനോട് കളംമായ്ക്കാൻ അനുവാദം വാങ്ങി സ്തുതിച്ച്

കളംമായ്ക്കുന്നു)

**സ്തുതിപ്പ്**

'മാൻമാലവീണമണി

വട്ടക കപാലശൂലം... പാശാങ്കുശം...

പരശുവെന്നിവ കടുംതുടിയും ...

രുദ്രാക്ഷയഷ്ടി നവചന്ദ്ര ഭുജംഗലീനാം ...

ഭക്തിപ്രിയാ വരദായ നമശ്ശിവായ' (3 തവണ)

(താലം ഉഴിഞ്ഞ് കളം മായ്ക്കുന്നു).

**ശുഭം**

## അനുബന്ധം ആറ്

# ഐവർകളിപ്പാട്ടുകൾ

ചന്ദനശ്ശേരിക്കാവിലെ ഐവർകളി ആശാനായ പുള്ളോലിയ്ക്കൽ ശ്രീധരൻ പാടിത്തന്ന പാട്ടുകളാണ് താഴെ കൊടുത്തിരിക്കുന്നത്. മുടിയേറ്റി നോടനുബന്ധിച്ച് ചന്ദനശ്ശേരിക്കാവിൽ അവതരിപ്പിക്കുന്ന ഐവർകളിക്ക് തലമുറകളായി പാടിവരുന്ന ഈ പാട്ടുകൾക്ക് ലിഖിത രേഖകൾ ഇല്ല.

**ഒന്ന്**

തൊഴുതെ എൻ പാണവേ ഐവരുമൊത്തു
കുമ്പിട്ടമ്പൊടുകൂടി നിവർന്ന്
ഉഷസ്സിപാണവെ ഐവരുമൊത്ത്
നിറമൊടു പാട്ടും കളികൾ തുടങ്ങി
'ഭഗവതി'ഭദ്രേ ജയജയ കാളീ
ഇതമൊടുവന്നു തുണച്ചരുതായെ
ഞങ്ങളു പാണവരൈവരും അമ്മയും
നൂറ്റുപേരിടയിൽ ചെല്ലുന്നേരം
നൂറ്റുപേർകോലടി കൂട്ടവുമായി
ഞങ്ങളുപാണവെ ഐവരും അമ്മയും
കോലടിയൊന്നു കളിച്ചതുകാലം
മാതാവിന്നുടെ തലയുടെ ചെന്നിക്ക്
ഇടമൊടു കോലിഹ കൊണ്ടിട്ടപ്പോൾ
അയ്യോ കഷ്ടം ! തലപറിയെന്നൊരു
കളിയുമിതായി മേലിൽ മക്കളെ
വേണ്ട നമുക്കിനി ...................
ഐവർകളിക്കിഹ നിങ്ങളിരുന്ന്
മാതാവിന്നുടെ വരവുമതിട്ട്

കാളി കരാളി വല്ലഭ ജയജയ
കാളി മഹേശ്വരി ഭദ്രേ ജയജയ
ഐവർകളിക്കുവാനങ്ങരുളമ്മോ.

**രണ്ട്**

സൂര്യനുദിച്ചിദാ തകിർതിന്തിന്നം
സൂര്യത്തരുണിമാർ താനും പോയ് നീരാടി
പൂക്കിലപോലൊരു വെള്ളൊലി നെറിവെച്ച്
പുതുമെയ്യിൽ ചാന്തും കുറിയുംതൊട്ട്
വെള്ളവേഷം കുളി മേനിയാളെന്നുടെ
ഉള്ളം തെളിയുക സരസ്വതി ജയജയ
സരസ്വതി ദേവി
ചെന്താമരപൊയ്ക, കതിർക്കുലയിതളിൻമേൽ
സംഗീതം പാടിയാടിട്ടിരിക്കുമെന്റമ്മ
അമ്മാദേവിയെഴുന്നള്ളും നേരത്ത്
ദേവിനമോ നമോ പാദനമസ്തേ !
പാദനമോനമോ ദേവിനമസ്തേ !
ചന്ദനശ്ശേരീലമരും ദേവിനമസ്തേ !
അവിടെയിരുന്നരുളയ്യനും കാളീം
ഐവർകളിക്കുവരന്തരുളമ്മോ.

**മൂന്ന്**

എങ്ങുനിന്നും വന്നിടുന്നു മംഗലാംഗിതത്തേ
ഞാനുമിപ്പോഴേറ്റുമാനൂരമ്പലത്തിൽ നിന്ന്
ഏറ്റുമാനൂരമ്പലത്തിലെന്തുഘോഷം തത്തേ
ഉള്ളവാർത്തയൊക്കെയും ഞാൻ ഇണ്ടലോടെ ചൊല്ലാം

പക്ഷി മധുരംകടന്ന് പന്തലകം ചെന്ന്
എട്ടുപത്തുകൊമ്പനാന നിരനിരത്തിക്കണ്ടു
ഏഴരപ്പൊന്നാനകളെ നിരനിരത്തിക്കണ്ടു
കൊമ്പനാനത്തലയിൽ നല്ലൊരു നെറ്റിപ്പട്ടം കണ്ടു
നെറ്റിപ്പട്ടം മീതെയൊരു ദേവനെയും കണ്ടു
ദേവൻമെയ്യിൽ കോർത്തുചാർത്തിയ മാലയും ഞാൻ കണ്ടു.

**നാല്**

ചന്ദനശ്ശേരിയിൽ മേവുമംബികേ
ലോക വിശ്വവരായണി
തീർക്കണം പിഴയൊക്കെയും കൃപ
ഞങ്ങളിൽ ചൊരി അംബികേ
ആർത്തിതീർത്ത് മനപ്രസാദം
ഉദിക്കുവാൻ വരമേകണേ
ശിഷ്യരാമടിയങ്ങൾ നിൻപദ-
താരതിൽ വണങ്ങീടുന്നേ
ഓർത്തു ഞങ്ങൾ ഭജിച്ചീടുമ്പോൾ
ആത്മബോധം ഉദിക്കണേ.

**അഞ്ച്**

അമ്പിളി ചൂടിന ഹരൻ തിരുമകനെ
അംബുജ മാലയണിന്ത പുരന്താനേ
വൻപുലിചെന്ന: കറന്നൊരു ക്ഷീരം
പാണവരാലും ജ്ഞാന വിനോദം
തുമ്മൊരു നാരദ മർദിത ദേവാ
തുമ്മ വിളങ്ങിന മുത്തണിയോളെ
വർണിത മതിലും നേരിളയോനെ

അർക്കജനോതിയ ദേവാ പൊരുളേ
ആഴികടങ്ങല മത്തഴകാലെ
അഴകിയ മലയിൽ വിളങ്ങും ദേവാ
അയനേ ഹരനേ പരനേ ശിവനേ
ആമല തൻമേൽ പടയാളികളും
പച്ചക്കുടയും പവിഴക്കുടയും
മുത്തുക്കുടയും മുരിശും തകിലും
പൊന്നിൻ മുടിയും പൊൻമാലകളും
പട്ടിൻമണിയും വെഞ്ചായ്മരവും
വില്ലും ശരവും പരിചാൽ പടപണം
നായും വലയും നായാടികളും
ആറാട്ടുപുഴതന്നിൽ മേവും
നിലവയ്യാനിൻ  പെരുനിലയല്ലോ
ഐവർകളിക്ക് തുണച്ചരുളമ്മോ.

**ആറ്**

നേരെ വടക്ക് കൊടുങ്ങല്ലൂര്
വെടികൊണ്ടും പടകൊണ്ടും സഹിയല്ലാഞ്ഞ്
അവിടുന്നു മെല്ലെതിരിച്ചാളമ്മ
വൈയ്ക്കത്തു ദേവന്റെ നടയിൽ ചെന്ന്
ഗോപുരം മുട്ടിവിളി തുടങ്ങി
ആരാണി പാതുരാ രാത്രിയെങ്കിൽ
പേരറിഞ്ഞെന്നെ വിളിച്ചതാര്
പേരതും ചൊല്ലാം ഞാൻ ഇല്ലവും ചൊല്ലാം
പേരതിൽ നല്ല ശ്രീ ഭദ്രകാളി
നാടതിൽ നല്ല കൊടുങ്ങല്ലൂര്
വീടതിൽനല്ല സുരലോകത്ത്

എന്താണമ്മയെഴുന്നള്ളത്ത്

എനിക്കിരുപ്പാൻ ഭുമിതരേണം

ഒണ്ടോന്നൊരർഥത്തിൽ പകുതിതരാമെങ്കിൽ

ഭൂമിയിൽ പകുതി ഞാൻ തരുന്നേ....

അർഥക്കൊതിയന്റെ ഭൂമിയും വേണ്ട

ഭുമിക്കൊതിച്ചീടെ അർഥവും വേണ്ട

അവിടുന്നും മെല്ല തിരിച്ചാളമ്മ

പടിഞ്ഞാറ്റിടത്തിലും ചെല്ലുന്നുണ്ട്

ഗോപുരം മുട്ടിവിളിതുടങ്ങി

ആരാണിപാതുരാ രാത്രിയെങ്കിൽ

പേരറിഞ്ഞെന്നെ വിളിച്ചതാര്

പേരതും ചൊല്ലാം ഞാൻ ഇല്ലവും ചൊല്ലാം

പേരതിൽ നല്ല ശ്രീ ഭദ്രകാളി

നാടതിൽ നല്ല കൊടുങ്ങല്ലൂര്

വീടതിൽ  നല്ല സുരലോകത്ത്

എന്താണമ്മ യെഴുന്നള്ളത്ത്

എനിക്കിരുപ്പാൻ ഭൂമിതരേണം

അമ്മയ്ക്കഴകിയ ഭൂമിയേത്

നേരെ വടക്കുതെക്ക് ആറ്റിൻകരെ

വയലും കരയും കണ്ടിരിപ്പാൻ

അമ്മയ്ക്കിതെന്തെല്ലാം വേലകൾ വേണം

രേവതി അശ്വതി തുള്ളൽ വേണം

ദാരികനെക്കുത്തി തൂക്കം വേണം

കുത്തരിവെച്ചുള്ള നേദ്യം വേണം

കോഴികൾ വെട്ടി ഗുരുതിതരാമേ

ആടുകൾ വെട്ടി നടയടയ്ക്കാം

ഈ സ്തുതിദിവസോം ചൊല്ലുന്നോർക്ക്

ഇമ്പമതായികേൾക്കുന്നോർക്ക്
ഭക്തിയതായി കഴിക്കുന്നോർക്ക്
സൽപരമായ ഗുണങ്ങൾ വരുത്തി
സന്തതിയും തറവാട്ടും വർധിച്ച്
കൊടുങ്ങല്ലൂർക്കങ്ങെഴുന്നള്ളമ്മോ
അവിടെയിരുന്നരുളയ്യനും കാളീം
ഐവർകളിക്കുവരന്തരുളമ്മോ.

ഏഴ്

അറുവരിലിളയവൾ  കണ്ണൻകാളി
ശ്രീകൈലാസത്തെഴുന്നള്ളമ്മോ
വൈയ്ക്കമിരുന്നതിലച്ഛൻ തന്റെ
പൊയ്ക്കളപോയ് മറയെന്നിനിയെന്ന്
പേ പറയല്ലേ അരയ്ക്കാനീയും
വാൽമേൽ നിന്നിതാ താഴെയിറങ്ങി
ഊഴിയിൽ പുലയവരായുള്ളൊരമ്പത്
ഊനമറ്റരചൻ ഗുരുതിയിരുപ്പത്
വാദ്യവും കളിതാൻ നിങ്ങൾ പലരെയും
വാട്ടാർ മെല്ലെയരങ്ങത്തനാഥവും
നാട്ടിൽ നീണ്ട അരചനെ തൊഴുവാൻ
പാരിൽത്തരുക ഭദ്രേ നമുക്കിമ്പം
ദോഷമൊഴിച്ചിടുവതിന്നിഹ
തൊഴുതു പലസ്തുതി സ്തുതിച്ചും വിട്ട്
ഐവർകളിക്കുവരന്തരുളമ്മോ.

## അനുബന്ധം ഏഴ്

# മുടിയേറ്റിന് പ്രചാരമുള്ള ജില്ലകളുടെ ചിത്രസൂചി

